Phone-No. 2972

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

വാല്യം 5 | ജൂലൈ 1953 | ലക്കം 7

## വിഷയവിവരം

*

പുറം

1. പത്രാധിപവീഥി .... 1
   മലയാളം നിഘണ്ടു .... ....
   ശ്രീ. കെ. ആർ. കൃഷ്ണപിള്ള
   സമുദായസേവാസംഘങ്ങൾ .... ....
2. മലയാള സാഹിത്യം ... .... 5
   ഡാക്ടർ എസ്. കെ. നായർ
3. ഗ്രന്ഥശാലകളുടെ ആവശ്യകത .... 9
   വടക്കുങ്കൂർ രാജരാജവർമ്മ രാജാ
4. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ .... 13
   എം. ആർ. ബാലകൃഷ്ണവാരിയർ
5. ചന്ദ്രബിംബത്തിലെ കളങ്കം .... .... 21
   എസ്. പരമേശ്വരൻ
6. ഒരു ഗ്രന്ഥശാലാപ്രദർശനം .... .... 24
   എം. തോമസ്സ്
7. ഒരു യാത്രാവിവരണം .... .... 29
   ഡാക്ടർ. കെ. രാഘവൻപിള്ള
8. ഗ്രന്ഥനിരീക്ഷണം .... .... 35
   i ജീവിതസമരം — പി. ദാമോദരൻപിള്ള
   ii ശൈലീപ്രദീപം — വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
   iii ലളിത — }
   iv തളിരുകൾ — } എൻ. കൃഷ്ണക്കൈമൾ
9. ഗ്രന്ഥശാലാവാർത്തകൾ .... .... 43



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒററപ്രതി അണ 8.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.
ടി 2. ശ്രീ. ഏ. അച്യുതൻ ബി. ഏ. ബി. എൽ., എം. എൽ. ഏ.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എം. എം. ജാൺ
ബി. ഏ; എം. എസ്സ്സി. (ട്രഷറർ)
,, സി. ശങ്കർ എം. എൽ. ഏ.
,, കെ ചന്ദ്രശേഖരൻനായർ
(പ്ര: സ: അംഗം)
,, വേളി. കെ. കൃഷ്ണൻനായർ ബി. ഏ.
,, ഡി. കൃഷ്ണൻപോററി ബി. ഏ.
,, കെ. ജനാർദ്ദനക്കുറുപ്പ്
,, സി. കെ. മാണി ബി. ഏ., ബി എൽ.
,, എൻ. പി. വർഗ്ഗീസ്
ബി. ഏ., ബി. എൽ., എം. എൽ. ഏ.
(പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ജോയിൻറ് സെക്രട്ടറി)
,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)
,, സി. ഈ. സൈമൺ ബി. ഏ.
,, പി. വി. കൃഷ്ണൻനായർ എം. ഏ.
,, വി ആർ. കൃഷ്ണനെഴുത്തച്ഛൻ
ബി. ഏ. ബി. എൽ., എം. എൽ. ഏ.
,, ഡാ: പി. കെ. നാരായണപിള്ള
എം. ഏ. പി. എച്ച്ഡി.
,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. ഏ.
,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്
ബി. ഏ.


## കുമരകം ബ്രദേഴ്സ് ആര്യവൈദ്യശാല
മെയിൻറോഡ്, തിരുവനന്തപുരം

### സപ്താമൃതരസായനം

അസ്ഥിസ്രാവം, പൂയമേഹം (GONORRHOEA) ശ്വേതപ്രദരം (LEUCORRHOEA) മുതലായ ഗുഹ്യരോഗങ്ങൾ നിമിത്തം കഷ്ടത അനുഭവിക്കുന്ന സ്ത്രീപുരുഷന്മാർക്ക് ഞങ്ങളുടെ "സപ്താമൃതരസായനം" അത്ഭുതഫലത്തെ ചെയ്യുന്നതാണ്.

N. B. വിശിഷ്ടഫലപ്രദങ്ങളായ ദശമൂലാരിഷ്ടം, കസ്തൂര്യാദി ഗുളിക, ക്ഷീരബല (ആവർത്തിച്ചതു്) ച്യവനപ്രാശം തുടങ്ങിയ ആയുർവ്വേദ ഔഷധങ്ങളും ഇവിടെ കിട്ടുന്നതാണ്.

*MANAGER*

**KUMARAKOM BROS., ARYA VAIDYASALA TRIVANDRUM**

# ഗ്രന്ഥാലോകം

മാനേജിംഗ് എഡിററർ: പി. ശ്രീധരൻപിള്ള.

വാല്യം 5 | ജൂലായ് 1953 | ലക്കം 7

# പത്രാധിപവീഥി

## 1. മലയാളം നിഘണ്ടു.

തിരുവിതാംകൂർ സർവകലാശാലയുടെ സ്ഥാപനഘട്ടം മുതൽക്കുതന്നെ അതിന്റെ ബഹുമുഖമായ പ്രവർത്തനലക്ഷ്യങ്ങളിലൊന്നു് സർവാംഗക്ഷമമായ ഒരു മലയാളം നിഘണ്ടു നിർമ്മിക്കുന്ന കാര്യമാണു് എന്നു കേട്ടിരുന്നു. സുമാർ മൂന്നുകൊല്ലത്തിനുമുമ്പു്, അങ്ങനെയുള്ള നിഘണ്ടുവിന്റെ നിർമ്മിതിയ്ക്കു് പ്രഗത്ഭനായ ഒരു ചീഫ് എഡിററരേയും, മററു സിൽബന്തികളേയും നിയമിക്കാൻ ഗൗരവമായ ആലോചനകൾ നടക്കുന്നതായും പ്രസ്താവിക്കപ്പെട്ടു. കരിണീപ്രസവംപോലെ നീണ്ടുപോയ പ്രസ്തുത നിയമനം ഈ മാസം ആദ്യം തിരുവിതാംകൂർ കൊച്ചി ഗവണ്മെൻറിന്റെ ഇടപെടൽ നിമിത്തം സാധിതപ്രായമായിത്തീർന്നതിൽ ഭാഷാഭിമാനികളായ ഏവർക്കും സന്തോഷത്തിനേ വകയുള്ളു.

നിഘണ്ടു നിർമ്മാണത്തിന്റെ പ്രവർത്തനസാരഥ്യം വഹിക്കാൻ പല പേരുകളും അണിയറയിലും അരങ്ങത്തും കേട്ടതിനും കേൾപ്പിച്ചതിനും ശേഷം അവസാനമായി ആ ഭാരിച്ച ചുമതല അധികൃതമായി നിക്ഷിപ്തമായിരിക്കുന്നതു് ശ്രീ. ശൂരനാട്ടു പി.എൻ. കുഞ്ഞൻപിള്ള എം.എ. യിലാണു്. വളരെ ഉചിതമായിട്ടുണ്ടു് ഈ നിയമനം എന്നുള്ളതിൽ രണ്ടുപക്ഷമില്ല. ശ്രീ. കുഞ്ഞൻപിള്ള ഇംഗ്ലീഷ്, സംസ്കൃതം, മലയാളം എന്നീ മൂന്നു ഭാഷകളിലും മദ്രാസ് സർവകലാശാലയുടെ എം. എ. ബിരുദം കൈക്കലാക്കിയിട്ടുള്ള പണ്ഡിതനാണു്. അദ്ദേഹത്തിന്റെ രണ്ടു ദശകത്തോളം നീണ്ടതായ സാഹിത്യപ്രവർത്തനങ്ങളും അദ്ദേഹത്തെ ഈ ജോലിയ്ക്കു പ്രത്യേകമായും പ്രാപ്തനെന്നു സംവദിപ്പിക്കുവാൻ പര്യാപ്തമാണു്. ശുദ്ധസാഹിത്യത്തിലെന്നു മാത്രമല്ല സാഹിത്യഗവേഷണത്തിലും ശ്രീ. പിള്ള ഉന്നത സ്കന്ധനായിത്തന്നെ നിലകൊള്ളുന്നു. ലീലാതിലകത്തിന്റെ സമഗ്രവും സഹൃദയാഭിഗമ്യവുമായ ടീകയുടെ കാരകനെന്ന നിലയിലും, ഉണ്ണുനീലി സന്ദേശത്തിന്റെ കാലം കവി തുടങ്ങിയ പശ്ചാത്തലങ്ങളെ നിർണ്ണയിപ്പാൻ പണിപ്പെടുന്ന പണ്ഡിതസേനയിലെ നടപ്പന്തിക്കാരൻ എന്ന നിലയിലും അദ്ദേഹം മലയാണ്മയുടെ ഇരുളടഞ്ഞ മുക്കുമൂലകളിൽ വെളിച്ചം വീശുവാൻ ചെയ്തിട്ടുള്ള യത്നങ്ങൾ നിസ്സാരങ്ങളോ നിഷ്ഫലങ്ങളോ അല്ല. 'വന്ധ്യം ശമിക്കരിശമെന്നറിവാനൊട്ടക്കം വിന്ധ്യപ്രഭേദിമുനിസഹ്യമതിൽ തപിപ്പാൻ' പോന്നതുമുതൽത്തുടങ്ങി പോർത്തുഗീസുകാരും ഡച്ചുകാരും ഒക്കെ കമ്പോളം തിരക്കി കടൽതാണ്ടി വന്നെത്തിയതുവരെയുള്ള കേരളചരിത്രത്തിലും ശ്രീ. കുഞ്ഞൻപിള്ള അതീവ നിഷ്ണാതനാണെന്നു് അദ്ദേഹത്തിന്റെ ഏതദ്വിഷയകമായ കൃതികൾ—ഇവയിൽ ചിലതൊക്കെ ഇംഗ്ലീഷിലാണു്—സാക്ഷ്യം വഹിക്കുന്നു. തിരുവിതാംകൂർ കൊച്ചി സംയോജനം നിമിത്തം

ഇപ്പോൾ ഏറെക്കുറെ അപ്രസക്തമായിത്തീർന്നിരിക്കുന്ന തിരുവിതാംകൂർ സ്റ്റേറ്റ്മാനുവലിന്റെ പ്രസക്തി തുടർന്നുപോകാനിടയുള്ള ഭാഗങ്ങൾ—മലയാളസാഹിത്യത്തേയും, വേണാട്ടു രാജവംശത്തേയും സംബന്ധിച്ച നിബന്ധനങ്ങൾ—എഴുതിയുണ്ടാക്കിയതും അദ്ദേഹമാണെന്നാണു ഞങ്ങളുടെ അറിവ്.

ഇങ്ങനെ ഒരു നിഘണ്ടു നിർമ്മാണത്തിനു വേണ്ടതായ ഭാഷാ പാണ്ഡിത്യത്തിനും ഗവേഷണവൈദഗ്ദ്ധ്യത്തിനും പുറമേ, അതിന്റെ സമ്യക്കായ പുരോഗതിയ്ക്കും, കാര്യക്ഷമമായ പ്രവർത്തനത്തേയ്ക്കും, തൃപ്തികരമായ പരിസമാപ്തിക്കും ആവശ്യമായ അവധാനതയും, സംഘടനാചാതുര്യവും, ഭരണപരിചയവും എല്ലാം ശ്രീ. പിള്ളയിൽ പുഷ്കലമായിരിക്കുന്നു എന്നുള്ളതിനു് അദ്ദേഹത്തിന്റെ കഴിഞ്ഞ പതിനെട്ടുകൊല്ലത്തെ ഔദ്യോഗിക ജീവിതം സാക്ഷ്യം വഹിക്കുന്നതുമാണ്.

തിരുവനന്തപുരം മഹാരാജാസ് കോളേജിൽ മലയാളം ലക്ചററായി സർവീസിൽ പ്രവേശിച്ച ശ്രീ. പിള്ള ഏറെനാൾ കഴിയുമ്മുമ്പ്, ഹജൂർ സിക്രട്ടേറിയറ്റിൽ ഒരു സൂപ്രണ്ടായി നിയമിക്കപ്പെട്ടു. വട്ടെഴുത്ത്, കോലെഴുത്ത്, ചെന്തമിഴ്, മലയാണ്മ എന്നിങ്ങനെ നാട്ടുഭാഷകളിലുള്ള ഗവണ്മെന്റുരേഖകളുടെ മേൽനോട്ടമേൽപ്പെട്ട വകുപ്പിലേക്കാണ് അദ്ദേഹം ആദ്യം നിയമിതനായത്. സ്വന്തമായ ജോലിയിൽ പ്രകടിപ്പിച്ച ശുഷ്കാന്തിയും തന്റെ അസാമാന്യമായ അനുരഞ്ജകസ്വഭാവവും നിമിത്തം അദ്ദേഹം അചിരേണ അന്നൊക്കെ അഭികാമ്യമായിരുന്ന അസിസ്റ്റന്റ് സെക്രട്ടറി എന്ന പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു. വിദ്യാഭ്യാസവകുപ്പിന്റെ അസിസ്റ്റന്റ് സെക്രട്ടറി എന്ന നിലയിൽ, ശ്രീ. കുഞ്ഞൻപിള്ള നാട്ടിനും നാട്ടാർക്കും, മാതൃഭാഷയ്ക്കും വേണ്ടി അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങൾ ശ്ലാഘാർഹങ്ങളാണ്. ഇന്നാട്ടിലെ ഗ്രന്ഥശാലാപ്രസ്ഥാനം ഇന്നത്തെ നിലയിലെത്തിക്കുവാൻ ഔദ്യോഗികമായും അല്ലാതെയുമുള്ള തന്റെ കഴിവുകളെ നിർല്ലോഭം ഉപയോഗിച്ച സഹൃദയരിൽ ഒരാളാണ് ശ്രീ. കുഞ്ഞൻപിള്ളയെന്ന വസ്തുതയും ഇവിടെ രേഖപ്പെടുത്തുവാൻ ഞങ്ങൾക്കു സന്തോഷമുണ്ട്.

ഇപ്രകാരം, പാണ്ഡിത്യവും പാകതയും, ഭരണപരിചയവും എല്ലാം തികഞ്ഞ ഒരു വ്യക്തിയെത്തന്നെ മലയാളം നിഘണ്ടു നിർമ്മാണശാഖയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്ത ഗവണ്മെന്റിനേയും, അതിനെ പ്രശ്രയപൂർവം അംഗീകരിച്ച സർവകലാശാലക്കാരേയും അഭിനന്ദിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. എന്നാൽ പ്രസ്തുതനിഘണ്ടു ഉണ്ടാക്കേണ്ടതിന് അനുവദിച്ചുകൊടുത്തിരിക്കുന്ന സമയം—മൂന്നുവർഷം—ഈ വമ്പിച്ചജോലിക്ക് തീരെ അപര്യാപ്തമാണെന്നും ചൂണ്ടിക്കാണിക്കേണ്ടതായുണ്ട്. മദ്രാസ് സർവകലാശാലയുടെ ആഭിമുഖ്യത്തിൽ പത്തോ ഇരുപത്തഞ്ചോ അടങ്ങുന്ന ഒരു പണ്ഡിതസംഘം പതിനഞ്ചിൽപരം വർഷം ഇടതടവെന്യേ പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് തമിഴിൽ ഒരു ശബ്ദകോശം രൂപമെടുത്തത് എന്നു കേട്ടിട്ടുണ്ട്. ആ സ്ഥിതിക്ക്, സമീപനവിധങ്ങളും, പ്രവർത്തനരീതികളും, ഗവേഷണപരിധികളും ഏതാണ്ട് തമിഴിനോടൊപ്പം തന്നെ വിവിധവും, വിപുലവുമായ മലയാളത്തിൽ, ഏറ്റവും ചുരുങ്ങിയ കാലമായ ഈ മൂന്നു വർഷത്തിനുള്ളിൽ ബഹുജനം ആശിക്കുന്നതുപോലെ എല്ലാ പ്രകാരത്തിലും സമ്പൂർണ്ണമായ ഒരു നിഘണ്ടു ഉരുപ്പിടിച്ചെടുപ്പാൻ സാദ്ധ്യമായ് വരികയില്ലെന്നുതന്നെ വേണം കരുതുവാൻ. നിഘണ്ടുവിൽ എന്തെല്ലാം അടങ്ങണം, അങ്ങനെ അടക്കേണ്ടവയുടെ ഉല്പത്തിസ്ഥാനങ്ങൾ ഏതെല്ലാം, പരിശോധിക്കേണ്ട ഗ്രന്ഥങ്ങളും സാഹിത്യവും എന്തെല്ലാം, എന്നും മറ്റും സുനിശ്ചിതമായി തീരുമാനിച്ച്, അതിന്റെ ഒരു ശില്പകങ്കാളം ആസൂത്രണം ചെയ്‌വാൻ പോലും ഒരു മൂന്നു വർഷത്തിൽ കുറയാതെ വേണ്ടിവന്നേക്കുമെന്നാണ് തോന്നുന്നത്. അല്ലാതെ ഈ ജോലിയിൽ ശ്രീ. കുഞ്ഞൻപിള്ളയെ സഹായിക്കുവാനായി മേലിൽ നിയമിക്കപ്പെടാൻ പോകുന്ന പണ്ഡിതസമൂഹവും അദ്ദേഹവും ഒത്തൊരുമിച്ച് അഹോരാത്രം പ്രവർത്തിച്ചാലും ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ പണി തൃപ്തികരമായി മുഴുമി

ക്കാൻ ഒക്കുമോ എന്ന സംശയമാണ്. അങ്ങനെ ധൃതിവച്ച് കിട്ടുന്ന വാക്കുകളെമാത്രം കൂട്ടിച്ചേർത്ത് അനവധാനതയോടെ തയ്യാറാക്കപ്പെടുന്ന അപൂർണ്ണമായ ഒരു കോശഗ്രന്ഥമല്ലാ നമ്മുടെ ലക്ഷ്യം. സമസ്തപദ സമ്പൂർണ്ണവും, സർവഥാ സ്വയംപര്യാപ്തവും, പണ്ഡിതന്മാർ, ഗവേഷകന്മാർ അദ്ധ്യാപകന്മാർ സാമാന്യജനങ്ങൾ എന്നിങ്ങനെ ദിനാവശ്യക്കാരായ ഏവർക്കും സമാദരണീയവുമായ ഒരു പദക്കലവറയാണ്, നമുക്കാവശ്യം.

ഇങ്ങനെയുള്ള ഒരു മഹാഗ്രന്ഥത്തിന്റെ ആവിഷ്കരണത്തിനുള്ള ഉദ്യമത്തിന് സമയലോഭമോ ധനലോഭമോ ആധാരമായുള്ള തടസ്സങ്ങൾ വിലങ്ങടിച്ചു നിന്നുകൂടാത്തതാണ്. ആകയാൽ മൂന്നുവർഷമെന്നുള്ള കാലപരിമിതി ശ്രീ. കുഞ്ഞൻപിള്ളയുടെ നിയമനത്തിന്റെ ആദ്യഘട്ടത്തെമാത്രം കുറിക്കുന്നതെന്നും, അല്ലാതെ നിഘണ്ടു പൂർത്തിയാക്കാനുള്ള ക്ലിപ്തസമയമല്ലെന്നും ഞങ്ങൾ വിചാരിക്കുന്നു. ഈ ഊഹം ശരിയാണെങ്കിൽ, പൊതുജനങ്ങൾ ചിരകാലം അഭിവാഞ്ഛിച്ചുകൊണ്ടിരുന്ന നിഘണ്ടു നിർമ്മാണപരിപാടി ഫലകോടിയിൽ എത്തിക്കാനായുള്ള ഈ ആദ്യനടപടികൾ ബോധപൂർവം സ്വീകരിച്ച തിരു-കൊച്ചി ഗവണ്മെന്റും, സർവകലാശാല അധികൃതരും അനുമോദനാർഹരാണ്.

## 2. ശ്രീ. കെ. ആർ. കൃഷ്ണപിള്ള

സത്യനിഷ്ഠനായ സാഹിത്യഗവേഷകൻ, മർമ്മം ചൂണ്ടിക്കാണിക്കാൻ കെല്പും കഴിവുമുള്ള നിരൂപകൻ, അവക്രതയും, ആർജ്ജവവും, ആത്മാർത്ഥതയുമുള്ള സരസഗദ്യകാരൻ എന്നീ സിദ്ധിത്രയങ്ങളോടുകൂടിയ ഒരുജ്ജ്വല ഭാഷാഭിമാനിയായിരുന്നു ഇക്കഴിഞ്ഞ ജൂൺ പതിനേഴാം തീയതി അന്തരിച്ച ശ്രീ. കെ. ആർ. കൃഷ്ണപിള്ള. എൺപത്തിയാറിൽ പരം കൊല്ലം ജീവിച്ചിരുന്ന ആ ദീർഘായുഷ്മാൻ, അവസാനംവരെയും ഭാഷാപോഷണത്തിൽ ശ്രദ്ധാലുവായിരുന്നു എന്ന് അല്പകാലം മുമ്പു പ്രസിദ്ധംചെയ്ത "നളബാഹുകം" എന്ന ഗവേഷണപരമായ ഗദ്യലേഖനം തെളിയിക്കുന്നു. അന്നുവരെ അമുദ്രിതമായിരുന്ന രാമപുരത്തു വാരിയരുടെ അതിസരസമായ കുചേലവൃത്തം വഞ്ചിപ്പാട്ടിനെ തേടിപ്പിടിച്ച് പിഴകൾ തീർത്ത് വിജ്ഞാനപ്രദവും നിരൂപണാത്മകവുമായ ഒരവതാരികസഹിതം ബഹുജനസമക്ഷം ആദ്യമായി അവതരിപ്പിച്ചതു് ഈ പണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ തിരുവിതാംകൂർ ചരിത്രകഥകൾ വായിച്ചുപഠിക്കാത്തവരായി 40-നും 60-നും ഇടയ്ക്കു പ്രായമുള്ളവരാരും തന്നെ ഈ നാട്ടിൽ കാണുകയില്ല. ഒരുപന്യാസകാരൻ എന്ന നിലയിലും, നവീന ശാസ്ത്രതത്വങ്ങളെ ആസ്പദമാക്കി ലഘുപ്രബന്ധങ്ങൾ നിർമ്മിച്ച ആൾ എന്ന നിലയിലും ശ്രീ. കെ. ആറിന് ഭാഷയിലുള്ള 'എലാൻ' സ്ഥാനം പിൽക്കാലത്ത് പലർക്കും മാർഗ്ഗദർശകമായിട്ടുള്ള ഒന്നുതന്നെയാണ്. കോളേജിൽ ഭാഷാപണ്ഡിതനായും, സ്കൂൾ ഹെഡ്മാസ്റ്ററായും, ഹജൂരിലെ ഹെഡ് ട്രാൻസ്ലേറ്ററായും സർക്കാർ ഉദ്യോഗങ്ങൾ വഹിച്ചിരുന്ന അദ്ദേഹത്തിന് വളരെ ചുരുങ്ങിയ ചില കാലഘട്ടങ്ങളിലൊഴികെ, ഭാഷയുമായി ഉററസമ്പർക്കം പുലർത്താൻ തന്റെ ഔദ്യോഗികജീവിതവും സഹായകമായിത്തന്നെ ഇരുന്നു.

സ്വന്തനിലയിൽ ഒരൊന്നാംകിട സാഹിത്യകാരൻ എന്നു മാത്രമല്ല, സാഹിത്യകാരന്മാരെയും സാഹിത്യകുതുകികളെയും ഭാഷാസേവനത്തിൽ ഉത്തേജിപ്പിക്കുന്നതിനും, അവർക്ക് സർവതോഭദ്രമായ സാഹായ്യഹസ്തം അർപ്പിക്കുന്നതിനും, എപ്പോഴും സന്നദ്ധനുമായിരുന്ന ശ്രീ. കെ. ആർ. അദ്ദേഹത്തിന്റെ നിരന്തര സാഹചര്യവും പ്രോത്സാഹനവും നിമിത്തമാണ് സി. വി. രാമൻപിള്ള തന്റെ അത്യുത്തമകൃതിയായ "ധർമ്മരാജാ" എന്ന ആഖ്യായിക അതിപ്പോൾ നമുക്കു ലഭിച്ചിട്ടുള്ള രൂപത്തിൽ എഴുതിമുഴുമിച്ചതു് എന്നുള്ള വസ്തുത പരക്കെ അറിയപ്പെട്ടിട്ടില്ലാത്ത ഒരു പരമാർത്ഥം മാത്രമാണ്. മററുള്ളവരുടെ കൃതികൾക്ക് അദ്ദേഹം എഴുതിയിട്ടുള്ള അവതാരികകൾമാത്രം ശേഖരിച്ചാൽ ഉൾക്കട്ടിയും മെയ്ക്കനവുമുള്ള രണ്ടു ഗ്രന്ഥങ്ങൾക്കു വരും. കഴിഞ്ഞുപോയ തലമുറകളിൽ, സി. വി; പി. കെ; ഉള്ളൂർ, ഏ. ആർ. രാജരാജവർമ്മ എന്നിവരും ജീവിച്ചിരിപ്പുള്ളവരിൽ ആററൂർ,

ഏ. ഗോപാലമേനോൻ തുടങ്ങിയവരും അദ്ദേഹത്തിൻെറ ആപ്തമിത്രങ്ങളും, സാഹിത്യപരമായി ഉററ സമ്പക്കം പുലത്തിപ്പോന്നവരുമായിരുന്നു.

കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ നിർദ്ദേശം അനുസരിച്ച് തിരുവിതാംകൂറിൽ ഒരു പാഠ്യപുസ്തകക്കമ്മിററി ഉണ്ടാക്കിയ ആദ്യഘട്ടം മുതൽക്ക് ഉദ്ദേശം ഇരുപതുകൊല്ലം മുമ്പുവരെ ശ്രീ. കെ. ആർ. തുടർച്ചയായി അതിലെ ഒരംഗവും, മിക്കവാറം അതിൻെറ സംയോജകനുമായിരുന്നു. ഈ നിലകളിൽ, ഭാഷയിൽ നല്ല നല്ല ഗ്രന്ഥങ്ങൾ നിർമ്മിക്കാൻ അദ്ദേഹം രണ്ടിലധികം തലമുറയിലെ എഴുത്തുകാരെ പ്രേരിപ്പിക്കയും, അവക്ക മാതൃകകൾ ചൂണ്ടിക്കാണിക്കയും ചെയ്ത് ആ വഴിക്കും സ്ഥായിയായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഇന്നത്തെ മലയാള ഗദ്യത്തിൻെറ ബീജാവാപം ചെയ്തത് കേരളവമ്മ വലിയകോയിത്തമ്പുരാനാണെങ്കിൽ അതിൻെറ ബഹുമുഖമായ പുഷ്ടിയ്ക്കും വളച്ചയ്ക്കും തന്നെയല്ല ഉറപ്പിനും ഭംഗിക്കും ആയി അടിത്തറ കെട്ടുകയും, വളമിടുകയും നനയ്ക്കുകയുമെല്ലാം ചെയ്ത എട്ടോ പത്തോ പേരുടെ കൂട്ടത്തിൽ ശ്രീ. കെ. ആർ. കൃഷ്ണപിള്ളയ്ക്കും സമാദരണീയമായ ഒരു സ്ഥാനംതന്നെയാണുള്ളത്. പണ്ഡിതനും പക്വമതിയുമായിരുന്ന അദ്ദേഹം തൻെറ ജീവിതത്തിൻെറ ഉത്തരഭാഗത്തിലും ഭാഷാവിഷയകമായി അതിനു മുമ്പത്തെപ്പോലെതന്നെ പരിശ്രമിച്ച് നമ്മെ ധന്യരാക്കിയില്ലല്ലോ എന്നത് ഖേദത്തിനവകാശമുള്ള ഒരു കാര്യമാണ്. ഏതായാലും അദ്ദേഹത്തിൻെറ നിര്യാണത്തിൽ സൗമ്യനും സമചിത്തനുമായ ഒരു സാഹിത്യോപാസകൻെറ നഷ്ടമാണു നമുക്കുണ്ടായിട്ടുള്ളത്.

## 3. സമുദായ സേവാസംഘങ്ങൾ

തിരുവിതാംകൂർ-കൊച്ചി വയോജനവിദ്യാഭ്യാസബോർഡിൻെറ ആഭിമുഖ്യത്തിൽ നാട്ടിലെ സ്കൂളുകളിലും കോളേജുകളിലും ഉള്ള വിദ്യാത്ഥികൾക്ക് സമുദായ സേവനത്തിൽ പരിശീലനം നല്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. അതിൻെറ നാനാമുഖങ്ങളായ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രധാനങ്ങൾ ഇവയാണ്:

1. വിദ്യാത്ഥികളെ സൃഷ്ടിപരമായ കാര്യങ്ങളിൽ നേതൃത്വം കൊടുക്കുന്നതിന് പരിശീലിപ്പിക്കുക

2. യുവസഹജമായുള്ള സേവനസന്നദ്ധതയ്ക്കും ത്യാഗബുദ്ധിക്കും ഉത്തേജനവും വികാസസാദ്ധ്യതയും നല്കുക.

3. അവരിൽ സഹകരണമനസ്ഥിതിയും സംഘടിത യത്നങ്ങളിൽ ഉത്സാഹവും ഉളവാക്കുക.

4. സൃഷ്ടിപരങ്ങളായ സാമൂഹ്യപ്രവത്തനങ്ങൾക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുക.

5. സ്റ്റേററ് ഏറെറടുത്തിട്ടുള്ള ദേശീയോദ്ധാരണ പരിപാടികളിൽ പങ്കെടുക്കുന്നതിനു വിദ്യാത്ഥികളെ സന്നദ്ധരാക്കുക.

കോളേജുകളിലും ഹൈസ്കൂളുകളിലും അദ്ധ്യയനം നടത്തുന്നവരും മേൽപ്പറഞ്ഞ ഉദ്ദേശങ്ങളിൽ വിശ്വാസം പ്രതിജ്ഞ ചെയ്യുന്നവരുമായ എല്ലാ വിദ്യാത്ഥികൾക്കും ഈ സംഘടനയിൽ (ലീഗിൽ) അംഗങ്ങളായിച്ചേരാവുന്നതാണത്രേ. ഓരോ സ്ഥാപനത്തിലേയും ലീഗ് അംഗങ്ങളുടെ സംഖ്യയുടെ അനുപാതം അനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന അഞ്ചുമുതൽ പത്തുവരെയുള്ള വിദ്യാത്ഥികൾ ഉൾപ്പെട്ട ഒരു പ്രവത്തകസമിതി പ്രസ്തുത ലീഗിൻെറ ഭരണഭാരം വഹിക്കുന്നതായിരിക്കും. ആണ്ടോടാണ്ടു പുതുതായി തിരഞ്ഞെടുക്കപ്പെടേണ്ട ഈ ഭരണസമിതിക്ക് ഒരു നേതാവും ഉപനേതാവും, കാര്യദർശിയും ഉണ്ടായിരിക്കും. അതാതു സ്ഥാപനത്തിലെ പ്രിൻസിപ്പലോ ഹെഡ്മാസ്റ്ററോ ആയിരിക്കും ലീഗിൻെറ അദ്ധ്യക്ഷനും ഖജാൻജിയും.

തങ്ങളുടെ കോളേജിനോ സ്കൂളിനോ തൊട്ടടുത്തുള്ള സ്ഥലങ്ങളിലെ പ്രായപൂത്തിയെത്തിയ ആളുകളുടെ ഇടയിലുള്ള നിരക്ഷരത അവസാനിപ്പിക്ക, അവിടങ്ങളിലുള്ള ചുമതലപ്പെട്ട സക്കാർ ഉദ്യോഗസ്ഥന്മാരുടെ സഹകരണത്തോടുകൂടി കൃഷി വികസനത്തിനും ആരോഗ്യരക്ഷയ്ക്കും പ്രയോജകീഭവിക്കുന്ന പ്രഭാഷണങ്ങൾ, പ്രയോഗ

(ശേഷം 31-ാം പേജിൽ)

# മലയാള സാഹിത്യം

[ഇല്ലസ്റ്റ്രേറ്റഡ് വീക്ക്‌ലി അഫ് ഇൻഡ്യാ എന്ന ചിത്രവാരികയിൽ 'ഇന്നത്തെ ഇൻഡ്യൻസാഹിത്യം' എന്നൊരു ലേഖനപരമ്പര പ്രസിദ്ധപ്പെടുത്തിവരുന്നു; ഓരോ ഇൻഡ്യൻഭാഷയുടെയും തൽകാല നിലവാരത്തിന്റെയും പ്രവണതകളുടെയും ഒരു ചുരുങ്ങിയ ചരിത്രം. ഇതിൽ രണ്ടാമതായി പ്രസിദ്ധപ്പെടുത്തിയതു് മലയാളഭാഷയെപ്പററിയായിരുന്നു. ആ ലേഖനത്തിന്റെ തർജ്ജിമയാണ് ചുവടേ ചേക്കുന്നതു്. ലേഖകൻ ഡാക്ടർ എസ്. കെ. നായർ. വിവർത്തകൻ കെ. ആർ. പി.]

ദ്രാവിഡഗോത്രത്തിലെ ഒരു പ്രമുഖാംഗമായ മലയാളം ഏതാണ്ടു് ഒരു കോടിയിൽപരം ജനങ്ങൾ ഉപയോഗിച്ചുവരുന്ന ഒരു ഭാഷയത്രേ. ആര്യദ്രാവിഡാംശങ്ങൾ ഉൾക്കൊള്ളുന്ന ഈ ഭാഷയ്ക്കു് എ.ഡി. 9ാം ശതകത്തിലെ അതിന്റെ ആരംഭഘട്ടം തുടങ്ങി സ്വകീയമായ ചില പ്രത്യേകതകൾ കാണ്മാനുണ്ടു്. തനതായ നാടൻപാട്ടുരീതിയും, സംസ്കൃതത്തോടു സങ്കരപ്പെട്ടിരിയ്ക്കുന്ന മണിപ്രവാളരീതിയും ആയിരുന്നു അതിന്റെ രണ്ടു പ്രത്യേകതകൾ. മധ്യകാല മലയാളസാഹിത്യത്തിന്റെ ഒരു നല്ലഅംശം മണിപ്രവാളത്തിൽ ആണത്രേ രൂപപ്പെട്ടതു്. സംസ്കൃതസാഹിത്യചരിത്രത്തിലെ എല്ലാ പ്രധാനവിഭാഗങ്ങളും മഹാകാവ്യം, സന്ദേശകാവ്യം, ചമ്പു, നാടകം ഇവയെല്ലാം മണിപ്രവാള കാവ്യത്തിൽ പ്രതിനിധാനം ചെയ്യപ്പെട്ടിരുന്നു. സ്വദേശീയമായ കവിതാരീതി—അതായതു് നാടൻപാട്ടു്—കിളിപ്പാട്ടു്, വഞ്ചിപ്പാട്ടു്, തുള്ളൽപാട്ടു്, കൈകൊട്ടിക്കളിപ്പാട്ടു് എന്നിങ്ങനെ പലതരത്തിൽ രൂപംകൊണ്ടിരുന്നു.

എന്നാൽ സ്വദേശീയമായ ഈ രീതി കൈകാര്യം ചെയ്യുന്നതിൽ ഇടക്കാലം തുടങ്ങി ഈ അടുത്തകാലംവരെ പണ്ഡിതന്മാർ ശ്രദ്ധ ചെലുത്തിയിരുന്നില്ല. സംസ്കൃത സാഹിത്യത്തിന്റെ പാരമ്പര്യത്തിൽ വളൎന്നുവന്ന പണ്ഡിതന്മാർ ദ്രാവിഡരീതിയെ ഏതാണ്ടു പുറം തള്ളിയിരുന്നു. എന്നാൽ കൈരളിയുടെ പ്രാരംഭഘട്ടത്തിലെ അഴകും ഓജസ്സും കണ്ടുപിടിയ്ക്കണമെങ്കിൽ നാം ആ നാടൻപാട്ടിന്റെ ചുവടുകൾ തേടി പോകണം. ശിഷ്ടം ഉള്ളതാകെ സംസ്കൃതസാഹിത്യത്തിന്റെ പ്രതിദ്ധ്വനികൾ മാത്രമാണു്. ആധുനിക മലയാളസാഹിത്യത്തിനു് മേൽപറഞ്ഞ വിധം ഒരു മികച്ച കവിതാപാരമ്പര്യം ആണുള്ളതു്. ഗദ്യം ഇല്ലായിരുന്നെന്നു് പറഞ്ഞുകൂടാ. പക്ഷേ, ഇംഗ്ലിഷു് ഭാഷയുമായുണ്ടായ സമ്പൎക്കത്തിന്റെ കാലംവരെ അതിനു് ഒരു വിലയും നിലയും ഇല്ലായിരുന്നു.

## കൈരളീക്ഷേത്രത്തിലെ ത്രിമൂൎത്തികൾ

ആധുനികമലയാളത്തിനു വന്നുകൂടിയ പരിവൎത്തനം ആദ്യം കവിതയിൽ ആണു് പ്രത്യക്ഷപ്പെട്ടതു്. ആശാനും വള്ളത്തോളും ആയിരുന്നു ഈ പരിവൎത്തനത്തിന്റെ സൂത്രധാരന്മാർ. ശ്രീനാരായണഗുരുവിന്റെ അന്തേവാസിത്വം ആശാന്റെ കാവ്യത്തിനു് ആത്മീയമായ പ്രചോദനം നൽകി. ആശാൻ കവിമാത്രമല്ല തത്വചിന്തകനും; സമുദായപരിഷ്കൎത്താവും കൂടി ആയിരുന്നു. പഴമയുടെ 'പാരമ്പര്യ'ത്തിലാണു് വളൎന്നുവന്നതെങ്കിലും, വള്ളത്തോൾ വളരെ വേഗം ആധുനികതയോടു് സമരസപ്പെടുകയും, കേരളത്തിന്റെ ദേശീയകവി ആകുകയും ചെയ്തു. ഇമ്പംനിറഞ്ഞ ഒരു ശൈലിയുടെ ഉടമസ്ഥൻ ആയ വള്ളത്തോൾ മലയാളത്തിലെ മഹത്തമനായ കവിയാണു്. സാഹിത്യക്ഷേത്രത്തിലെ ഏതു പ്രസ്ഥാനത്തിനും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അനുരണനം ലഭിയ്ക്കാറുമുണ്ടു്. ഈ സമയമാകെ ഒരു പ്രഗത്ഭനായ പണ്ഡിതകവി വൻപിച്ച തോതിൽ കാവ്യസൃഷ്ടി ചെയ്തുകൊണ്ടിരിയ്ക്കുകയായിരുന്നു — മഹാകവി ഉള്ളൂർ. അദ്ദേഹത്തിന്റെ കാവ്യസൃഷ്ടികളിൽ പ്രബലമായ ഒരു സാമ്രാജ്ഞികാംശം നമുക്കു കാണാം. ക്ലാസിക്കു് കവിതയുടെ ദീപം അണയാതെ അദ്ദേഹം പരിരക്ഷിച്ചുപോന്നു. ഏതാണ്ടു് 1940–വരെ, കേരളസാഹിത്യത്തിൽ ഈ ത്രിമൂൎത്തികൾ സർവ്വാധിപത്യം വഹിച്ചു.

സാഹിത്യത്തിന്റെ അട്ടിയിലും അടക്കത്തിലും സമൂല പരിവർത്തനം വരുത്തിയ ഒരു യുവകവി സമൂഹം ഈ ഘട്ടത്തിലാണ് രംഗപ്രവേശം ചെയ്തതു്. കവിവര്യർ ആയ ആ ത്രിമൂർത്തികളെ പിൻതുടൎന്നു വന്നശ്രീ: ജി. ശങ്കരക്കുറുപ്പ് കാവ്യലോകത്തിലെ ഈപുതിയതലമുറയുടെനേതാവായി. സിംബോളിസ (പ്രതീകങ്ങൾ)ത്തോടു് കുറുപ്പിനു് അപാരമായ മമതയുണ്ടായിരുന്നു. 'ഭാഷയ്ക്കുള്ളിൽഒരു ഭാഷ' ചമച്ചുകൊണ്ടു ജി. ശങ്കരക്കുറുപ്പു് ടാഗോർ കവിതയെ സവിജയം അനുകരിച്ചു. ഇക്കാലത്തെ ഏററവും മുഖ്യനായ ലിറിക്ക്കവിയായി ശങ്കരക്കുറുപ്പ് അംഗീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. കവിതയ്ക്കു് പലമികച്ചസംഭാവനകളും നൽകിയിട്ടുള്ള മറെറാരു പ്രധാന കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയാണു്. കൃഷ്ണപിള്ള ചെറുപ്പത്തിൽതന്നെ പ്രശസ്തനായി. അദ്ദേഹം കേരളീയ ജനതയുടെ വാത്സല്യഭാജനമായ കവിയായിരുന്നു. ചങ്ങമ്പുഴയാണ് മലയാളത്തിൽ "പാസ്റ്റോറൽ എലിജി" എന്ന ഗോപാലഗീതങ്ങളുടെ പ്രസ്ഥാനം ഇംഗ്ലീഷിൽനിന്നു പകൎത്തിയതു്. അദ്ദേഹത്തിന്റെ രമണൻ കേരളീയൎക്കു് സുപരിചിതമാണ്. ചങ്ങമ്പുഴ കൃഷ്ണപിള്ള ദ്രാവിഡ വൃത്തങ്ങൾക്കു് പുതിയ ഉണർവും പ്രചാരവും നൽകി. അക്കാലത്തിനു ശേഷം സംസ്കൃതവൃത്തത്തിൽ കവിത ചമയ്ക്കുന്നവർ ചുരുക്കമായി എന്നുതന്നെ പറയണം.

ചങ്ങമ്പുഴയ്ക്കുശേഷം മലയാളകവിത ഒരു പുതിയ ചാൽ വെട്ടാൻ കാത്തിരിയ്ക്കുകയാണു് എൻ. വി. കൃഷ്ണവാരിയർ എഴുതാറുള്ള, നീണ്ട പരിഹാസാത്മക കവിതകൾ മലയാളത്തിൽ ഒരു പുതിയ സരണി തുറന്നിട്ടുണ്ടു്. പഴയ നാടൻ പാട്ടുകളുടെ രൂപം പുതിയ ഭാവങ്ങൾക്കു് പ്രയോജനപ്പെടുത്തുകയാണ് വാര്യർ ചെയ്യുന്നതു്. കഴിവും, മിഴിവും സാമൂഹിക യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള ബോധവും വാര്യരുടെ കവിതയിൽ കാണാനുണ്ടു്. കവിതയുടെ കാലം കഴിയുകയാണെന്നും, ആലോചനയുടെ വികാസത്തോടുകൂടി കലാകാരന്മാരിൽ കവിത കുറഞ്ഞുവരികയാണെന്നും വാരിയർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഏതായാലും പുതിയ ചില കവികളുടെ ഉദയം വാര്യരുടെ ഈ അഭിപ്രായത്തെ അസാധുവാക്കുന്നു.

ഈ ശതകത്തിന്റെ ആരംഭത്തോടുകൂടി മയാളഭാഷയിൽ ചരിത്രപരവും സാമുദായികവും ആയ ചില നോവലുകൾ ഉണ്ടായി. എന്നാൽ അവയെപിൻതുടൎന്നു വന്നതു് ബംഗാളി നോവലുകളുടെ തർജ്ജമകൾ ആയിരുന്നു. ഓ. ചന്തുമേനോന്റെയും, സി. വി. രാമൻപിള്ളയുടെയും അപ്പൻതമ്പുരാന്റെയും ശേഷം കുറേ കാലത്തേയ്ക്കു് കേരളത്തിലെ നോവലെഴുത്തുകാർ ബംഗാളിലെ ജീവിതത്തെയായിരുന്നു ചിത്രണം ചെയ്തുകൊണ്ടിരുന്നതു്. ബഷീറും, തകഴി ശിവശങ്കരപ്പിള്ളയും, പി. കേശവദേവും ആണു്, തർജ്ജമകളുടെ ഈ കാലഘട്ടത്തെ, സ്വതന്ത്ര നോവലുകൾ കൊണ്ടു് അവസാനിപ്പിച്ചതു്. തകഴിയുടെ ചില നോവലുകൾക്കു് അടുത്തകാലത്തു് ഹിന്ദി പരിഭാഷകളും ഉണ്ടായിട്ടുണ്ടു്.

വാരികകളിലും മാസികകളിലും എല്ലാം തുടർക്കഥകളും ചെറുകഥകളും ഇന്നു് കണ്ടുകുന്നായി എഴുതവരികയാണ്. വായനക്കാരെ തൃപ്തിപ്പെടുത്താനും, തങ്ങൾക്കു് ഒരു സാഹിത്യവിപണി എളുപ്പം സ്വാധീനമാക്കാനുംവേണ്ടി, എഴുത്തുകാർ ചെറുകഥകളേയാണ് ശരണംപ്രാപിച്ചിരിക്കുന്നതു്. ഇരുപതാംശതകത്തിന്റെ ആരംഭകാലംമുതൽ നല്ല ചെറുകഥകൾ മലയാളത്തിൽ ഉണ്ടായിത്തുടങ്ങി. ചെറുകഥയുടെ കാര്യം അങ്ങനെ നോവലിന്റെ സംഗതിയിൽനിന്നു് ഭിന്നമാണു്. പക്ഷേ പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ ഉദയത്തോടുകൂടി മാത്രമേ ചെറുകഥാസാഹിത്യത്തിന്റെ സുവർണ്ണദശ സമാരംഭിച്ചുള്ളു. തങ്ങളുടെ സിദ്ധാന്തങ്ങളെ ചെറുകഥകളിൽകൂടി ഒന്നാംതരമായി പ്രചരിപ്പിയ്ക്കാമെന്നു് ഈ എഴുത്തുകാർ കണ്ടു. ചെറുകഥാരൂപമയ്ക്കു് അതു നൽകിയ മികച്ച സംഭാവനയെ ആശ്രയിച്ചാണു് മലയാളത്തിലെ പുരോഗമനസാഹിത്യ പ്രസ്ഥാനത്തിന്റെ വിലയിരുത്തേണ്ടതു്. തകഴി ശിവശങ്കരപ്പിള്ള, കേശവദേവു്, പൊൻകുന്നം വൎക്കി, കാരൂർ നീലകണ്ഠപ്പിള്ള ബഷീർ—എന്നിവരാണു് ഇന്നത്തെ പ്രമുഖരായ ചെറുകഥാകൃത്തുകൾ.

മലയാളത്തിലെ ചെറുകഥാകൃത്തുകൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ പലതാണു്. മാന

വരിൽ എസ്. കെ. പൊററെക്കാട്ടിൻെറ പേരാണ് പ്രത്യേകം പറയേണ്ടതു്. മറെറാരു നല്ല കഥാകൃത്തായ പി. സി. കുട്ടികൃഷ്ണൻ കേരളത്തിലെ രണ്ടു പ്രധാന സമുദായങ്ങൾ ആയ നായന്മാരുടെയും മുസ്ലിമീങ്ങളുടെയും ജീവിതത്തെ ചിത്രീകരിയ്ക്കുന്നു. 'ഉറൂബ്' എന്ന പേരിൽ ഈ കഥാകൃത്ത് എഴുതിവരുന്ന കഥകൾ വളരെ വായനക്കാരെ സന്തോഷിപ്പിച്ചിട്ടുണ്ടു്. യഥാതഥത്വത്തിൻെറ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടി നായന്മാരുടെയും മുഹമ്മദീയരുടെയും സംഭാഷണസികാപഗ്രഥനം ഒരാൾ, സാമുദായികമായ യഥാതഥത്വം അപരൻ, അങ്ങനെ പോകുന്നു ആ വിഷയ വൈവിദ്ധ്യം. പുരോഹിതവർഗ്ഗത്തിൻെറ കുത്തക താൽപര്യങ്ങളെ ഒരാൾ എതിക്കുമ്പോൾ, അന്യൻ സമുദായത്തിലെ ഇടത്തരക്കാരുടെ, അദ്ധ്യാപകൻ തുടങ്ങിയവരുടെ, ദയനീയസ്ഥിതിയെ ചിത്രീകരിയ്ക്കുകയാണു് ചെയ്യുന്നതു്. തങ്ങളുടെതന്നെ ഉള്ളിലേയ്ക്കു് ചുഴിഞ്ഞു നോക്കി കഥാരചന ചെയ്യുന്ന ചില എഴുത്തുകാരും കേരളത്തിൽ ഉണ്ടു്. അവരുടെ കൃതികളുടെ കേന്ദ്രം അവരിൽത്തന്നെയാണു്. ഈ കൂട്ടത്തിൽ പെട്ട രീതി വ്യത്യാസങ്ങൾ കുട്ടികൃഷ്ണൻ സഫലമായി പ്രയോഗിച്ചു കാട്ടിയിട്ടുണ്ടു്. ഉയൎന്നുവരുന്ന എഴുത്തുകാരിൽ ഒരാളാണു് കുട്ടികൃഷ്ണൻ.

നടനവിദ്യയിൽ കേരളീയർ പണ്ടേതന്നെ മികവു് കാണിച്ചിട്ടുണ്ടു്; എന്നിട്ടും, നാടകശാഖയിൽ കേരളത്തിൻെറ സ്വന്തം കൃതികൾ ആയി വളരെ കുറച്ചുമാത്രമേ എടുത്തു കാണിയ്ക്കാനുള്ളു എന്നതു് അതിശയംതന്നെ. ഈ അടുത്തകാലം വരെ തൎജ്ജമകൾ മാത്രമാണു് ഈ ശാഖയിൽ ഉണ്ടായിട്ടുള്ളതു്. വല്ല വാൎഷികയോഗത്തിനു വേണ്ടിയോമറേറാ അപ്പഴപ്പോഴായി മതപരമോ സാമുദായികമോ ആയ വല്ല കഥാവസ്തുവും ഉപയോഗിച്ചു് ചില നാടകങ്ങൾ, ഉണ്ടായിട്ടില്ലെന്നില്ല. പക്ഷേ നല്ല നാടകങ്ങൾ രചിയ്ക്കാനുള്ള ബോധപൂൎവ്വമായ യത്നം ഈ അടുത്ത കാലത്താണു് ഉണ്ടായിട്ടുള്ളതു്. കൈനിക്കര സഹോദരന്മാർ, എൻ. കൃഷ്ണപിള്ള, ററി. എൻ. ഗോപിനാഥൻനായർ, വി. ററി. ഭട്ടതിരിപ്പാടു്, എടശ്ശേരി ഗോവിന്ദൻനായർ എന്നിവർ എഴുതിയിട്ടുള്ള ചില നാടകങ്ങൾക്കു് സാഹിത്യപരവും, നാടകീയവുമായ ഗുണങ്ങൾ ഉണ്ടു്; ചെറുപ്പക്കാരായ പല നാടകകൃത്തുകളും നാടക നിൎമ്മാണത്തിൽ പരീക്ഷണങ്ങളും നടത്തിവരുന്നുണ്ടു്. കേരളീയനാടക പ്രസ്ഥാനത്തിൽ ഒരു വിപ്ലവം വരുത്താൻ അവർ ആഗ്രഹിയ്ക്കുന്നു.

കലാസൃഷ്ടിയുടെ ഒരു ഉണക്കുകാലം നിരൂപണത്തിൻെറ ഇടവപ്പാതിയുടെ മുൻപു് എല്ലായ്പോഴും ഉണ്ടു്. മലയാളത്തിലെ കലാകാരന്മാരിൽ പലരും നിരൂപണത്തിൽ കൈവയ്ക്കാനുള്ള ഒരു പ്രവണത കാണുമാറുണ്ടു്. നിരൂപണത്തിൻെറ നിയമങ്ങൾ, തങ്ങൾക്കു് എത്രമാത്രം ഗ്രാഹ്യമായിരിക്കുന്നു എന്നുള്ളതു് അവൎക്കു് അത്ര മതിപ്പില്ലാത്ത കാൎയ്യമാണു്. അനുക്രമം പെരുകിക്കൊണ്ടിരിയ്ക്കുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ ചില പുറങ്ങൾ പുസ്തക നിരൂപണത്തിനു് നീക്കിവയ്ക്കാറുണ്ടു് എന്നുള്ള ചിട്ട ഈ പ്രവണതയ്ക്കു് വളം ഇട്ടിട്ടുണ്ടു്. കിഴക്കനും പടിഞ്ഞാറനുമെന്ന രണ്ടു വകുപ്പിൽ പെടുന്നു ഇന്നത്തെ മലയാളനിരൂപണം. സംസ്കൃതാലംകാരികന്മാരുടെ പാരമ്പൎയ്യത്തിൽ വളൎന്നുവന്ന നിരൂപകന്മാർ ഒരു വക; ആധുനിക നിരൂപണ മാൎഗ്ഗത്തിൽ അഭ്യസിച്ചു് പുരാതന മാൎഗ്ഗത്തെ അവഗണിച്ചു് മുന്നോട്ടുപോകുന്നവർ മറെറാരുവക. ഏതു നിരൂപണസന്ദൎഭത്തിലും, താന്താങ്ങൾക്കു് പ്രിയതരമായ തത്വങ്ങൾ മാനദണ്ഡമായുപയോഗിയ്ക്കുകയും ചെയ്യും രണ്ടു കൂട്ടരും.

മലയാളത്തിലെ പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽ ആചാൎയ്യപദവിയുള്ള ശ്രീ. എ. ബാലകൃഷ്ണപിള്ളയാണു് ആധുനികമായ പാശ്ചാത്യ നിരൂപണമാൎഗ്ഗത്തിനു മലയാളത്തിൽ അസ്തിത്വം നൽകിയതു്. പുരാണവസ്തു ഗവേഷണത്തിലും നരവംശശാസ്ത്രത്തിലും അവഗാഹമുള്ള അദ്ദേഹം മലയാളത്തിലെ എഴുത്തുകാരെ ലോകത്തിലെ ഇതരസാഹിത്യങ്ങളിലെ പ്രവൎത്തകരോടു് തട്ടിച്ചുനോക്കി. ഇതു് നമ്മുടെ യുവസാഹിത്യകാരന്മാൎക്കു് ഉത്തേജനം നൽകുകയും ചെയ്തു. എന്നാൽ നിരൂപണപ്രസ്ഥാനത്തിലെ ഈ രണ്ടു ചേരിയും തികച്ചും തൃപ്തികരം ആയി പരിണമിച്ചിട്ടില്ല. അതിൻെറ

ഫലമായി മൂന്നാമതൊരു സരണി തെളിഞ്ഞുവന്നു. കിഴക്കും പടിഞ്ഞാറും സമ്മേളിപ്പിച്ചുള്ള ഈ മൂന്നാം പദ്ധതിയിൽ തലയെടുപ്പോടുകൂടി നിൽക്കുന്നതു് ശ്രീ. ജോസഫ് മുണ്ടശ്ശേരിയാണു്. ഏതാണ്ടു് കുറെയേറെ കുട്ടികൃഷ്ണമാരാരും ഈ മാർഗ്ഗത്തെത്തന്നെ ചിലപ്പോഴൊക്കെ അവലംബിക്കുന്നതായും കാണാം.

പരിഹാസത്തിനും, വക്രോക്തിയ്ക്കും സാഹിത്യനിരൂപണത്തിൽ സ്ഥാനം ഉണ്ടെങ്കിൽ, ആധുനികമലയാളത്തിനു് ഈ ശാഖയിൽ ഏതാനും ചില നല്ല എഴുത്തുകാരെക്കുറിച്ചു് അഭിമാനിയ്ക്കാം. പരേതരായ 'കേസരി'-വേങ്ങയിൽ നായനാർ-, 'സഞ്ജയൻ'—എം. ആർ. നായർ-എന്നിവരായിരുന്നു ഈ സാഹിത്യശാഖയിൽ ആദ്യമായി പ്രവർത്തിച്ചവർ. സാഹിത്യ ക്ഷേത്രത്തിലെ ശിഖീന്ദ്രങ്ങളെ, ചുഴിഞ്ഞുകയറുന്ന പരിഹാസവും കളിയാക്കലും മുഖേന അകററുവാൻ ഇവർ ശ്രമിച്ചിരുന്നു. തന്റെ സമകാലീനരെ ഹാസ്യാനുകരണങ്ങൾ വഴിയായി വിമർശിക്കുക എന്ന കൃത്യം സ്വയം ഏറെറടുത്തു് ആ പ്രസ്ഥാനത്തിൽ ഏററവും മുന്തിയസ്ഥാനം നേടിയ ആളാണു് 'സീതാരാമൻ'—പി. ശ്രീധരൻപിള്ള.

ഉപന്യാസശാഖ മലയാളത്തിൽ ഉണ്ടായിട്ടു് അധികം കാലം ആയിട്ടില്ല. ഈ ശാഖയിൽ പ്രവർത്തിച്ചിട്ടുള്ള ചിലർ, ഏതുവിഷയവും കൈകാര്യം ചെയ്യാനുള്ള അയവു് മലയാളത്തിനുണ്ടെന്നു് തെളിയിച്ചു കഴിഞ്ഞിട്ടുണ്ടു്. ആധുനികരായി എഴുത്തുകാരുടെ ശ്രമഫലമായി, മലയാളഗദ്യത്തിനു് ഒരു പരിവർത്തനം ഉണ്ടായിട്ടുണ്ടു്. ചെവി പൊട്ടിയ്ക്കുന്ന സംസ്കൃതവാക്കുകൾ ഉപയോഗിച്ചുള്ള ശൈലി ഇന്നാർക്കുമത്ര പിടിത്തമല്ല. കുറച്ചു സംസ്കൃതവും കൂടുതൽ മലയാളവും കലർന്നു്, തെളിവും പ്രസന്നതയും ഉള്ള, ഒരു ഭാഷാരീതിയാണു് ഇന്നു് വായനക്കാർക്കിഷ്ടം. മലയാളത്തിൽ ഉപന്യാസകാരന്മാർ അനവധിയുണ്ടു്.

രാഷ്ട്രീയരംഗത്തിലെ അമിതവാദികളുടെ കൂട്ടുകാർ സാഹിത്യരംഗത്തും ഉണ്ടു്. ഏതു കാലത്തെ കൃതിയിലും, അതു് പുരാതനമോ, ഇടക്കാലത്തെയോ ആധുനികകാലത്തെയോ ആയിക്കൊള്ളട്ടെ—മാർക്സിയൻ സാഹിത്യനിരൂപണസിദ്ധാന്തങ്ങൾ കെട്ടിവയ്ക്കാൻ ശ്രമിയ്ക്കുന്നവരാണു് ഈ കൂട്ടത്തിലുൾപ്പെട്ട ചില എഴുത്തുകാർ. സാഹിത്യനിരൂപകരെന്നു സ്വയം പ്രഖ്യാപിച്ചുകൊണ്ടു് എല്ലാ സാഹിത്യകൃതിയെയും ഒരു പുതിയ രീതിയിൽ വീക്ഷിച്ചു് വിലനിശ്ചയിക്കുവാനാണു് അവർ വെമ്പൽകൊള്ളുന്നതു്. 'കല ജീവിതത്തിനു് വേണ്ടി' എന്ന പഴയ ചൊല്ലിനെ ഉയർത്തിപ്പിടിച്ചുകൊണ്ടു്, 'കല കലയ്ക്കുവേണ്ടി' എന്ന വാദത്തെ അവർ എതിർക്കുന്നു. ഇതു് ഒട്ടേറെ വാദപ്രതിവാദങ്ങൾ ഇളക്കിവിട്ടിട്ടുമുണ്ടു്. ഭൂമുഖത്തുള്ള ഏതും ജീവിതത്തിനുവേണ്ടിയാണെന്നും, എന്തെങ്കിലും ഒന്നു് പ്രഥമതഃ അതിനുവേണ്ടിത്തന്നെ ആയിരിക്കുന്നില്ലെങ്കിൽ അതു മറെറാന്നിനുവേണ്ടി ആയിത്തീരുക അസാദ്ധ്യമാണെന്നും മാർക്സിസക്കാർ മനസ്സിലാക്കുന്നില്ലെന്നു തോന്നുന്നു; പ്രമുഖന്മാരായ എഴുത്തുകാരെ തങ്ങളുടെ വശത്താക്കാൻ അവർ ഇപ്പോൾ യത്നിച്ചുവരികയാണു്. ഒരു വിശാല മുന്നണിയ്ക്കുവേണ്ടിയുള്ള അവരുടെ ആഹ്വാനം ഈയിടയിലത്തെ സാഹിത്യ സമ്മേളനങ്ങളിൽ എല്ലാം ചർച്ചാവിഷയമായും തീർന്നിട്ടുണ്ടു്.

# ഗ്രന്ഥശാലകളുടെ ആവശ്യകത

## വടക്കുംകൂർ രാജരാജവർമ്മരാജാ

ഒരു ദേശത്തിന്റെ അഭിവൃദ്ധിക്കു് അത്യാവശ്യങ്ങളായ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ ഗ്രന്ഥശാലകൾക്കു മുഖ്യതയുണ്ടു്. ഇതരങ്ങളായ സ്ഥാപനങ്ങൾ എന്തൊക്കെ ഉണ്ടായി അഭിവൃദ്ധിയെ പ്രാപിച്ചിരുന്നാലും, അവയ്ക്കൊന്നിനും ഒരു നാടിനു ഗ്രന്ഥശാലയുടെ അഭാവംകൊണ്ടു സംഭവിക്കുന്ന ന്യൂനതയെ പരിഹരിക്കുന്നതിനു് സാമർത്ഥ്യം സംഭവിക്കുന്നതല്ല. ഒരു ദേശത്തെ അധിവസിക്കുന്ന ജനങ്ങളുടെ ആത്മീയവും, ലൌകികവും ആയ അഭിവൃദ്ധിക്കു മൂലമാണു് ഗ്രന്ഥശാലകൾ. അവയില്ലെങ്കിൽ മനുഷ്യസമുദായത്തിന്റെ പുരോഗതി സ്തബ്ധമാകും.

അറിവുള്ളവനും അതു് ഉണ്ടായിവളരുവാൻ ആഗ്രഹിക്കുന്നവനും ഗ്രന്ഥപാരായണത്തിൽ അഭിരുചി ജന്മസിദ്ധമാകുന്നു. ഗ്രന്ഥം വായിക്കാതെ ജീവിതം നയിക്കുന്ന കാര്യം അവനു തീരെ സാധിക്കുകയില്ല. അറിവിനു ആശ്രയം—അതായതു് അതിനെ രേഖാരൂപത്തിൽ സമ്പാദിച്ചുവച്ചിരിക്കുന്ന ഭാജനം—ഗ്രന്ഥമാണു്. എത്രയോ സഹസ്രാബ്ദങ്ങൾക്കു മുൻപു ജീവിച്ചിരുന്നവരും ലോകവിശ്രുതന്മാരും ആയ വാല്മീകി വ്യാസഭഗവാൻ, കാളിദാസൻ, ശങ്കരാചാര്യർ മുതലായ മഹാപുരുഷന്മാരുടെ വിവിധജ്ഞാനസരണികളെ ആശ്രയിച്ചുള്ള ചിന്താഗതികളെ നാമിന്നറിയുന്നതു് ഗ്രന്ഥങ്ങൾ കൊണ്ടാണു്. ഇപ്രകാരം മനുഷ്യസമുദായത്തിന്റെ അഭ്യുന്നതിക്കു വിജ്ഞാനം അത്യാവശ്യമെന്നും, അതിനെ രേഖാത്മനാ സൂക്ഷിക്കുന്നതു ഗ്രന്ഥമെന്നും സിദ്ധമാകുന്നുവെങ്കിൽ, തദ്വിധങ്ങളായ ഗ്രന്ഥങ്ങൾ ശേഖരിച്ചു സൂക്ഷിച്ചു് ഉപയോഗിക്കുന്ന ഗ്രന്ഥശാലകൾ മാഹാത്മ്യമേറിയ സ്ഥാപനങ്ങളെന്നു് നിർവിവാദം തെളിയും.

ആ വിധം മാഹാത്മ്യമേറിയ ശബ്ദജ്യോതിസ്സിന്റെ ആവാസസ്ഥാനമാണു ഗ്രന്ഥസമുദായം എന്ന ഒരു സംഗതി വിചാരിച്ചാൽമതി അവയുടെ മാഹാത്മ്യം തെളിയുന്നതിനു്. ഏതദ്വിധങ്ങളായ ഗ്രന്ഥങ്ങളെ സഹസ്രക്കണക്കിനു സമ്പാദിച്ചു സംരക്ഷിച്ചു് ഉപയോഗിച്ചുവരുന്ന ഒരു സ്ഥാപനം—ഗ്രന്ഥശാല—മറ്റെല്ലാത്തിനേയുംകാൾ വിശിഷ്ടവും പ്രയോജനകരവും എന്നു പറയുന്നതിൽ വാദത്തിനവകാശമില്ല.

പൂർവകാലത്തു ഭാരതീയർ ഗ്രന്ഥശാലകളുടെ വൈശിഷ്ട്യത്തെക്കുറിച്ചു വേണ്ടവിധം അറിഞ്ഞിരുന്നു. അവരെപ്പോലെ ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിനും, ഗ്രന്ഥപ്പുരകൾ സ്ഥാപിക്കുന്നതിനും അവയെ ജീവനേക്കാൾ കൂടുതൽ സ്നേഹിച്ചു സംരക്ഷിക്കുന്നതിനും സശ്രദ്ധം പ്രവർത്തിച്ചിരുന്ന രാജ്യക്കാർ വേറെയുണ്ടോ എന്നു സംശയമാണു്. സംസ്കൃതഭാഷ അനർഘങ്ങളും സംഖ്യാതീതങ്ങളുമായ ഗ്രന്ഥരത്നങ്ങൾക്കു് ഒരു മഹാസമുദ്രമാകുന്നു. അതിലെ ഗ്രന്ഥങ്ങളുടെ ശതാംശംപോലും ഇന്നു് അറിയപ്പെട്ടിരിക്കുന്നതും പ്രചാരം ലഭിച്ചിരിക്കുന്നതും ആയിബ്ഭവിച്ചിട്ടില്ല. ഇന്ത്യയിലെ ഓരോ ദേശഭാഷയ്ക്കും വിപുലമായ ഗ്രന്ഥസമ്പത്തു പഴയകാലത്തു ലഭിച്ചിട്ടുണ്ടു്. അതിനു യാതൊന്നുകൊണ്ടും സംസ്കൃതത്തിന്റെ വലിപ്പമില്ല, എങ്കിലും അതു് തത്തദ്ദേശക്കാർക്കു അത്യന്തം പ്രയോജനകരവും അമൂല്യവും തന്നെയാണു്. മലയാളം, തമിഴ് മുതലായ ഭാഷകളുടെ സ്ഥിതി ഉദാഹരണത്തിനു ധരിക്കാം.

പഴയകാലത്തു ഭാരതത്തിൽ രാജാക്കന്മാർ, പ്രഭുക്കന്മാർ, പണ്ഡിതന്മാർ, കവികൾ എന്നിവരുടെ വസതികളിലും, ക്ഷേത്രങ്ങളിലും, വിദ്യാലയങ്ങളിലും ബഹുസഹസ്രം ഗ്രന്ഥപ്പുരകൾ ഉണ്ടായിരുന്നു. സാധാരണ ജനങ്ങളുടെ ഗൃഹങ്ങളിലും അവർ നിത്യവും പാരായണത്തിനുപയോഗിച്ചുവന്നിരുന്ന ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതിനു ഗ്രന്ഥപ്പുരകൾ ഉണ്ടായിരിക്കുക പതിവാണു്. അവയുടെ

നടത്തിപ്പു ഇന്നത്തെ രീതിയിൽ ആയിരുന്നില്ല. എങ്കിലും ജനങ്ങൾക്കു അവ ഉപയോഗപ്രദങ്ങളായിരുന്നു. വിദേശികളായ പണ്ഡിതന്മാർ മുമ്പു ഓരോകാലത്തു് ഈ നാട്ടിൽ വരികയും ഗ്രന്ഥപ്പുരകളിൽനിന്നു് അനേകം ഗ്രന്ഥങ്ങൾ എടുത്തുകൊണ്ടു പോകുകയും ചെയ്തിട്ടുണ്ടു്. ഭാരതീയ മഹാകവികൾ നിർമ്മിച്ചിരിക്കുന്ന അനേകം സംസ്കൃതകൃതികൾ ഇന്നു ഇന്ത്യയിൽ കിട്ടുവാൻ പ്രയാസം. എന്നാൽ അന്യദേശങ്ങളിൽ അവ കിട്ടുന്നു. പല സംസ്കൃതഗ്രന്ഥങ്ങളെയും ആദ്യമായി വിദേശപണ്ഡിതന്മാരാണു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതെന്ന വസ്തുത ഇവിടെ സാദരം സ്മരിക്കേണ്ടതാകുന്നു. അക്കൂട്ടത്തിൽ കേരളപണ്ഡിതന്മാരുടെ കൃതികളും ഉൾപ്പെടും. ഈ സംഗതി ഭാരതത്തിലെ ഗ്രന്ഥപ്പുരകളുടെ വൈശിഷ്ട്യത്തെ തെളിയിക്കുന്നു.

മലയാളനാട്ടിലും ഗ്രന്ഥപ്പുരകളുടെ സംഖ്യ ചെറിയതായിരുന്നില്ല. ഇവിടേയും രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും, പണ്ഡിതന്മാരുടേയും ഗൃഹങ്ങൾ മഹത്തുകളും അമൂല്യങ്ങളുമായ ഗ്രന്ഥപ്പുരകൾകൊണ്ടു ഭാസുരങ്ങളായിരുന്നു. അവയിൽ പലതും ഇന്നും, പഴയ പ്രഭാവത്തിനു ഇടിവു തട്ടിക്കൊണ്ടാണെങ്കിലും നിലനിൽക്കുന്നു. പലതും അതികൃശങ്ങളും നാമാവശേഷങ്ങളും ആയിട്ടുണ്ടു്. വിദേശികൾ ഈ നാട്ടിൽനിന്നും കണക്കില്ലാതെ ഗ്രന്ഥങ്ങൾ വിലയ്ക്കുവാങ്ങിയും അല്ലാതെയും കൊണ്ടുപോയിരിക്കുന്നു. അങ്ങിനെ വിലയേറിയ അനേകം ഗ്രന്ഥങ്ങൾ നഷ്ടമായി. മദ്രാസിലെ സർവകലാശാലക്കാർ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഹസ്തലിഖിതഗ്രന്ഥങ്ങളുടെ പട്ടിക നോക്കിയാൽ അവർ കേരളത്തിൽ ഓരോഗൃഹത്തിൽനിന്നും എടുത്തിരിക്കുന്ന ഗ്രന്ഥങ്ങളുടെ സംഖ്യ എത്രയോ വലിയതാണെന്നു ഗ്രഹിക്കാം.

അച്ചടിയന്ത്രവും തുരുതുരെ പ്രതിദിവസവും പുറപ്പെടുന്ന പുസ്തകസഹസ്രങ്ങളും ഇന്നു പഴയ താളിയോലഗ്രന്ഥങ്ങളുടേയും ഗ്രന്ഥപ്പുരകളുടേയും ആവശ്യം ഇല്ലാതെയാക്കിയിരിക്കുന്നു എന്നും അതുകൊണ്ടു അവയെ ഇനി സംരക്ഷിക്കേണ്ടതില്ലെന്നും തോന്നാം. എന്നാൽ ആ തോന്നലു ശരിയല്ല. അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പുസ്തകങ്ങളിൽ അബദ്ധങ്ങൾ കാണുക സാധാരണമാണു്. അവ നീക്കി ശരിയായ പാഠം ഗ്രഹിക്കണമെങ്കിൽ പഴയ താളിയോല ഗ്രന്ഥങ്ങളുടെ സാഹായ്യം കൂടാതെ നിവൃത്തിയില്ല.

സന്ദേഹങ്ങൾ നേരിടുമ്പോൾ താളിയോല ഗ്രന്ഥങ്ങളെ ശരണം പ്രാപിച്ചാൽ കുറെയൊക്കെ ഫലം കിട്ടും. അതുകൊണ്ടു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് എന്നു വിചാരിച്ചു് താളിയോല ഗ്രന്ഥങ്ങളോടു് അനാദരം കാണിക്കരുതെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

താളിയോല ഗ്രന്ഥങ്ങൾ ഇല്ലെന്നുവന്നാൽ ഈവക ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനും ശരിയായ പാഠം കണ്ടുപിടിക്കുന്നതിനും സാധിക്കയില്ല. അതുകൊണ്ടു് അവ ഏതുകാലത്തും ആവശ്യമെന്നു് അഭിപ്രായപ്പെടണം. നൂറു പതിപ്പുകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകത്തിന്റെ ആദർശമായ ഗ്രന്ഥത്തെപ്പോലും നിധിപോലെ വിചാരിച്ചു സശ്രദ്ധം സൂക്ഷിക്കണം. അബദ്ധപാഠങ്ങളും അപൂർണ്ണതാദി പ്രമാദങ്ങളും മുദ്രിതങ്ങളായ ഗ്രന്ഥങ്ങളിൽ സഹജമായി കാണുന്ന ദോഷങ്ങളാകുന്നു. താളിയോലഗ്രന്ഥങ്ങൾ ഒത്തുനോക്കിൽ ഈ വസ്തുത ഗ്രഹിക്കാം.

അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, കേരളവർമ്മരാമായണം എന്നീ മഹാപ്രബന്ധങ്ങൾ കഴിയുന്നവേഗം വിശുദ്ധപാഠങ്ങളോടുകൂടി പ്രസിദ്ധപ്പെടുത്തണം. ഇവ മലയാളികൾക്കു എന്നും അത്യാവശ്യങ്ങളായ ഗ്രന്ഥരത്നങ്ങളാണു്. അതുപോലെ കുഞ്ചൻനമ്പ്യാരുടെ കൃതികളെയും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. ഇന്നു തുള്ളൽക്കാർ കുഞ്ചന്റെ തുള്ളൽക്കഥകൾ എത്ര അബദ്ധപാഠങ്ങളോടു കൂടിയാണു പഠിച്ചു പാടുന്നതെന്നു് അവരുടെ അരങ്ങുകളുമായി പരിചയപ്പെട്ടിരിക്കുന്നവർക്കു അറിവുള്ളതാണു്. സർവകലാശാലക്കാർ വിചാരിച്ചെങ്കിൽ മാത്രമേ ഭാഷയ്ക്കു് ഈ കഷ്ടതകളിൽനിന്നു മുക്തി ലഭിക്കുകയുള്ളു. അവർ പ്രാചീനഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന കാര്യത്തിൽ പൂർവ്വാധികം ഉത്സാഹവും ശ്രദ്ധയും ആദരവും രമ്യതയും കാണിക്കണം. അതിനു വേണ്ട

തായ എല്ലാശക്തിയും അവർക്കു സ്വാധീനമായിട്ടുണ്ടു്. അവർ അതിനെ വേണ്ട വിധം ഉപയോഗിച്ചാൽ മതിയാകും.

അടുത്ത അല്പംകാലമായി മലയാളികൾക്കു ഗ്രന്ഥപാരായണത്തിൽ ഉത്സാഹം വർദ്ധിച്ചിട്ടുണ്ടെന്നു വിചാരിക്കണം. അതിന്റെ ഫലമാണു ഇന്നു ദേശംതോറും സ്ഥാപിതങ്ങളായിക്കാണുന്ന വായനശാലകൾ. മിക്കവാറും എല്ലാദേശങ്ങളിലും—വിശേഷിച്ചു പ്രധാനസ്ഥലങ്ങളിൽ—ഇന്നു വായനശാലകൾ ഉണ്ടെന്നു പറയാം. തിരുവിതാംകൂറിലും കൊച്ചിയിലും പൊതുജനങ്ങൾ നടത്തുന്നവ തന്നെയായിട്ടു ആയിരത്തഞ്ഞൂറിലധികം ഗ്രന്ഥശാലകൾ ഉണ്ടെന്നു തോന്നുന്നു. പള്ളിക്കൂടങ്ങളിലും പണ്ഡിതന്മാർ സ്വന്തം ആവശ്യത്തെ പുരസ്കരിച്ചു അവരുടെ ഗൃഹങ്ങളിലും ഉണ്ടാക്കിയിരിക്കുന്ന വായനശാലകൾ ഇവയ്ക്കു പുറമെയാണു്. മഹാക്ഷേത്രങ്ങളോടു അനുബന്ധിച്ചു ദേവസ്വം ഭരണാധികാരികൾ നടത്തിവരുന്ന മതഗ്രന്ഥശാലകളേയും പ്രകൃതത്തിൽ ഗണിക്കേണ്ടതുണ്ടു്. അവ വളർന്നു വരുന്നതേയുള്ളു. ഈ സംഗതികളെല്ലാം വിചാരിച്ചാൽ ഗ്രന്ഥശാലകളെ സംബന്ധിച്ചിടത്തോളം ഗണനീയമായ ഒരു അഭിവൃദ്ധി നാടിനു അടുത്തകാലത്തു കൈവന്നിട്ടുണ്ടെന്നു വിശദമാകും. ഇക്കാര്യത്തിൽ മലയാളികൾക്കു അഭിമാനത്തിനവകാശമുണ്ടു്. ഈ സന്ദർഭത്തിൽ നാടുതോറും വായനശാലകൾ സ്ഥാപിക്കുന്നതിനും അവയ്ക്കു അഭിവൃദ്ധിവരുത്തുന്നതിനും നിഷ്കാമവും ത്യാഗപൂർവ്വവുമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രശസ്ത ഭാഷാഭിമാനിയായ ശ്രീ: പി. എൻ. പണിക്കരെ ആദരപൂർവ്വം സ്മരിക്കേണ്ടതും അഭിനന്ദിക്കേണ്ടതും ഒരു കൃത്യമാകുന്നു.

എണ്ണംകൊണ്ടു വായനശാലകൾക്കു്വലിയ അഭിവൃദ്ധി കാണണം. എന്നാൽ വണ്ണംകൊണ്ടും പ്രയോജനംകൊണ്ടും ശോഭനമായ സ്ഥിതിയോടുകൂടിയവ അത്രയധികം ഇല്ലെന്നാണനുഭവം. ഗ്രാഹ്യമായ ഗ്രന്ഥസമ്പത്തോടുകൂടിയവയും നല്ല നിലയിൽ ഭംഗിയായി നടക്കുന്നവയും, കറവാണു്. ശരാശരി നൂറിനു പത്തുവീതം അത്തരം ഉത്തമഗ്രന്ഥശാലകൾ കണ്ടാൽ ഭാഗ്യം. അതാണു യഥാർത്ഥസ്ഥിതി. ഗ്രന്ഥങ്ങളും അംഗങ്ങളും അധികമുണ്ടായിരിക്കുക, ധനസ്ഥിതി നന്നായിരിക്കുക, വായനശാലാമന്ദിരം ശുചിത്വവും സൗകര്യവും കൈവന്നതാകുക, ഭരണത്തിൽ കൃത്രിമതയില്ലാതെയിരിക്കുക എന്നിവയെല്ലാം ഉത്തമഗ്രന്ഥശാലകളുടെ ലക്ഷണങ്ങളാകുന്നു. ഇവ സ്ഥാപിച്ച ഉടനെ എല്ലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്നവയല്ല. കാലാന്തരേണ മാത്രമേ ലക്ഷണസമ്പത്തു ഗ്രന്ഥശാലകൾക്കു വർദ്ധിച്ചു പൂർണ്ണതയെ പ്രാപിക്കയുള്ളു. സഹായധനം വാങ്ങുന്നതിനും സാഹിത്യകാരന്മാരെ സമീപിച്ചു ഗ്രന്ഥങ്ങൾ പാരിതോഷികമായി വാങ്ങുന്നതിനും കൃത്രിമമായി ധനം ചൂഷണം ചെയ്യുന്നതിനും വേണ്ടി നടത്തുന്ന ക്ഷുദ്രങ്ങളായ ഗ്രന്ഥശാലകൾ ഇന്നു ധാരാളം ഉണ്ടു്. എണ്ണം വർദ്ധിപ്പിക്കുന്നതിനല്ലാതെ അവകൊണ്ടു് വേറേ പ്രയോജനം ഇല്ല. കാലാന്തരത്തിൽ അവയുടെ സംഖ്യ കുറഞ്ഞുവരുമെന്നു സമാധാനിക്കാം.

ജനങ്ങൾ ഗ്രന്ഥപാരായണത്തിൽ അഭിരുചിയുണ്ടാക്കി വളർത്തുക, അവരുടെ സഹൃദയത്വം സംസ്കൃതി എന്നിവയെ ഉയർത്തുക എന്നിവയാണു് ഗ്രന്ഥശാലകൾകൊണ്ടു് ലഭിക്കേണ്ട രണ്ടു മുഖ്യങ്ങളായ പ്രയോജനങ്ങൾ. ഇവയുടെ അഭിവൃദ്ധിയെ ആശ്രയിച്ചാണു് ഗ്രന്ഥശാലകളുടെ വിജയം നിലനിൽക്കുന്നതു്. ജനങ്ങളുടെ ഹൃദയമാലിന്യത്തെ നീക്കി അവരെ സംസ്കാരസമ്പന്നന്മാരാക്കുന്നതിനു സത്തമഗ്രന്ഥങ്ങൾക്കു മാത്രമേ സാധിക്കയുള്ളു. അതുകൊണ്ടു് അത്തരം ഗ്രന്ഥങ്ങൾ വായനശാലകളിൽ ഉണ്ടായിരിക്കണം. കുഗ്രന്ഥപരമ്പരകളെ കഴിവുള്ളിടത്തോളം വർജ്ജിക്കകയും വേണം. ദുർജ്ജനങ്ങളുടേതെന്നപോലെ ദുഷ്ടഗ്രന്ഥങ്ങളുടെയും സംസർഗ്ഗം ആപൽക്കരമാണു്. ഇവ രണ്ടും അപക്വബുദ്ധികളും അവിചാരശീലന്മാരുമായ യുവാക്കന്മാരെ നേർവഴിയിൽനിന്നു ഭ്രംശിപ്പിച്ചു കൊണ്ടുപോയി അപകടത്തിൽ ചാടിക്കും. ഈ രണ്ടു് ആപത്തുകളിൽനിന്നു മുക്തികിട്ടിയാൽ അവിടെ യുവജീവിതം വിജയപ്രദമാകും.

ശലഭങ്ങൾക്കു് അഗ്നിയോടെന്നപോലെ, യുവാക്കന്മാർക്കു് നികൃഷ്ടങ്ങളായ ഗ്രന്ഥങ്ങളോടു സമീപിക്കുന്നതിനു ഒരു വാസനയും കൗതുകവും വേറെയുണ്ടു്. അതു തടയുന്നതിനു ഗ്രന്ഥശാലകളിൽ ക്ഷുദ്രഗ്രന്ഥങ്ങൾക്കു സ്ഥാനം കൊടുക്കാതെയിരിക്കുകയാണു് പ്രധാനമായി വേണ്ടതു്. ഇക്കാര്യം അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഗ്രന്ഥശാലാസംഘങ്ങളുടെ അധികാരികളും പ്രവർത്തകന്മാരും ചിന്തിക്കുമെന്നു വിശ്വസിക്കുന്നു.

ഒരു ഗ്രന്ഥം ദുഷ്ടമോ അദുഷ്ടമോ എന്നറിയുന്നതെങ്ങിനെ എന്നു് ഇവിടെ ഒരു ചോദ്യമുണ്ടാകാം. അതിനു് സമാധാനമില്ലായ്കയില്ല. സാധാരണമായി സജ്ജനങ്ങൾ, പണ്ഡിതന്മാർ, സഹൃദയന്മാർ, അദ്ധ്യാപകന്മാർ എന്നിവരുടെ വർഗ്ഗത്തിൽ ഉൾപ്പെടുന്നവർ ശ്ലാഘിക്കുന്ന ഗ്രന്ഥങ്ങളെ ഉത്തമങ്ങളായും നിന്ദിക്കുന്നവയെ ദുഷ്ടങ്ങളായും ഗണിക്കണം. രുചി പലർക്കും പലവിധമാകകൊണ്ടു് ഈ അഭിപ്രായത്തിനു ചിലപ്പോൾ അല്പം തെറ്റു പറ്റിയെന്നു വരാം. എന്നാലും പൊതുവേ ഈ അഭിപ്രായമാണു് സ്വീകാര്യം. എല്ലാ ജനസമുദായങ്ങളുടേയും ഇടയിൽ പൂർവപുരുഷന്മാർ അനേകം തലമുറകളായി, പരമോത്തമങ്ങളായി ഗണിച്ചു് ആരാധിക്കുന്ന ഗ്രന്ഥങ്ങൾ കാണും. ഭാരതീയരുടെ രാമായണം, ഭാരതം, ഭാഗവതം, ദർശനങ്ങൾ, ധർമ്മശാസ്ത്രങ്ങൾ, കാളിദാസകൃതികൾ മുതലായവ അത്തരം ചില ഗ്രന്ഥങ്ങളാകുന്നു. ക്രിസ്ത്യാനികളുടെ വേദഗ്രന്ഥങ്ങളെയും ഈ വർഗ്ഗത്തിൽ ഉൾപ്പെടുത്താം. അവയുടേയും തത്തുല്യങ്ങളായ ഇതരഗ്രന്ഥങ്ങളുടേയും മാഹാത്മ്യം സർവ്വസമ്മതമാണു്. അതുകൊണ്ടു അവയേയും, അവയുടെ ആദർശങ്ങൾ കൈക്കൊണ്ടു് ബഹുപ്രസ്ഥാനങ്ങളിൽ നിർമ്മിതങ്ങളായിരിക്കുന്ന ഗ്രന്ഥങ്ങളെയും സദ്വർഗ്ഗത്തിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകളിൽ സ്ഥാനം കൊടുക്കണം. മനുഷ്യർക്കു് സാംസ്കാരികമായ അഭിവൃദ്ധി ജനിപ്പിക്കുന്നതിനു് ഈ വക ഗ്രന്ഥങ്ങൾക്കു് അന്യാദൃശമായ പ്രഭാവം ഉണ്ടു്.

ഇന്നത്തെ ഗ്രന്ഥശാലകളിൽ വളരെ കുറവായിരിക്കുന്നതു് ശാസ്ത്രശാഖയിൽ ഉൾപ്പെടുന്ന ഗ്രന്ഥങ്ങളാണു്. ശാസ്ത്രം ആഹാരംപോലെയാണു്. അതുകൂടാതെ മനുഷ്യനു ജീവിക്കാവുന്നതല്ല. സാഹിത്യം അലങ്കാരംപോലെയാകുന്നു. അതില്ലെങ്കിലും കഴിച്ചുകൂട്ടാം. അത്രയും പ്രാധാന്യം ശാസ്ത്രത്തിനുണ്ടു്. ശാസ്ത്രങ്ങൾ എല്ലാം മനുഷ്യർക്കു് ഓരോ നിലയിൽ അത്യാവശ്യമാണു്. അവയെ സംബന്ധിച്ചിടത്തോളം ഒന്നു് ആവശ്യം മറ്റതു് അനാവശ്യം എന്നു പറയാവുന്നതല്ല. ശാസ്ത്രം കണ്ണാകുന്നു. അതിനു പുഷ്ടിയും പരിഷ്കാരവും ലഭിക്കാത്ത ഒരു ഭാഷ, ഭാഷയെന്ന പേരിനുതന്നെ അർഹതയുള്ളതല്ല. ശാസ്ത്രത്തിൽനിന്നു ലഭിക്കുന്ന ജ്ഞാനത്തിന്റെ നിലയൊന്നു വേറെ. സാഹിത്യത്തിൽനിന്നു കിട്ടുന്നതിന്റെ സ്ഥിതി വേറെയൊന്നു്. ഇവയ്ക്കു തമ്മിൽ ആനയ്ക്കും ആടിനും എന്നപോലെ വ്യത്യാസമുണ്ടു്. ഒരുവൻ ഏതു കലകൊണ്ടു് പെരുമാറുവാൻ ഉദ്ദേശിക്കുന്നുവോ അവൻ ആദ്യമായി അതിനടിസ്ഥാനമായ ശാസ്ത്രങ്ങൾ പഠിക്കണം. എങ്കിൽ മാത്രമേ അവന്റെ പരിശ്രമം മുന്നോട്ടുപോയി വിജയം വരിക്കുകയുള്ളൂ.

ഇന്നു ഭാഷയിൽ കവിതാമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും അതിനു് ആഗ്രഹിക്കുന്നവരും പലരും ഉണ്ടു്. എന്നാൽ വ്യാകരണം കോശം രസം അലങ്കാരം മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രങ്ങൾ അവർക്കു് അപരിചിതങ്ങളാണു്. അവയോടു് അടുക്കുന്നതിനു് അവർക്കു് വൈമുഖ്യം കാണുന്നു. അതുകൊണ്ടു് അവരുടെ കൃതികൾ വികൃതങ്ങളും വിഫലങ്ങളുമായിത്തീരുന്നു.

ഇന്നു ഭാഷാകവിതയ്ക്കു് ശാസ്ത്രമാർഗ്ഗത്തിൽനിന്നു കുറേയേറെ ഭ്രംശവും തദനുസരണം വൈകല്യവും നേരിട്ടിരിക്കുന്നു. ശാസ്ത്രങ്ങളെ ഉദ്ധരിച്ചു രക്ഷിക്കുന്നതുകൊണ്ടു മാത്രമേ അതിനു ഈ ദുഃസ്ഥിതിയിൽനിന്നു രക്ഷ കിട്ടുകയുള്ളൂ. ഗ്രന്ഥശാലാപ്രവർത്തകന്മാർ ഈ വസ്തുത ഗ്രഹിച്ചു ശാസ്ത്രശാഖകളിലെ ഗ്രന്ഥങ്ങളോടു പൂർവാധികം ആദരം കാണിക്കേണ്ടതാകുന്നു.

ഗ്രന്ഥശാലകളിൽ വാങ്ങേണ്ടുന്ന പുസ്തകങ്ങളെക്കുറിച്ചു ഗ്രന്ഥശാലാസംഘക്കാർ പ്രസിദ്ധ

# കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ (കൊ. 1040—1088)

എം. ആർ. ബാലകൃഷ്ണവാരിയർ എം. ഏ.

മലയാളഭാഷയ്ക്കു് പല മഹനീയനേട്ടങ്ങൾ കൈവരുത്തിയ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ വെണ്മണി പ്രസ്ഥാനത്തിലെ പ്രഗത്ഭനായ ദ്രുതകവി, സരസഗദ്യകാരൻ, പരിഭാഷകൻ, പത്രാധിപർ, ഗവേഷകൻ, എന്നീ നിലകളിൽ മഹാസേവനം നടത്തിയ രസസിദ്ധനാണു്: പരിമിതമായ ആയുഷ്കാലത്തിനിടയിൽ രചിച്ചുതള്ളിയ കാവ്യങ്ങളുടെ എണ്ണവും വണ്ണവും അത്ഭുതാവഹമത്രേ: ആ കാവ്യലോകത്തിന്റെ വിശാലതയും വൈപുല്യവും വിശിഷ്ടതയും ആരേയും അമ്പരപ്പിക്കും. വാസനയുടെ തികവും വ്യവസായത്തിന്റെ മികവും—അതാണു് അദ്ദേഹത്തിന്റെ സാഹിത്യജീവിതം. അദ്ദേഹം കൈവയ്ക്കാത്ത പ്രസ്ഥാനമില്ല; ഒന്നിനോടും അമിതമായ പക്ഷപാതവുമില്ല: എല്ലാത്തിലും അഭിരുചിയും ആസക്തിയുമുണ്ടു്. ഗംഗാപ്രവാഹം പോലെ അപ്രതിഹതമായി ആ കാവ്യനിമ്നഗ അതിവേഗത്തിൽ പ്രവഹിച്ചു. ഈ 'സരസദ്രുതകവി കിരീടമണി'യെപ്പോലെ പദ്യങ്ങൾ ഉതിർക്കുവാൻ കെല്പുള്ളവർ ചുരുങ്ങും: അദ്ദേഹത്തിന്റെ സ്വയമേവാഗതയായ കവിത ഏതുവിഷയവും കടന്നു പിടിക്കും. എഴുതുന്നതു് ആയാസം കൂടാതെ കവിതയാകുകയെന്നതു് ഒരു അപൂർവ്വസിദ്ധിതന്നെയാണു്. കണ്ടമാനം എഴുതിക്കൂട്ടുന്നവരുടെ, കുററങ്ങളും കുറവുകളും അദ്ദേഹത്തിന്റെ കവിതയിൽ വിരളമല്ല: എഴുതിയതിനെ സംസ്കരിച്ചു് വീണ്ടും വീണ്ടും മോടി പിടിപ്പിക്കാനുള്ള മേനിപ്പണി അദ്ദേഹത്തിനു് മെനക്കേടാണു്. 'വായിൽ വന്നതു് കോതയ്ക്കു പാട്ടു്' ഇതത്രേ ആ രചനയുടെ രഹസ്യം.

---

പ്പെടുത്തിയിരിക്കുന്ന പട്ടിക ശ്ലാഘനീയമായിരിക്കുന്നു. പ്രാചീനങ്ങളായ അനേകം ഗ്രന്ഥരത്നങ്ങളേയും, വിശേഷിച്ചു ബഹുവിധങ്ങളായ ശാസ്ത്രങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ലെന്നു—അല്ലെങ്കിൽ ഉൾപ്പെടുത്തിയതു മതിയായില്ലെന്നു-അതിനു രണ്ടു ന്യൂനതകൾ പറയാം. സംഘക്കാർ, ഇനി പട്ടിക തയാറാക്കുമ്പോൾ ഭാഷയിൽ ഗ്രന്ഥപരിചയം—വിശേഷിച്ചു പൂർവഗ്രന്ഥപരിജ്ഞാനം—അധികം ലഭിച്ചിരിക്കുന്ന പണ്ഡിതന്മാരുമായി ആലോചിക്കുന്നതുപകാരമായിരിക്കും. ഇന്നു ഗ്രന്ഥശാലകൾക്കു അത്യന്തം ഉപകാരപ്രദവും ആദരണീയവുമാണു പ്രസ്തുത പട്ടിക.

പല ഗ്രന്ഥമന്ദിരങ്ങളിലും ആംഗലഭാഷാഗ്രന്ഥങ്ങൾ വരുത്തി സൂക്ഷിക്കുന്നതു കാണാം. കാലസ്ഥിതിക്കു അതു വേണ്ടതെന്നു സമ്മതിക്കണം. എന്നാൽ സംസ്കൃതഭാഷാഗ്രന്ഥങ്ങളെ വർജ്ജിച്ചിരിക്കുന്നതു ക്ഷന്തവ്യമായ അപരാധമല്ല. അവയേയും യഥോചിതം വരുത്തേണം. ഭാഷാവ്യാഖ്യാനങ്ങളോടുകൂടി അനേകം സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവ അത്യന്തം വിശിഷ്ടങ്ങളെന്നു സർവസമ്മതങ്ങളാണു്. അവയെ വരുത്തുന്ന കാര്യത്തിൽ ഗ്രന്ഥശാലാപ്രവർത്തകന്മാർക്കു എന്തു ആക്ഷേപമാണു പറയുവാനുള്ളതു്?

ഗ്രന്ഥശാലകളുടെ അഭിവൃദ്ധി സമ്പൂർണ്ണവും തൃപ്തികരവും ആകുമ്പോൾ നമ്മുടെ ന്യൂനതകൾക്കൊക്കെ ശരിയായ പരിഹാരം ഉണ്ടാകും. ഒരു രാജ്യത്തിന്റെ സർവവിധമായ അഭിവൃദ്ധിയുടെയും കന്ദളം ഗ്രന്ഥമന്ദിരങ്ങളുടെ അടിത്തറകളിൽനിന്നാണു മുളച്ചുപൊങ്ങി വളരേണ്ടതു്. എങ്കിൽ മാത്രമേ അതു ഫലപ്രദമാകുകയുള്ളൂ. വായനശാലകളുടെ ഉന്നതിക്കുവേണ്ടി ഭരണാധികാരികൾ ലോഭലേശസ്പർശംകൂടാതെ ധനം ചിലവിടണം. ആ ചിലവു സൂക്ഷ്മത്തിൽ ഒരു ചിലവല്ല; പരമമായ ആദായമാകുന്നു. രാഷ്ട്രനേതാക്കന്മാരും പൊതുജനങ്ങളും ഗ്രന്ഥശാലാപ്രവർത്തകന്മാരും ഈ തത്ത്വം വേണ്ടവിധം ഗ്രഹിക്കുമെന്നും അചിരേണ ഗ്രന്ഥമന്ദിരങ്ങൾക്കു് അഭിലഷണീയമായ പരമാഭിവൃദ്ധി ലഭിക്കുമെന്നും വിശ്വസിക്കുന്നു.

വാസനയും വൈദുഷ്യവും പരിശ്രമവും ഒത്തുചേൎന്നപ്പോൾ ആ കാവ്യഗംഗ കൂലം കുത്തി മറിഞ്ഞൊഴുകി നാടെല്ലാം നനച്ചു. ഏറിയ കാലം പുകൾപെററ വിദ്യാകേന്ദ്രമായ കൊടുങ്ങല്ലൂർ കോവിലകത്തെ പാരമ്പൎയ്യവഴിക്കും പിതാവായ വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്ടിൽനിന്നു് പൈതൃകമായും ലഭിച്ച കവിതാവാസന വളരെ ചെറുപ്പത്തിലേതന്നെ പ്രഫുല്ലമായതിൽ ആശ്ചൎയ്യപ്പെടാനില്ല. സകല കലകൾക്കും ശാസ്ത്രങ്ങൾക്കും വിളനിലമായിരുന്ന കൊടുങ്ങല്ലൂർ കോവിലകത്തെ തൂണുകൾക്കുപോലും സാഹിത്യാഭിരുചി നിസൎഗ്ഗമായിട്ടുണ്ടെന്നു് കേരളപാണിനി ഒരിക്കൽ പ്രസ്താവിച്ചതു് എത്രയോ പരമാൎത്ഥമാണു്. പാരമ്പൎയ്യംകൊണ്ടും ശിക്ഷണംകൊണ്ടും അനുകൂലസാഹചൎയ്യങ്ങളിൽ തഴച്ചു് ചെഴിച്ച കവിതാവാസനയുടെ ഫലമാണു് മേദുരസുന്ദരമായ അദ്ദേഹത്തിന്റെ കാവ്യസഞ്ചയം. മഹാപ്രസിദ്ധനായ വിദ്വാൻ കുഞ്ഞിരാമവൎമ്മത്തമ്പുരാന്റെ കീഴിൽ, കാത്തുള്ളി അച്യുതമേനവൻ മുതലായ സതീൎത്ഥ്യന്മാരോടുകൂടി, സംസ്കൃതവിദ്യാഭ്യാസംചെയ്തു് ദൃഢവ്യുല്പത്തിയും ശാസ്ത്രശിക്ഷണവും സമ്പാദിച്ചതു് അദ്ദേഹത്തിന്റെ കവനകലക്കു് പോഷകമായിത്തീൎന്നു. പിതാവിന്റെ സാഹചൎയ്യവും ഉപദേശവും കാലിടറാതെ കാവ്യപഥത്തിൽ വിഹരിക്കുന്നതിനു് പ്രേരകമായി. ഒറവങ്കര, കാത്തുള്ളി, വെണ്മണിമഹൻ, നടുവത്തച്ഛൻ, ചെറിയകൊച്ചുണ്ണിത്തമ്പുരാൻ മുതലായ സരസകവികളും മററു സാഹിത്യകാരന്മാരും കൂടിച്ചേൎന്ന കവിസദസ്സിന്റെ ഉപദേശവും പ്രോത്സാഹനവും കുഞ്ഞിക്കുട്ടൻതമ്പുരാനു് തന്റെ കവിതാകാമിനിയെ യൗവ്വനാനുരൂപമായ വേഷഭൂഷാദികൾകൊണ്ടു് സമ്മോഹനയാക്കുവാൻ സഹായകമായിരുന്നു. നിത്യസംഭവമായിരുന്ന അവിടുത്തെ കവിസദസ്സുകളിൽ പങ്കെടുത്തു് നാനാരീതിയിലുള്ള കവനസമ്പ്രദായങ്ങളിൽ തഴക്കവും പഴക്കവും സിദ്ധിച്ചു. കവിതാവേഗപരീക്ഷകളും മററുവിധംകവിതാമത്സരങ്ങളും അവിടെ നടത്തിയതിന്റെ ശേഷമാണു് വെണ്മണി അച്ഛൻ:—

'ഭാഷാരീതിപ്പഴക്കത്തിനുനടുവ, മതിപ്രാസമെണ്ണിപ്പെറുക്കി
ശ്ലോഷിച്ചീടാതെ കുത്തിത്തിരുകി വിടുവതിന്നച്യുതൻ മെച്ചമോടെ
ഘോഷിക്കും കുഞ്ഞട്ടപൻ, ലഘുരസഫലിതംരാജവിപ്രൻ ചമയ്ക്കും
തോഷം സർവ്വൎക്കുമൊപ്പം തരുവതിനൊരുവൻ കൊച്ചു കൊച്ചുണ്ണിട്ടപൻ'

എന്നിങ്ങനെ ഓരോരുത്തരുടെയും പ്രത്യേക കഴിവുകളെക്കുറിച്ചു് പ്രസ്താവിച്ചിട്ടുള്ളതു്. ദ്രുതകവനം, ഖണ്ഡകാവ്യനിൎമ്മാണം, സമസ്യാപൂരണം, ഭാഷാന്തരീകരണം, എന്നു തുടങ്ങിയ സാഹിത്യവിനോദങ്ങളിൽ ഏതെങ്കിലും ഒന്നു് ഓരോ അവസരത്തിലും ഉണ്ടാകാതെയിരിക്കയില്ല.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കാവ്യകലയ്ക്കുണ്ടായ മറെറാരു ആനുകൂല്യം, മനോരമ മുതലായ പത്രങ്ങളുടേയും മാസികകളുടേയും സഹായമാണു് വൎഗ്ഗീസ്മാപ്പിള ഇക്കാൎയ്യത്തിൽ തമ്പുരാനെ എപ്പോഴും അലട്ടിക്കൊണ്ടിരുന്നു. കോട്ടയത്തുനിന്നും പുറപ്പെട്ട മനോരമയും ഭാഷാപോഷിണിയും അക്കാലത്തു് ഭാഷാകവിതയ്ക്കും സാഹിത്യവികാസത്തിനു് പൊതുവേയും ചെയ്തിരുന്ന ഒത്താശകളാണു് ഇന്നത്തെ നിലക്കു് ഏറക്കുറെ കാരണം. കോട്ടയം കവിസമാജത്തിലെ ഒരു പ്രമുഖാംഗവും അതിന്റെ ഉപാദ്ധ്യക്ഷനും അദ്ദേഹം തന്നെയായിരുന്നു. അതിന്റെ ആഭിമുഖ്യത്തിൽ നടന്ന കവിതാമത്സരപ്പരീക്ഷകളിൽ അദ്ദേഹത്തിനു് തന്നെ എപ്പോഴും മുമ്പും കൈയ്യും. മിക്ക കവിതാസാമൎത്ഥ്യപ്പരീക്ഷകളിലുംഅദ്ദേഹംതന്നെ വിജയം വരിച്ചു. വെണ്മണിമഹൻ, കൊച്ചുണ്ണിത്തമ്പുരാൻ, മുതലായ ദ്രുതകവിതാവിരുതന്മാൎക്കും അദ്ദേഹത്തെക്കാൾ ഉയരാൻ സാധിച്ചിട്ടില്ല.

തമ്പുരാന്റെ പ്രഥമകൃതി, 'കവിഭാരതം' അക്കാലത്തെ കവികളെ ഭാരതത്തിലെ പാത്രങ്ങളായി സങ്കല്പിച്ചു രചിച്ചിട്ടുള്ള കൃതിയാണു്. കവിരാമായണം മുതലായ അത്തരം കൃതികൾ അന്നു് സാഹിത്യകാരന്മാൎക്കു് ഏറക്കുറെ പ്രിയതരമായിരുന്ന ഈ പ്രസ്ഥാനത്തിന്റെ സന്തതികളത്രേ. തമ്പുരാൻ കവിഭാരതത്തിൽ പാണ്ഡ

വപക്ഷം കൌരവപക്ഷം എന്നു് രണ്ടുകിടകമായി സമകാലിക കവിവരന്മാരെ തരം തിരിച്ചിരിക്കുന്നു. ഓരോ കവിയുടേയും യോഗ്യതകളെ ഔചിത്യപൂർവ്വം തുലനംചെയ്ത ശേഷമാണു് പുരാണപുരുഷന്മാരുമായി സാദൃശ്യം വരുത്തിയിട്ടുള്ളതും. ഉയൎന്നുവരുന്ന യുവകവിയായ തമ്പുരാന്നുതന്നെ കൃതവൎമ്മാവിന്റെ സ്ഥാനമാണു് നല്കിയിട്ടുള്ളതു്. 'ദക്ഷയാഗശതകം', 'നല്ലഭാഷ', 'പാലുള്ളിചരിതം' എന്നു തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ കാവ്യകലയുടെ പ്രഥമവിന്യാസങ്ങളാണു്. പച്ചമലയാളപദങ്ങൾമാത്രംകൊണ്ടു് പദ്യം നിൎമ്മിക്കുവാനുള്ള പരീക്ഷണമാണു് 'നല്ലഭാഷ'; ഒടുവു്, കുണ്ടൂർ, ഉള്ളൂർ, മുതലായ കവിവരന്മാർ അനുകരിച്ചു് ഏറാക്കുറെ വിജയംവരിച്ച ഈ സമ്പ്രദായത്തിനു് അദ്ദേഹം 'നല്ലഭാഷ' കൊണ്ടു് മാർഗ്ഗദർശനം ചെയ്തു. കേരളത്തിലെ പല ഐതിഹ്യങ്ങളെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഖണ്ഡകൃതികളിൽ മികച്ച ഒരു മണിപ്രവാള കവനമാണു് 'പാലുള്ളിചരിതം'. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സ്വതസ്സിദ്ധമായ വർണ്ണനാവൈഭവം കഥാനായികയായ മാധവിയുടേയും മാതാമഹിയുടേയും ധൂർത്തനായ മാപ്പിളയുടേയും ചിത്രങ്ങൾ പ്രസ്പഷ്ടമാക്കും. അനുവാചകന്മാരുടെ മനസ്സിൽ പതിഞ്ഞു് ഒരിക്കലും മായാത്തവിധം തങ്ങിനില്ക്കുവാൻ തക്ക കെല്പും തന്മയത്വവും അനുഭവരസികത്വവും ആ വർണ്ണനകൾക്കുണ്ടു്. മാപ്പിളവ്യൂഹത്തെ പൊരുതു് പരാജയപ്പെടുത്തി മുറിവുകളൊന്നുമേല്ക്കാതെ മടങ്ങിവന്ന പാലുള്ളി നമ്പൂതിരിയുടെ ശൌൎയ്യവും വീൎയ്യവും വർണ്ണിച്ചിരിക്കുന്നതു് ആരേയും ആകർഷിക്കും. തമ്പുരാന്റെ കവിതാംഗന അലങ്കാരമോടിയിൽ ഭ്രമിക്കുന്നില്ലെന്നുള്ളതാണു് അതിന്റെ അകൃത്രിമമായ ആസ്വാദ്യതയ്ക്കു നിദാനം: പൊടിക്കൈകളും മനോധൎമ്മങ്ങളും ഇടയ്ക്കിടക്കു് പ്രയോഗിച്ചു് അതിന്റെ മനോജ്ഞത്വത്തിനു് മാററുകൂട്ടുന്നുമുണ്ടു്. തമ്പുരാന്റെ അയത്നലളിതവും നിസ്സർഗ്ഗസുന്ദരവുമായ കാവ്യശൈലി ഇതിൽ ഉടൽനീളം കാണാം.

അദ്ദേഹത്തിന്റെ യൌവ്വനകാലകൃതികളിൽ ഏതാനും നാടകങ്ങളും ഉൾപ്പെടുന്നു. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ അഭിജ്ഞാനശാകുന്തളം തർജ്ജമചെയ്തതു് നാട്ടൊട്ടുക്കു് നാടകഭ്രാന്തു പ്രചരിപ്പിക്കുന്നതിനു കാരണമായി. നാടകഭ്രമം നാനാകവികളേയും ബാധിക്കുന്നതിനും അനവധി നാടകങ്ങൾ ഭാഷാന്തരങ്ങളായി ആവിർഭവിക്കുവാനും ഭാഷാനാടകപ്രസ്ഥാനത്തിനു് ബീജാവാപം ചെയ്യുന്നതിനും കേരളവർമ്മയുടെ ഈ ശ്രമം ഉപകരിച്ചു. കൊച്ചുണ്ണിത്തമ്പുരാന്റെ 'കല്യാണീനാടകം' അക്കൂട്ടത്തിലവതരിച്ച ആദ്യത്തെ സ്വതന്ത്രഭാഷാനാടകമാണു്. കുഞ്ഞിക്കുട്ടൻ തമ്പുരാൻ ലക്ഷണാസംഗം, ഗംഗാവതാരം, സീതാസ്വയംവരം, സ്യമന്തകം എന്നു തുടങ്ങി ഏതാനും നാടകങ്ങൾ കവിതാമത്സര പരീക്ഷകൾക്കായി രചിച്ചു. എന്നാൽ ഇവയിലൊന്നുപോലും അഭിനയിച്ചതായി കേട്ടിട്ടില്ല. അവയ്ക്കു് അഭിനയയോഗ്യതയും വളരെ കുറവുതന്നെ. നാടകരൂപവും വിവിധസങ്കേതങ്ങളോടുള്ള ആദരവും പ്രദർശിപ്പിക്കുന്നുവെന്നല്ലാതെ സംഭാഷണങ്ങളിൽ ചുറുക്കും സ്വഭാവസ്ഫുരണവും, പാത്രരചനയിൽ സുഭഗത്വവും തന്മയത്വവും കാണാനില്ല. ലോകപരിചയവും ഭാവനാപ്രചുരിമയും പാത്രവിധാനചാതുരിയും കഥാവിഷ്കരണപാടവവും മററും വേണ്ടവിധത്തിൽ അവയിൽ വിളയാടുന്നുമില്ല. നല്ല ഒഴുക്കും പ്രസാദവും ഓജസ്സുമുള്ള ചില പദ്യങ്ങൾ അവയിലുണ്ടെന്നല്ലാതെ, മറെറാരു തരത്തിലും ഈ നാടകങ്ങൾക്കു് പ്രാശസ്ത്യമില്ല. തമ്പുരാന്റെ കവിതയ്ക്കു് തഴക്കവും അഭ്യാസവും ഉണ്ടാകുന്നതിനും ഇവ ഏറക്കുറെ ഉപകരിച്ചുവെന്നതു് വിസ്മരിക്കത്തക്കതല്ല.

തമ്പുരാൻ പില്ക്കാലത്തുണ്ടാക്കിയിട്ടുള്ള നാടകങ്ങളിൽപോലും ഒന്നുരണ്ടെണ്ണമേ ചിരപ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ളു. അവയിൽ ആശ്ചര്യചൂഡാമണി, വിക്രമോർവ്വശീയം 'മാനവിക്രമവിജയം' എന്നിവ മുന്നിട്ടുനില്ക്കുന്നു. കേരളീയനായ ശക്തിഭദ്രന്റെ ചൂഡാമണി തർജ്ജമ

ചെയ്തിട്ടുള്ളതു് ഭാഷയ്ക്കു് തീർച്ചയായും ഒരനുഗ്രഹംതന്നെയാണു്. അർത്ഥത്തിനു് അശേഷം കോട്ടംവരാതെ ഏററവും ലളിതമായ ഭാഷയിൽ മൂലശ്ലോകങ്ങളെ പരിഭാഷപ്പെടുത്തിയിരിക്കുന്നുവെന്നാണു് ഇവയുടെ മേന്മ. സുന്ദരീവേഷത്തിൽ ആഗതയാകുന്ന ശൂർപ്പണഖയെക്കണ്ടു് ലക്ഷ്മണനുണ്ടാകുന്ന വിചാരങ്ങളെ:–

"മന്നിൻ ഭൂഷണമായിടട്ടെ, യഥവാ
വിണ്ണിന്നലങ്കാരമാ-
ണെന്നായ്ത്തന്നെവരട്ടെ, പോട്ടെ ചപല
ന്മാർക്കാണിവററിൽ ഭ്രമം
നന്നായിപ്പിതൃവാക്കു കേൾക്കുവതിനാ-
യീക്കാട്ടെഴും ധീരനാ
മെന്നാര്യന്റെ വശത്തുവാഴുമൊരു ഞാൻ
കാമാർത്തനായിടുമോ?"

എന്നീ പദ്യത്തിൽ തന്മയത്വത്തോടെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ രസസ്ഫൂർത്തിക്കു പോഷകമായ വിധത്തിൽ മധുരലളിതപദങ്ങളെ പ്രയോഗിച്ചു് രചിച്ചിട്ടുള്ള പദ്യങ്ങൾ തർജ്ജമകളാണെന്നുള്ള പ്രതീതിതന്നെ ഉളവാക്കുകയില്ല. അത്രയ്ക്കു രസികത്വവും മനോധർമ്മവും മാധുര്യവും അവയിലുണ്ടു്. അപൂർവ്വം സന്ദർഭങ്ങളിൽ മൂലശ്ലോകങ്ങളെക്കാൾ ചമൽക്കാരപൂർണ്ണമായിട്ടുണ്ടെന്നു് തോന്നിപ്പിക്കുന്ന ശ്ലോകങ്ങളുമില്ലാതില്ല. കേരളവർമ്മയുടെ അഭിജ്ഞാനശാകുന്തളത്തേക്കാൾ ഒരടി മുന്നോട്ടു പോയിട്ടുണ്ടു് ചൂഡാമണിയെന്നു് സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല. ശുദ്ധമലയാള ശൈലിയുടെ പുരോഗമന ചരിത്രത്തിൽ ചൂഡാമണിക്കുള്ള സ്ഥാനം മഹത്തരമത്രേ. എന്നാൽ ശാകുന്തളത്തിനു് ലഭിച്ച പ്രശസ്തിയോ പ്രചാരമോ ഇതിനു് ലഭിച്ചുമില്ല. അക്ലിഷ്ടവും ലളിത മോഹനവുമായ ശൈലിതന്നെയാണു് 'വിക്രമോർവ്വശീയ'ത്തിലും. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ തർജ്ജമയേക്കാൾ ഗുണപുഷ്കലമാണു് തമ്പുരാന്റെ പരിഭാഷ. കേരളചരിത്രാംശത്തെ ആസ്പദമാക്കി രചിച്ച 'മാനവിക്രമവിജയ'വും 'ചന്ദ്രിക'യും അദ്ദേഹത്തിന്റെ സ്വതന്ത്രനാടകങ്ങളിൽ മികച്ചുനില്ക്കുന്നു. കൊച്ചുണ്ണിത്തമ്പുരാന്റെ കല്യാണീനാടകത്തെ അനുകരിച്ചു് ശൃംഗാരരസത്തെ മുൻനിർത്തി രചിച്ചതത്രേ 'ചന്ദ്രിക'. അതിലെ ഇതിവൃത്തം കല്പിതമാണെന്നു മാത്രമല്ല, പാത്രസൃഷ്ടിയിൽ ഏറക്കുറെ ദത്താവധാനനുമാണു് നാടകകർത്താവു്.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നിരവധി നാടകകൃതികളിൽ ഷേക്സ്പീയർ മഹാകവിയുടെ 'ഹാംലററി'ന്റേയും 'ഒഥല്ലോ'യുടേയും പരിഭാഷകൾകൂടി ഉൾപ്പെടുന്നു. ദിവാൻബഹദൂർ ഗോവിന്ദപ്പിള്ളയുടേയും ചിതംബരവാദ്ധ്യാരുടേയും ഷേക്സ്പീയർ തർജ്ജമകളേക്കാൾ മെച്ചമാണെന്നല്ലാതെ, മൂലഗ്രന്ഥങ്ങളുടെ സാരസ്യം ഇവയിൽ ശരിയായി പകർന്നു തന്നിട്ടില്ലതന്നെ. ആ വിശ്വകവിയുടെ ദുരന്തനാടകങ്ങളെ ഒഴുക്കൻ രീതിയിൽ മലയാളത്തിലേക്കു പരാവർത്തനം ചെയ്യുന്നതിനേ ഇംഗ്ലീഷുഭാഷയിൽ വേണ്ടത്ര പാണ്ഡിത്യമില്ലാത്ത തമ്പുരാൻ കഴിഞ്ഞിട്ടുള്ളു. ആരോ ആശയം പറഞ്ഞുകൊടുത്തു് പരിഭാഷ വല്ലവിധത്തിലും ദ്രുതഗതിയിൽ നടത്തിയതിന്റെ ഫലം തർജ്ജമകൾ നല്ലപോലെ വെളിവാക്കുന്നുണ്ടു്. ഒന്നു രണ്ടു നല്ല നാടകങ്ങൾ പ്രദാനം ചെയ്തുവെന്നതാണു് തമ്പുരാന്റെ ഈ മാർഗ്ഗത്തിലുള്ള സാഹിത്യവ്യാപാരം കൊണ്ടുണ്ടായ പ്രയോജനം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'രസികരഞ്ജിനി'യുടെ പത്രാധിപത്യം ഏററതുമുതല്ക്കു് പിന്നേയും ഗദ്യമയമായും പദ്യമയമായും അനവധി കൃതികൾ ഉതിക്കുവാൻ തുടങ്ങി. അന്നു തൊട്ടാണു് അദ്ദേഹത്തിന്റെ കാവ്യകലയ്ക്കു് അഭൂതപൂർവ്വമായ വികാസവും വൈപുല്യവും വൈവിധ്യവും പ്രത്യക്ഷപ്പെട്ടതു്. പ്രസന്നവും സുഗ്രഹവുമായ ഒരു ഗദ്യശൈലി അവിടുത്തേക്കു സ്വാധീനമായിരുന്നു; 'പെരുവനം ഗ്രാമം' 'തൃക്കാണാമതിലകം' 'അഹിംസ', നമ്പൂതിരിമാരുടെ വിദ്യാഭ്യാസം' എന്നു തുടങ്ങി അനവധി ലേഖനങ്ങൾ അദ്ദേഹം വിദ്യാവിനോദിനി, രസികരഞ്ജിനി, മംഗളോദയം, രാമാനുജൻ എന്നീ മാസികകളിൽ ഓരോരോ കാലത്തു് പ്രസിദ്ധം ചെയ്തിട്ടുള്ളതു് സമാഹരിക്കുന്നതു് ഒരു വലിയ സമ്പാദ്യമായിരിക്കും. സംസ്കൃതവ്യുല്പ

ത്തിയില്ലാത്ത തനിമലയാളിക്കു് പ്രയാസം കൂടാതെ വായിച്ചു മനസ്സിലാക്കാവുന്നതും ഹൃദ്യവും സരളവുമാണു് അവിടുത്തെ ഗദ്യരീതി. മലയാളഗദ്യകാരന്മാരിലും അദ്ദേഹത്തിനു് ഒരു മാന്യസ്ഥാനത്തിനു് അവകാശമുണ്ടു്.

ഒരു നിരൂപകനെന്ന നിലയിൽ അദ്ദേഹം പ്രത്യക്ഷപ്പെടുന്നതു് രസികരഞ്ജിനിയിലെ ഗ്രന്ഥവിമർശങ്ങളിലാണു്. പക്ഷപാതം കൂടാതെ ഗ്രന്ഥങ്ങളുടെ ഗുണദോഷങ്ങളെ വേണ്ടവണ്ണം ഗ്രഹിക്കുകയും ദോഷഭാഗങ്ങളെ മധുരമായും ഹിതമായും ചൂണ്ടിക്കാണിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ നിരൂപണത്തിന്റെ പോക്കു്. അഭിപ്രായപ്രകടനത്തിൽ അതികക്ശത്വമോ പരുഷത്വമോ ഒട്ടുംതന്നെ പ്രദർശിപ്പിക്കുന്ന പതിവേയില്ല. സൌജന്യബുദ്ധിയും സംസ്കാരവുമത്രേ അതിന്റെ മായാത്ത മുദ്രകൾ. തമ്പുരാന്റെ അഭിപ്രായങ്ങളിലും അവയെ പ്രകാശിപ്പിക്കുന്ന ഭാഷയിലും ഏതാണ്ടൊരു അന്തസ്സും സംസ്കാരമഹിമയും സ്ഫുരിക്കാതിരിക്കയില്ല. അക്കാലത്തു നടന്നിരുന്ന സാഹിത്യവാദകോലാഹലങ്ങളിൽ ഒരു മദ്ധ്യസ്ഥന്റെ നിലയേ അവലംബിച്ചുള്ളൂ. മററുള്ളവരുടെ പ്രശംസയിൽ അഭിമാനമോ ദോഷപ്രഖ്യാപനത്തിൽ പാരുഷ്യമോ അദ്ദേഹത്തെ തീണ്ടിയിട്ടേയില്ല. അവിടുത്തെ കവിതയിലെ സ്ഖലിതങ്ങൾ എടുത്തുകാണിച്ച വി. സി. ബാലകൃഷ്ണപ്പണിക്കരോടു് 'അങ്ങനെ പാറിപ്പോയെടൊ' എന്നു് ഏററുപറഞ്ഞതേയുള്ളൂ. കവിസുഹൃത്തുകൾക്കു് അയച്ചിരുന്ന കവിതക്കത്തുകളിൽ ഉപദേശരൂപമായി പലപ്പോഴും അവരുടെ കൃതികളിലെ ന്യൂനതകൾ ഹിതമായും മിതമായും കാണിച്ചുകൊടുക്കുന്ന പതിവും അദ്ദേഹത്തിനുണ്ടായിരുന്നു. ദ്വിതീയാക്ഷരപ്രാസവാദം കൊടുമ്പിരിക്കൊണ്ടു് അന്തരീക്ഷം കലങ്ങിമറിഞ്ഞപ്പോൾ "വെറും വാഗ്വിവാദം തുടങ്ങിപ്പോയെച്ചാൽ കാര്യമുണ്ടോ, കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ" എന്നു് പ്രോത്സാഹജനകമായ ആഹ്വാനമാണു് ഉപദേശരൂപത്തിൽ അദ്ദേഹം നല്കിയതും.

മഹാഭാരത തർജ്ജമയാണു് ആ മഹാരഥന്റെ ഉത്സാഹശീലത്തിന്റെ ഉത്തമനിദർശനം. ഈ ഭഗീരഥയത്നം മൂന്നുകൊല്ലംകൊണ്ടു് നിർവ്വഹിച്ചതു് ഒരത്ഭുതം തന്നെയാണു്. കറയററ പാണ്ഡിത്യവും തികഞ്ഞ വാസനയും നിറഞ്ഞ ഉത്സാഹവും കവിഞ്ഞ കവനപാടവവുമുള്ള ഒരു മഹാകവിക്കേ ഈ സാഹിത്യയജ്ഞം വിജയകരമായി നടത്തുവാൻ സാധിക്കയുള്ളൂ. ഈ മഹാഗ്രന്ഥത്തിന്റെ പരിഭാഷ വൃത്താനുവൃത്തമായും മിക്കവാറും നിർദ്ദോഷമായും പൂർത്തിയാക്കുവാൻ തക്ക സരസ്വതീവിലാസവും നിസ്തന്ദ്രതയും അദ്ദേഹം പ്രദർശിപ്പിച്ചു. ഒരു പുരുഷായുസ്സിൽ പലർക്കും സാധിക്കാത്ത വൻകാര്യം ഒരു മൂന്നുകൊല്ലംകൊണ്ടു് വിജയപ്രദമാക്കിയതു് അദ്ദേഹത്തിന്റെ ദൃഢവ്രതവും കൃത്യനിഷ്ഠയും കൊണ്ടാണു്. ശബ്ദമയമായ ആ മഹാർണ്ണവത്തിൽ നീന്തിത്തുടച്ചു് മറുകര പററുവാൻ 'സരസദ്രുതകവി കിരീടമണി'ക്കു മാത്രമേ സാധിക്കയുള്ളുതാനും. അദ്ദേഹത്തെ 'കേരളവ്യാസ'നാക്കിയതു് ഈ മഹായത്നമാണു്. തീരുന്നതുവരെ അനുദിനം നിഷ്ഠയോടുകൂടി നൂറു ശ്ലോകത്തോളം പരിഭാഷപ്പെടുത്തുകയെന്ന നിയമം അലംഘനീയമായമായി കരുതി പ്രവർത്തിച്ചതിന്റെ ഫലമായി എണ്ണൂററിഎഴുപത്തിനാലു ദിവസംകൊണ്ടു് അതു് സമാപ്തമായി. മലയാളഭാഷയ്ക്കുണ്ടായ വലിയ നേട്ടങ്ങളിലൊന്നാണു് മഹാഭാരത തർജ്ജമ. കണ്ണശ്ശപ്പണിക്കരും തുഞ്ചത്താചാര്യനും ഭാരതത്തിന്റെ സംഗ്രഹരൂപമേ പ്രദാനം ചെയ്തുള്ളൂ. ഇത്ര വേഗത്തിൽ നടത്തിയിട്ടും മിക്കവാറും ദോഷവിമുക്തമായിരിക്കുന്നതു് ആരേയും ആശ്ചര്യപ്പെടുത്തും. മൂലത്തിലെ ആശയങ്ങൾക്കു് ഊനംവരാതെ ലളിതപരിഭാഷ ചെയ്തിട്ടുള്ളതു് അദ്ദേഹത്തിന്റെ പാണ്ഡിത്യവിലാസത്തിനും കവനപാടവത്തിനും മതിയായ തെളിവാണു്. പരിഭാഷയിൽ കുററങ്ങളും കുറവുകളും കണ്ടുപിടിക്കുവാൻ അരയും തലയും മുറുക്കി ഇറങ്ങിയവർപോലും ഭഗ്നാശയരായതേയുള്ളൂ. ഒരു സ്വതന്ത്രകൃതിയുടെ പ്രതീതി ഉണ്ടാക്കത്തക്ക വിധം സരസവും മനോധർമ്മസുരഭിലവുമാണു് പരിഭാഷ. പതിനെട്ടു പുരാണവും മലയാളത്തിലാക്കുവാൻ ഈ സതതോത്ഥായി ആഗ്രഹിച്ചു:–

‘പതിനെട്ടുപുരാണവും നമുക്കിദ്
ധൃതിയിൽ ഭാഷയിലാക്കിവിട്ടിടേണം
മതിയായ കവീന്ദ്രർ പിന്തുണച്ചാ
ലതിനീ ഞാൻ തലകാട്ടിയേററു നില്ക്കാം
ആരും തുണയ്ക്കില്ലിതിനെന്നുവന്നാൽ
ച്ചേരുംവിധം ഞാൻ കഴിയുന്നപോലെ
താരുണ്യഗർവ്വാൽ പറയുന്നതല്ലാ
നേരുള്ളതോർത്താം പടുവേല ചെയ്യും’

എന്നു് അദ്ദേഹം ഒരു സുഹൃത്തിനു് എഴുതിക്കാണുന്നു. എന്നാൽ ആ മോഹം വിടിരുന്നതിന് അല്പായുസ്സ് അനുവദിച്ചില്ല.

ശുകകോകിലസന്ദേശങ്ങളുടെ പരിഭാഷയും അദ്ദേഹം ചെയ്ത മറെറാരു പ്രശസ്തസേവനമത്രേ. മൂലത്തിന്റെ ഭാവമാധുര്യവും അലങ്കാരഭംഗിയും ഒട്ടുംതന്നെ ചോർന്നുപോകാതെ തർജ്ജമയിൽ വരുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ ഭാവഭംഗി മൂലത്തേക്കാൾ കൂടുതലുണ്ടെന്നു തോന്നിപ്പിക്കുന്നതിനും ഈ കവിവരനു് കഴിഞ്ഞിട്ടുള്ളതായി കാണാം.

‘കാന്തന്മാരൊത്തു കാൽത്താർ കടി കടുകളവിൽ
ക്ലാന്തമദ്ധ്യം കനത്തിൽ
കാന്തിപ്പിട്ടുള്ള കൊങ്കക്കുടമഴകു കല-
ർന്നാടിടും കണ്ഠഹാരം
കാന്തത്തിങ്കൾ പ്രഭാസ്യം കളിയുടയ കയൽ
ക്കണ്ണു കാർക്കൂന്തലേവം
കാന്ത്യാ കല്യാണിമാർ കൈവിശറിയൊടവിടെ
ദ്ദേവസേവയ്ക്കു കൂട്ടം’

എന്നതിൽ മൂലത്തിലെ അനുപ്രാസഭംഗി ഭാഷയിലും സാധിക്കുന്നുവെന്നു മാത്രമല്ല, അർത്ഥത്തിന്റെ സ്വാരസ്യം കൂടുതൽ കലർത്തുവാനും കഴിഞ്ഞിട്ടുണ്ടു്. ചില ഘട്ടങ്ങളിൽ മൂലത്തിലെ സാരസ്യവും വ്യംഗ്യഭംഗിയും അതുപോലെ പകർത്താൻ സാധിച്ചിട്ടുമില്ല. കാദംബരീകഥാസാരം, ശങ്കരാചാര്യചരിതം, ഭാരതമഞ്ജരിയിലെ ദ്രോണപർവ്വം മുതലായ വേറെയും പല സംസ്കൃതകാവ്യങ്ങളെ ഭാഷയിലേക്കു പരാവർത്തനം ചെയ്തിട്ടുണ്ടു്. സ്വതന്ത്രകൃതികളെക്കാൾ പരിഭാഷകളിലാണു് അദ്ദേഹം കൂടുതൽ ആരമിച്ചതു്. ഉത്തമകൃതികളെ തർജ്ജിമ ചെയ്യുന്നതിനും അനിതരസാധാരണമായ കവനവൈഭവം ആവശ്യമാണല്ലൊ. അഭിജ്ഞാനശാകുന്തളത്തിനും അദ്ദേഹം ഒരു പരിഭാഷ ഉണ്ടാക്കിയിരുന്നതായും കേരളവർമ്മ വലിയകോയിത്തമ്പുരാനോടുള്ള അമിതാദരം കൊണ്ടു് അതു് പ്രസാധനം ചെയ്യാതെയിരുന്നതായും പറഞ്ഞുകേട്ടിട്ടുണ്ടു്. ഉഭയഭാഷകളിലും ദൃഢപാണ്ഡിത്യവും സ്വാധീനശക്തിയും കലാനൈപുണിയും ഒത്തുചേർന്ന പരിഭാഷകന്മാർ ഭാഷയിൽ അദ്ദേഹത്തിനു തുല്യരായി അധികമാളുകളില്ല. സ്വതന്ത്രകാവ്യനിർമ്മാണത്തിൽമാത്രം വിഹരിച്ചിരുന്നുവെങ്കിൽ ഭാഷയ്ക്കു് ഇത്രയധികം കൈമുതൽകൂട്ടുവാൻ അവിടുത്തേക്കു സാധിക്കുമായിരുന്നോ എന്നു് സംശയിക്കേണ്ടതുണ്ടു്.

കുഞ്ഞിക്കുട്ടൻതമ്പുരാൻ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു് നേടിക്കൊടുത്ത നേട്ടങ്ങളാണു് ആധുനിക കവിതാരംഗത്തു് അദ്ദേഹത്തിനു് ഉത്തുംഗസ്ഥാനം കൈവരുത്തിയതു്. അവിടുത്തെ കവിയശസ്സ് ഏറാക്കുറെ അവയെ ആശ്രയിച്ചാണുതാനും. പുരാണേതിഹാസങ്ങളിലെ കഥാംശങ്ങളേയും പാത്രങ്ങളേയും ആധാരമാക്കി പഴയ രീതിയിൽ നല്ല ഭാഷയിൽ രചിച്ചിട്ടുള്ള ഖണ്ഡകവനങ്ങളിൽ ‘കംസൻ,’ ഭീഷ്മസമാധി, ഭീമയോഗം, യുധിഷ്ഠിരശമം, യാത്രാദാനം, രാധാകൃഷ്ണയോഗം, നാരായണാസ്ത്രദാനം എന്നിവ മുന്നിട്ടു നില്ക്കുന്നു. നൃശംസനായ കംസന്റെ ജീവിതകഥ സംഗ്രഹമായി പ്രതിപാദിക്കുകയാണു് ‘കംസ’നിൽ; അയാളുടെ യോഗ്യതകളിലും മഹത്വാംശങ്ങളിലുമാണു് കവിയുടെ ദൃഷ്ടി നിർന്നിമേഷമായി പതിയുന്നതും. അതിക്രൂരനായ ഒരു ശിശുഘാതകനെയല്ല, ധിക്കൃതശക്രപരാക്രമനായ ഒരു വീരപുരുഷനെയാണു് അതിൽ അവതരിപ്പിച്ചിട്ടുള്ളതു്. ശ്രീകൃഷ്ണന്റെ സർവ്വജനാകർഷകമായ മാഹാത്മ്യവും സരസമായി വർണ്ണിച്ചിരിക്കുന്നു. മല്ലന്മാരുമായും കംസന്റെ കൊലയാനയോടുമുള്ള ശ്രീകൃഷ്ണന്റെ സംഘട്ടനത്തെ അനുഭവരസികത്വത്തോടു വർണ്ണിച്ചും തന്മയത്വം വരുത്തിയിട്ടുണ്ടു്.

‘ചൊടിച്ചു നോക്കിച്ചെവി നീർത്തിവട്ടമായ്
പ്പിടിച്ചുടൻ തുമ്പിചുരുട്ടിയാഗ്ഗളം
പടിച്ചു പോരാടുമവന്റെ നേർക്കു പാ-
ഞ്ഞടിച്ചു കേറി കരവെച്ചു കുത്തുവാൻ’

എന്നിങ്ങനെ നിരർഗ്ഗളമായ പദപ്രവാഹം, നിസ്തുലമായ ശയ്യാഗുണം, നിരതിശായിയായ മനോധർമ്മപ്രസരം എന്നിവകൊണ്ടു് അത്തരം പൌരാണിക കഥാസ്പർശികളായ ഖണ്ഡകൃതിക്കളിൽ അതിനു് മുമ്പും കൈയ്യുമുണ്ടു്.

'ഭീഷ്മസമാധി'യിൽ യോഗനിഷ്ഠകൊണ്ടു് അചഞ്ചലനായി ദേഹപരിത്യാഗംചെയ്തു് മുക്തിപദംപ്രാപിക്കുന്ന ഭീഷ്മരുടെ അന്ത്യനിമിഷത്തെ വർണ്ണിക്കുന്നു. അർജ്ജുനന്റെ ശരനിരയുടെ ശക്തികൊണ്ടെന്നപോലെ ശരശയനം അവലംബിച്ചിരുന്ന ഭീഷ്മർ യോഗാഭ്യാസംകൊണ്ടു് ശ്വാസനിയന്ത്രണം ചെയ്തപ്പോൾ ദേഹത്തുതറച്ചുനിന്നിരുന്ന ശരപരമ്പര ദൂരെത്തെറിച്ചുപോകുന്നകാഴ്ച പ്രേക്ഷകരായ പാണ്ഡവന്മാരേയും താപസന്മാരെയുംഅത്ഭുതസ്തിമിതരാക്കുന്നു. ഭീഷ്മരാകട്ടെ ഭക്തിലഹരിയിൽ മുഴുകി പരിപൂർണ്ണസമാധിയിലാണ്ടു് ജീവന്മുക്തനാകുന്നു. ഈ ഗംഭീരസംഭവത്തിന്റെ പ്രൌഢവർണ്ണന തമ്പുരാന്റെ യോഗതന്ത്രപരംഗതയ്ക്കു് മകുടോദാഹരണമാണു്. 'ഭീമയോഗ'വും അതുതന്നെ വെളിവാക്കുന്ന മറെറാരുത്തമകൃതിയാണു്. അർജ്ജുനന്റെ തപോയോഗവൈഭവം കണ്ടു് യുധിഷ്ഠിരാദികൾ അത്ഭുതപരതന്ത്രരായപ്പോൾ, ഭീമൻ മാത്രം നിശ്ചലനായി അതിൽ ആശ്ചര്യം ഭവിക്കാതെ നിന്നു. യുധിഷ്ഠിരൻ ഇതിന്റെ കാരണം ഭീമനോടു ആരായുകയും ഇതിനേക്കാൾ വിസ്മാപകമായ യോഗവിദ്യ പ്രദർശിപ്പിക്കുവാനുള്ള കെല്പു് തനിക്കുണ്ടെന്നു് ഭീമൻ വീരവാദം പുറപ്പെടുവിക്കയുംചെയ്തു. അതു്, എന്നാൽ കാണിച്ചുകൊടുക്കണമെന്നു് ആവശ്യപ്പെട്ടപ്പോൾ, ഭീമൻ തന്റെ ഗദ ചുഴററി ആകാശത്തിലേക്കു് എറിഞ്ഞു. അതിന്റെ ആഘാതഘോഷംകേട്ടു് ആകാശത്തിൽ ത്രിമൂർത്തികളും 'ദേവർഷിയക്ഷദിതിജാശരരും' പ്രത്യക്ഷമായി. യോഗശക്തികൊണ്ടു് ഇവരെയെല്ലാം ആയിട്ടുവിപ്പിച്ച ഭീമന്റെ സമാധിരീതിയിൽ എല്ലാവരും പുളകംകൊണ്ടു. യോഗസിദ്ധിയുള്ളവർക്കു് സാധിക്കാത്തതു് ഒന്നുമില്ലെന്നുള്ള മഹാതത്വം ഉദ്ബോധിപ്പിക്കുകയാണു് തമ്പുരാൻ ഈ ഉജ്ജ്വലകൃതിയിൽ ചെയ്തിട്ടുള്ളതു്.

പൌരാണികകഥതളെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഖണ്ഡകൃതികൾ, ഉന്നതാദർശങ്ങളുടെ ഉറവിടങ്ങളായി നിബന്ധിച്ചു് ധർമ്മോപദേശം ചെയ്യണമെന്നുള്ള ആകാംക്ഷ പ്രകടമാക്കുന്നു. ആർഷസംസ്കാരത്തിന്റെ സന്ദേശം വഹിക്കുന്നവയാണു് അവയിൽ ഒട്ടുമിക്ക കൃതികളും. എന്നാൽ ഈ ധാർമ്മികവ്യഗ്രത കലാമേന്മെപ്പണിക്കു് ഒട്ടുംതന്നെ വിഘാതമായി തീരുന്നുമില്ല. യുധിഷ്ഠിരശമം, യാത്രാദാനം, നാരായണാസ്ത്രദാനം മുതലായ കൃതികൾ സന്മാർഗ്ഗതത്ത്വോപദേശകാംക്ഷയുടെ പരിണതഫലങ്ങളുമാണു്. അഹങ്കാരത്തിന്റെ അനഭിലഷണീയതയെ സ്പഷ്ടമാക്കുന്നതാണു് ധർമ്മപുത്രരുടേയും അശ്വത്ഥാമാവിന്റേയും ചിത്രണം. ഭഗവാനോടു സുദർശനം ആവശ്യപ്പെട്ടു് എടുത്തുകൊള്ളുവാൻ അനുമതി ലഭിച്ചിട്ടും അതൊന്നു് അനക്കുവാൻപോലും സാധിക്കാതെ അഭിമാനഭംഗം അനുഭവിക്കുന്ന അശ്വത്ഥാമാവിന്റെ ദയനീയാവസ്ഥ വർണ്ണിച്ചിരിക്കുന്നു. 'രാധാകൃഷ്ണയോഗ'ത്തിൽ സംസ്കൃതവൃത്തങ്ങളെ ഉപേക്ഷിച്ചു് ദ്രാവിഡവൃത്തത്തിലേക്കു് ഇറങ്ങിവരുന്ന പുരോഗമനോന്മുഖമായ കാഴ്ചയാണു് കാണാവുന്നതും. കാവ്യജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ പാന, തുള്ളൽ, കിളിപ്പാട്ടു്, വഞ്ചിപ്പാട്ടു് മുതലായ ഭാഷാവൃത്തങ്ങളിൽ ഏതാനും ചെറുകൃതികൾ രചിച്ചിട്ടുണ്ടു്. എങ്കിലും തമ്പുരാൻ വിഹരിച്ചതു് അധികമായി സംസ്കൃതഛന്ദോവൃത്തങ്ങളിലത്രേ: അതിലാണു് അദ്ദേഹത്തിന്റെ പാടവവും.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കാവ്യകല ഏററക്കുറെ പുരോഗമനോന്മുഖത്വം പ്രദർശിപ്പിച്ചതു് കേരളചരിത്രവും ഐതിഹ്യങ്ങളും ആസ്പദമാക്കി രചിച്ചഖണ്ഡകൃതികളിലാണു്. അവയിൽ പ്രതിപാദ്യത്തെ സംബന്ധിച്ചിടത്തോളമേ ഒട്ടെങ്കിലും പുരോഗതി കാണാനുമുള്ളു. ഉൽക്കടമായ ദേശാഭിമാനം അവയിൽ അന്തർല്ലീനമായി നീരോട്ടംപോലെ നിഴലിച്ചുകാണാം. 'കുലുക്കമില്ലാവൂർ', 'എരുവയിൽ അച്യുതവാരിയർ', 'തുപ്പൽ കോളാമ്പി', കൂടൽ മാണിക്കം, ഒരു ചരിത്രകഥ നിലവറക്കുണ്ടിലെ ഭൂതത്താൻ, ഒരു കരാർ

എന്നിവയാണ് ആ ഇനത്തിലുള്ള പ്രമുഖ കൃതികൾ. കേരളജീവിതത്തോട് അടുത്തു പെരുമാറി ആ സംസ്കാരത്തിന്റെ വിവിധവശങ്ങളെ വെളിവാക്കാനുള്ള അഭിവാഞ്ഛ മഹാകവിക്ക് ഒരു പ്രബലപ്രചോദനമായിത്തീർന്നു. കേരളത്തിന്റെ പുരാവൃത്തങ്ങളിൽ അത്യുൽക്കടമായ ആസക്തിയും അവ ശേഖരിച്ച് സഞ്ചയിക്കുന്നതിന് അചഞ്ചലമായ ഉത്സാഹവും അവിടുന്നു പ്രദർശിപ്പിച്ചു. അതിന്റെ പ്രത്യക്ഷഫലമത്രേ അപൂർണ്ണമായ 'കേരള'മഹാകാവ്യം. കൊട്ടാരത്തിൽ ശംകുണ്ണിയെപ്പോലെ അദ്ദേഹവും ഐതിഹ്യങ്ങളുടെ ഒരു കലവറ തന്നെയായിരുന്നു! ചരിത്രഭണ്ഡാരമായിരുന്ന ആ ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ട ചെറിയ കല്ലോലിനികളാണ് ആ വക ലഘുകാവ്യങ്ങൾ. 'കുലുക്കമില്ലാവൂ'രിലെ പ്രതിപാദ്യം അഷ്ടഗൃഹങ്ങളിലൊന്നായ പ്രശസ്ത കുടുംബത്തിന്റെ വംശചരിത്രമാണ്. ശാഖോപശാഖമായ് വളർന്നു തിമിർത്ത ആ പ്രബല നമ്പൂതിരി കുടുംബത്തിന്റെ പൂർവ്വചരിത്രത്തിലേയ്ക്കുള്ള നോട്ടം പല സാമുദായിക ചിന്താസരണികളെ തട്ടിയുണർത്തും. ഓടനാട്ടുരാജാവിന്റെ വീരസേനാനിയും ശിവഭക്തനുമായ അച്യുതവാരിയരുടെ അപദാനങ്ങളാണ് ആ പേരിലുള്ള ഖണ്ഡകൃതിയിൽ പ്രതിപാദിച്ചിട്ടുള്ളത്. വീരമാർത്താണ്ഡവർമ്മയുടെ സചിവനായ രാമയ്യന്റെ തന്ത്രങ്ങളൊന്നും ഫലിക്കാതിരുന്നത് അച്യുതവാരിയരുടെ പ്രാഗൽഭ്യം കൊണ്ടു ആണെന്ന് കവി സ്പഷ്ടമാക്കുന്നു. ആ മഹാപുരുഷന്റെ ചരിത്രം:—

'രുദ്രാക്ഷമാലകളണിഞ്ഞു വിശുദ്ധപുണ്യ
മുദ്രാവിലാസസിത ഭസ്മമടിച്ചുപൂശി
ഭദ്രാത്മനാത്തൊടുമണഞ്ഞവനുച്ചഘോഷം
രുദ്രാദി മന്ത്രവുമുരച്ചു ഹരന്റെ മുമ്പിൽ:

എന്നതിൽ സജീവമായിട്ടുണ്ട്. സംഭാഷണത്തിന് തന്മയത്വം വരുത്തുവാൻ രാമയ്യന്റെ വാക്കുകളിൽ തമിഴ് പദങ്ങൾ കുത്തിച്ചെലുത്തി ഫലിതമാക്കിയത് കവിയുടെ ഫലിതമർമ്മജ്ഞതയ്ക്കു ദൃഷ്ടാന്തമാണ്.

'തുപ്പൽ കോളാമ്പി' തമ്പുരാന്റെ രസികത്വത്തിന്റേയും ഫലിതവാസനയുടേയും പ്രതിഫലനമായി സഹൃദയന്മാർ മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ള ഒരു സരസകൃതിയാണ്. നാടകകർത്താക്കളെ ആകമാനം പരിഹസിച്ച 'ചക്കീചങ്കരം' എഴുതിയ രാമക്കുറുപ്പിന്റെ പരിഹാസപാരുഷ്യത്തിനു ഒരു തിരിച്ചടിയായിട്ടാണ് ഇതിനെ പരിഗണിച്ചിട്ടുള്ളത്. രാമക്കുറുപ്പു മുൻഷിയുടെ പൂർവ്വകുടുംബമായ കൊടുങ്ങല്ലൂർ കിളിക്കോട്ടുവീട്ടുകാരുടെ ഒരു പുരാവൃത്തമാണ് അതിലെ പ്രതിപാദ്യം. ആ കുടുംബത്തിലെ ഒരംഗവും സദാചാര തൽപരതയിൽ അത്ര ദൃഢനിഷ്ഠയില്ലാത്തവളുമായ നായികയുടെ ഭർത്താവായ തുപ്പൻനമ്പൂതിരി അവളുടെ തലയിൽ കോളാമ്പിയിലെ തുപ്പൽ മുഴുവനും ഒഴിച്ചു അഭിഷേകംചെയ്യുന്ന പ്രധാന സംഭവമാണ് ഈ കാവ്യത്തിന്റെ പേരിനു ഹേതുഭൂതമായതും.

വധൂജനങ്ങളുടെ ആചാരവൈകൃതങ്ങൾ വരുത്തിവയ്ക്കുന്ന വിനകളെ കർക്കശമായി അധിക്ഷേപിക്കുകയാണ് കവിയുടെ ലക്ഷ്യം. വെറും തുപ്പൽകോളാമ്പി 'സുധാകുംഭമായി'ത്തീർന്നതു അതിലടങ്ങിയ ധർമ്മോപദേശത്തിന്റെ വൈശിഷ്ട്യം കൊണ്ടാണുതാനും: രസികാഗ്രണിയായ തമ്പുരാന്റെ സ്വതസ്സിദ്ധമായ നർമ്മബോധവും ധർമ്മബോധവും ഒരുപോലെ ഇതിൽ ദർപ്പണം ചെയ്യുകാണാം. വിടകേസരികൾക്ക് വന്നണയുന്ന വിപത്ത്, കുലടകളുടെ സന്ദർഭോചിതമായ കുടിലത്വം, എന്നിവ തന്നെയാണു 'നിലവറക്കുണ്ടിലെ ഭൂതത്താൻ' എന്ന കൃതിയിലും മറ്റും പ്രതിപാദിക്കുന്നത്. ഈ ലഘുകാവ്യങ്ങളിൽ വെറും സങ്കല്പലോകത്തിൽനിന്നും ഇറങ്ങി ചുറ്റും കാണുന്ന ലോകത്തിൽ കവി സഞ്ചരിക്കുന്നുവെന്ന പ്രതീതി ഉണ്ടാക്കുന്നതിലാണു അവയുടെ പുരോഗമനത്വം.

നാല്പത്തെട്ടു വയസ്സായ കവിവരൻ 1088 മകരത്തിൽ അകാലചരമം പ്രാപിച്ചതു കാരണം ഏതാനും കൃതികൾ അപൂർണ്ണമായിത്തന്നെ നിലകൊള്ളുന്നു. അവിടുത്തേയ്ക്കു പ്രിയതരമായിരുന്ന 'കേരളം' മഹാകാവ്യം, 'ദ്രോണാചാര്യൻ', എന്നു തുടങ്ങിയ കൃതികൾ മുഴുമിക്കുന്നതിനു സാധിച്ചില്ല. മുപ്പതു കൊല്ലത്തോളം നിരന്തരമായി കാവ്യ

# ചന്ദ്രബിംബത്തിലെ കളങ്കം

**എസ്. പരമേശ്വരൻ എം. എസ്‌സി.**

പൗർണ്ണമി ദിവസം സായംസന്ധ്യയോടടുപ്പിച്ചു് കന്യാകുമാരിയിലെ കടൽക്കരയിൽ സമ്മേളിച്ചിരിക്കുകയാണു് നാമെന്നു വിചാരിച്ചുകൊള്ളുക. ഉന്മേഷദായകമായ കടൽക്കാറേററു സുഖിക്കുന്നതിനു പുറമെ ചേതോഹരങ്ങളായ രണ്ടു കാഴ്ചകൾ കണ്ടാനന്ദിക്കുന്നതിനും അപ്പോൾ നമുക്കിടവരുന്നു. പശ്ചിമാംബരത്തിലേയ്ക്കു നോക്കുക, നാലുപാടും ചെങ്കതിരുകൾ വീശിക്കൊണ്ടു് ആഴിയെ തൊട്ടു തൊട്ടില്ല എന്ന കണക്കിനു് സൂര്യബിംബം നിൽക്കുകയാണു്. അല്പം മുമ്പുവരെ തന്റെ നേർക്കു നോക്കുവാനുദ്യമിച്ചിരുന്നവരുടെ കണ്ണഞ്ചിപ്പിച്ചിരുന്ന ഉഗ്രകിരണൻ എത്ര ശാന്തനായിക്കഴിഞ്ഞിരിക്കുന്നു; ഉലയിലിട്ടു പഴുപ്പിച്ചെടുത്ത ഒരു ലോഹത്തട്ടുപോലെയാണല്ലോ അതിപ്പോൾ പ്രത്യക്ഷപ്പെടുന്നതു്. അല്പാല്പമായി ഭാനുബിംബം അബ്ധിയിൽ മുങ്ങി മറയുകയാണു്. അങ്ങോട്ടു മാത്രം നോക്കിനിന്നാൽ മോഹനമായ മറെറാരു കാഴ്ച നിങ്ങൾക്കു നഷ്ടമാവും. കിഴക്കോട്ടു തിരിഞ്ഞൊന്നു നോക്കുവിൻ. അങ്ങു് ചക്രവാളത്തിന്റെ അററത്തായി......

---

വ്യാപാരംചെയ്ത തമ്പുരാന് കൈരളിയുടെ പൂർവ്വസ്വത്തു വർദ്ധിപ്പിച്ചു കണക്കിലധികം കൈമുതൽ സമ്പാദിച്ചുകൊടുക്കുവാൻ കഴിഞ്ഞു. വെണ്മണി പ്രസ്ഥാനത്തിൽ നിന്നുകൊണ്ടു് അതിനെ കൂടുതൽ പരിഷ്കൃതവും വിപുലവുമാക്കിത്തീർത്തു് ഭാഷയിൽ അതിനു സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചുകൊടുത്തു. അതുപോലെ പച്ച മലയാളപ്രസ്ഥാനത്തിന്റെ ഉദ്ഘാടകനായും പ്രചാരകനായും പരിശ്രമിച്ചതും അദ്ദേഹമാണു്. തനി മലയാള പദങ്ങൾ മാത്രംകൊണ്ടു ഒരു കാവ്യംമുഴുവനും രചിക്കുകയെന്ന പ്രയാസമേറിയ പണി 'നല്ല ഭാഷ'യിൽ അദ്ദേഹം വിജയപൂർവം സാധിച്ചു. ഈ പരീക്ഷണമാണു് കുണ്ടൂർ, ഉള്ളൂർ, ഒടുവു് മുതലായവർക്കു് മാർഗ്ഗദർശകമായതും.

പരിഭാഷകൻ എന്ന നിലയിൽ അവിടുത്തേയ്ക്കു് അതിമാന്യമായ സ്ഥാനത്തിനു് അവകാശമുണ്ടു്. മഹാഭാരതം, ചൂഡാമണി, വിക്രമോർവ്വശീയം, ശുകകോകില സന്ദേശങ്ങൾ എന്നിവ വലിയ നേട്ടങ്ങളാണു്. അദ്ദേഹത്തിന്റെ കവിതയുടെ പ്രധാന ഗുണങ്ങൾ നിസർഗ്ഗമാധുര്യവും ലാളിത്യവും പ്രസന്നതയും ഫലിതപ്രചുരിമയുമത്രേ. അനാവശ്യമായ അലങ്കാരപ്രൌഢിയിൽ അവിടുന്നു് തീരെ വിമുഖനാണു്. വെറും ആഹാര്യശോഭയിൽ പ്രതിപത്തിയേ ഇല്ല. അർത്ഥാലങ്കാരങ്ങളേയും ശബ്ദാലങ്കാരങ്ങളേയും കോരിവാരിച്ചൊരിയുന്നതിനുപകരം അവയെ ഔചിത്യപൂർവം രസോൽക്കർഷദായകമായ വിധത്തിൽ പ്രയോഗിക്കുന്നതേയുള്ളു. അദ്ദേഹം ദ്വിതീയാക്ഷരപ്രാസത്തോടു സാർവ്വത്രികമായി പക്ഷപാതം പ്രദർശിപ്പിക്കും. വർണ്ണനങ്ങളിൽ മിതത്വം ആചരിക്കുക, ഭാഷയ്ക്കു് ശുദ്ധിയും ലാളിത്യവും, രസികത്വവും വരുത്തുക, രചനയിൽ അക്ലിഷ്ടത ദീക്ഷിക്കുക എന്നിവയാണു് അദ്ദേഹത്തിന്റെ കാവ്യത്തിന്റെ സാമാന്യ സ്വഭാവം. ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ വളർച്ചയിലും പോഷണത്തിലും അവിടുത്തേയ്ക്കു് ഗണ്യമായ പങ്കുണ്ടു്. ആദർശങ്ങളിലും പ്രവണതകളിലും പഴയ കൂററിൽ തന്നെയാണു നിലപാടു്. ഗദ്യകാരനായും, നിരൂപകനായും, സാഹിത്യപ്രോത്സാഹകനായും ചെയ്തിട്ടുള്ള സേവനം അനല്പമത്രേ. സാഹിത്യസഞ്ചയത്തിന്റെ വൈപുല്യത്തിലും ഭാഷാപ്രണയത്തിലും ഭാഷാശുദ്ധിയിലും കേരളവർമ്മ കോയിത്തമ്പുരാനേക്കാൾ മലയാളഭാഷയ്ക്കു് നന്മചെയ്തിട്ടുള്ള മഹാകവിയാണു് കുഞ്ഞിക്കുട്ടൻതമ്പുരാൻ.

"..............ദ്യോവും സമുദ്രവും
ഭംഗിയിൽ മേളിക്കും ദിക്കിൽനിന്നും
പൊന്മയമായൊരു സാധനം പൊന്തുന്നു"

അല്പാല്പമായി പൊന്തിവരുന്ന ആ സാധനം മറൊന്നുമല്ല; പാലൊളിപ്പൂങ്കതിർ പൊഴിച്ചു നമ്മെ ആനന്ദിപ്പിക്കുന്ന ചന്ദ്രന്റെ പൂർണ്ണബിംബംതന്നെയാണു്. അല്പസമയത്തിനുള്ളിൽ പൂർണ്ണചന്ദ്രൻ ചക്രവാളസീമ വിട്ടു മേല്പോട്ടുയർന്നു കഴിഞ്ഞു. അതു നമ്മെനോക്കി മന്ദഹാസം തൂകിക്കൊണ്ടു നില്ക്കുകയാണെന്നു നമുക്കു തോന്നും. അല്പം സൂക്ഷിച്ചുനോക്കാം നമുക്കതിനെ. ഇന്ദുബിംബത്തിലൊരു മ്ലാനത തങ്ങിനിൽക്കുന്നില്ലേ എന്നൊരു സംശയം. ചന്ദ്രബിംബത്തിലെ എല്ലാ ഭാഗങ്ങൾക്കും ഒരേ തരത്തിലുള്ള ശോഭയില്ലെന്നു് നമുക്കു മനസ്സിലാവുന്നു. ശോഭ കുറഞ്ഞ ഭാഗങ്ങളാണു് കളങ്കമായി നമുക്കു തോന്നുന്നതു്. ചന്ദ്രബിംബത്തിലെ കളങ്കം വളരെ പഴയകാലം മുതൽക്കുതന്നെ മനുഷ്യരുടെ അറിവിൽ പെട്ടിട്ടുള്ളതാകുന്നു. ആ കളങ്കത്തിനു് പല വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ടു്. "ചൊല്ലാവതോ നിഴൽ, മൃഗം, മുയലെന്നതെല്ലാം" എന്ന കവിവാക്യമുൾക്കൊള്ളുന്നതു് പണ്ടു കാലത്തു നിലവിലിരുന്ന ചില വിശ്വാസങ്ങളെയാണു്. ചന്ദ്രമണ്ഡലത്തിലെ സമുദ്രങ്ങളാണു് കളങ്കമായി പ്രത്യക്ഷപ്പെടുന്നതെന്നും ഒരഭിപ്രായം നിലവിലിരുന്നു. ദൂരദർശിനിയുടെ ആവിർഭാവത്തോടുകൂടി ആ അഭിപ്രായവും നിരാകരിക്കപ്പെട്ടു.

വളരെ അവ്യക്തമായിട്ടാണു് ചന്ദ്രനിലെ കളങ്കം കാണപ്പെടുന്നതു്. അല്പംകൂടി വ്യക്തമായിക്കാണുവാൻ ഒരു കുഴൽക്കണ്ണാടിയിൽക്കൂടി നോക്കിയാൽ മതി. അപ്പോൾ ചന്ദ്രബിംബത്തിലെ കളങ്കം പ്രത്യക്ഷപ്പെടുന്നതു് ഏതാണ്ടീവിധത്തിലാണു്. ചന്ദ്രബിംബത്തിന്റെ വലതുവശത്തെ പകുതിയിൽ മദ്ധ്യഭാഗത്തായി ഒരു കറുത്ത പാടു കാണുന്നുണ്ടു്. ഇടതുവശത്തെ പകുതിയിലാകട്ടെ ചെറുതും എന്നാൽ കൂടുതൽ ഇരുണ്ടതുമായ രണ്ടു കറുത്ത പാടു് ദൃശ്യമാവുന്നു. ചന്ദ്രബിംബത്തിന്റെ ഏററവും മുകളിലും താഴെയുമുള്ള ഭാഗങ്ങൾ— അതായതു് ചന്ദ്രോദയവേളയിൽ ആദ്യം ദൃശ്യമാകുന്ന ഭാഗവും, ചക്രവാളസീമയെ ഒടുവിൽ വിട്ടകലുന്ന ഭാഗവും, കൂടുതൽ പ്രദീപ്തങ്ങളായിരിക്കുന്നു. ചന്ദ്രബിംബത്തിലുള്ള മററു ഭാഗങ്ങൾക്കു് ഒരേതരത്തിലുള്ള ശോഭയാണുള്ളതു്. വലതുവശത്തു വലിയ കറുത്ത പാടായി തോന്നിക്കുന്ന ഭാഗമുൾക്കൊള്ളുന്നതു് പ്രധാനമായി രണ്ടു വലിയ സമതലങ്ങളെയാണു്. ജലാംശമൊട്ടുംതന്നെയില്ലാതെ ഉണങ്ങി വരണ്ടു കിടക്കുന്ന ആ ഭാഗങ്ങൾ സമുദ്രമെന്ന അർത്ഥം വരുന്ന മറേ, ഓഷൻ എന്നീ പേരുകളിൽത്തന്നെയാണിന്നും അറിയപ്പെട്ടുപോരുന്നതു് ആ വലിയ കളങ്കമുൾക്കൊള്ളുന്ന രണ്ടു സമതലങ്ങളുടെ പേരുകൾ ഓഷ്യനസ്സു് പ്രോസില്ലാറമെന്നും, മറേ-ഇംബ്രിയമെന്നുമാകുന്നു. ഇടതുവശത്തു രണ്ടു കറുത്തപാടുകളായി പ്രത്യക്ഷപ്പെടുന്ന സമതലങ്ങൾ മറേസെറനിട്ടാറിസ്സും, മറേടാൻക്വിലിട്ടാറിസ്സുമാണു്. ഈ രണ്ടു സമതലങ്ങളും തമ്മിൽ തൊട്ടുകിടക്കുകയാണു്.

ചന്ദ്രമണ്ഡലത്തിൽ കാണുന്ന കളങ്കത്തിനു സ്ഥാനമാററമുണ്ടാകുന്നതേയില്ല. കുറേ കൊല്ലങ്ങൾക്കുശേഷം ചന്ദ്രബിംബം പരിശോധിച്ചു നോക്കിയാലും ഇന്നു കാണുന്ന സ്ഥാനത്തുതന്നെയായിരിക്കും കളങ്കം പ്രത്യക്ഷപ്പെടുന്നതു്. ചന്ദ്രൻ തന്റെ ഒരേ ഭാഗത്തെത്തന്നെയാണു് എന്നും ഭൂമിക്കു കാണിച്ചുകൊണ്ടിരിക്കുന്നതെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. ആ ഭാഗത്തിൽ സൂര്യപ്രകാശം പതിക്കുന്ന അംശം മാത്രമേ പ്രശോഭിക്കുന്നുള്ളു. അപ്പോൾ ചന്ദ്രഗോളത്തിന്റെ നേർപകുതിയിൽക്കൂടുതൽ ഭാഗം ഭൂമിയിലുള്ളവർക്കു് ദർശിക്കുവാൻ മാർഗ്ഗമില്ലെന്നു സിദ്ധിക്കുന്നു. നമുക്കു ദൃശ്യമാകുന്ന ഭാഗത്തു് പതിന്നാലു സമതലങ്ങൾ ദർശിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. വലിയ വ്യോമദർശിനിയിൽ കൂടി നോക്കണം ആ പതിന്നാലും കാണുവാൻ.

ചന്ദ്രബിംബത്തിൽ ചില ഭാഗങ്ങൾ കൂടുതൽ പ്രദീപ്തങ്ങളായിരിക്കുന്നുവെന്നു പറഞ്ഞുവല്ലോ. പർവ്വതനിരകളാണു് ശോഭയേറിയ ഭാഗങ്ങളായി പ്രത്യക്ഷപ്പെടുന്നതു്. അങ്ങിങ്ങു നില്ക്കുന്ന പർവ്വതശിഖരങ്ങളെക്കൂടാതെ പത്തു പർവ്വത

പങ്ക്തികളും ചന്ദ്രമണ്ഡലത്തിൽ ദർശിക്കപ്പെട്ടിട്ടുണ്ട്. ആ പർവ്വതപങ്ക്തികൾക്ക് ആൽപ്സ്, കാക്കസസ് എന്നും മററുമാണ് പേരു കൊടുത്തിരിക്കുന്നതു്. ശാസ്ത്രജ്ഞന്മാർ ഈ പർവ്വതപങ്ക്തികളെ ദർശിച്ച് അവയുടെ എണ്ണം തിട്ടപ്പെടുത്തിയതോടുകൂടി അവസാനിപ്പിച്ചില്ല ആ വഴിക്കുള്ള പ്രയത്നം. അവിടെയുള്ള പർവ്വതശിഖരങ്ങളോരോന്നിന്റെയും പൊക്കം കണ്ടുപിടിക്കുന്നതിന് അവർ ഉത്സാഹിച്ചുതുടങ്ങി. ഇരുപത്തയ്യായിരത്തിലധികം അടി പൊക്കമുള്ള പർവ്വതശിഖരങ്ങളുമവിടെയുണ്ടെന്നവർക്കു കണക്കാക്കുവാൻ കഴിഞ്ഞു.

ചന്ദ്രമണ്ഡലത്തിൽ മുപ്പതിനായിരത്തിലധികം ഗർത്തങ്ങ (Craters) ളുണ്ടെന്ന് നിരീക്ഷണങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ഈ ഗർത്തങ്ങൾ ചന്ദ്രമണ്ഡലം മുഴുവൻ വ്യാപിച്ചുകിടക്കുകയാണ്. അവയ്ക്കു് വൃത്താകൃതിയാണുള്ളതു്. നൂറാൻപതു മൈൽ വ്യാസംവരുന്ന വലിയ വലിയ ഗർത്തങ്ങൾ മുതൽ ഏതാനും അടിമാത്രം വ്യാസമുള്ള ചെറുഗർത്തങ്ങൾവരെ പല വലിപ്പത്തിലും കാണാമവയെ. ചില ഗർത്തങ്ങൾക്കകത്തു് കുന്നുകൾ പൊങ്ങിനില്ക്കുന്നുണ്ട്. അത്തരം കുന്നുകളിൽ ചിലതിന് പതിനയ്യായിരത്തോളം അടി പൊക്കം കാണും. പഴയകാലത്തു ജീവിച്ചിരുന്ന ശാസ്ത്രജ്ഞന്മാരുടെയും തത്വജ്ഞാനികളുടെയും മററും പേരുകളോടനുബന്ധിച്ചാണ് ചന്ദ്രനിലെ ഗർത്തങ്ങളറിയപ്പെട്ടു പോരുന്നതു്; അരിസ്റ്റാർക്കസ് ഗർത്തം, കോപ്പർനിക്കസ് ഗർത്തം എന്നിങ്ങനെ.

ഈ ഗർത്തങ്ങളെക്കൂടാതെ ചന്ദ്രമണ്ഡലത്തിൽ വിള്ളലുകളും ധാരാളമായി കാണപ്പെടുന്നുണ്ട്. ആയിരത്തിലധികമുണ്ട് ഈ വിള്ളലുകളെന്ന് നിരീക്ഷകന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവയിൽ ചിലതു് വളഞ്ഞുപുളഞ്ഞും, മററു ചിലതു ഋജുവായും കിടക്കുന്നു. ഏതാനും മൈൽ നീളമുണ്ടവയിൽ ചിലതിന്. ചന്ദ്രബിംബത്തിന്റെ ഏററവും താഴെയായി കാണുന്ന ശോഭയേറിയ ഭാഗത്തിന്റെ കേന്ദ്രസ്ഥാനത്തു് ഒരു വിടവുണ്ട്. 'ടൈക്കോവിടവ്' എന്നാണതിനെ വിളിച്ചുപോരുന്നതു്.

ചന്ദ്രമണ്ഡലത്തിൽ ഗർത്തങ്ങളും വിടവുകളുമുണ്ടായതെങ്ങനെ എന്നാലോചിക്കാം. പല വിശദീകരണങ്ങളും ഇന്നു നിലവിലുണ്ടക്കാര്യത്തിന്. ചന്ദ്രനിൽ ഒരു കാലത്തു് സജീവങ്ങളായ അഗ്നിപർവ്വതങ്ങളുണ്ടായിരുന്നു. അവയുടെ സ്ഫോടനങ്ങളാണ് ഈ ഗർത്തങ്ങൾക്കു നിദാനം എന്നതാണ് ഒരഭിപ്രായം. ചന്ദ്രനിൽ ഒരു കാലത്തു് അഗ്നിപർവ്വതങ്ങളുണ്ടായിരുന്നുവെന്നതിൽ ഏകാഭിപ്രായമാണ് ശാസ്ത്രജ്ഞന്മാർക്കുള്ളതു്. പർവ്വതശിഖരങ്ങളിൽ സ്ഥിതിചെയ്യുന്ന ഗർത്തങ്ങൾ കണ്ടാൽ ആയവ അണഞ്ഞുപോയ അഗ്നിപർവ്വതങ്ങളുടെ മുഖങ്ങളാണെന്നേ തോന്നൂ. ഗർത്തങ്ങൾ പർവ്വതശിഖരങ്ങളിൽ മാത്രമല്ല ചന്ദ്രമണ്ഡലമാകെ വ്യാപിച്ചുകിടക്കുന്നുണ്ടല്ലോ. അവയെല്ലാം അഗ്നിപർവ്വതങ്ങളുടെ മുഖങ്ങളായിരുന്നിരിക്കാനിടയില്ല. ചില ഗർത്തങ്ങൾക്ക് ഈ വിശദീകരണം യോജിക്കുന്നുണ്ടാവാം.

മറെറാരു വിശദീകരണത്തിലേയ്ക്കു കടക്കാം. രാത്രികാലങ്ങളിൽ ആകാശത്തു നക്ഷത്രങ്ങൾ ധാരാളമുണ്ടായിരിക്കുമ്പോൾ ഏതാണ്ടു മിന്നൽക്കൊടിപോലെ പ്രകാശമാനമായ ഒരു രേഖ പെട്ടെന്നു നമുക്കു ചിലപ്പോൾ ദൃശ്യമാകാറുണ്ട്. കൊള്ളിമീനെന്നും ഉല്ക്കയെന്നുമാണതിനെ വിളിച്ചുപോരുന്നതു്. ആ രേഖാദ്രവ്യങ്ങൾ വല്ല ലോഹശകലമോ പാറക്കഷണമോ ആയിരിക്കും. അവയ്ക്കു സ്വതേ ശോഭയുണ്ടായിരിക്കുകയില്ല. വായുമണ്ഡലത്തിനുള്ളിൽ പ്രവേശിക്കുന്നതോടുകൂടി അവ പ്രകാശിച്ചുതുടങ്ങുന്നു. പദാർത്ഥങ്ങൾ തമ്മിലുരസുമ്പോൾ ചൂടും ചിലപ്പോൾ വെളിച്ചംപോലുമുണ്ടാകാറുണ്ടല്ലോ. കത്തി ചാണയ്ക്കുവയ്ക്കുമ്പോൾ തീ പാറുന്നതു കണ്ടിട്ടില്ലേ? മിന്നിട്ടിൽ നാല്പതോ എൺപതോ മൈൽ വേഗത്തിലാണ് ഈ ഉല്ക്കകൾ സഞ്ചരിക്കുന്നതു്. ഇത്രയധികം വേഗത്തിൽ സഞ്ചരിക്കുന്നതു നിമിത്തം വായുവുമായുണ്ടാകുന്ന ഉരസൽ അവയെ ജ്വലിപ്പിക്കുവാൻ മതിയാവുന്നു. ഈ ഉരസലിന്റെ ഫല

# ഒരു ഗ്രന്ഥശാലാ പ്രദർശനം

എം. തോമസ്. എം. എ. എൽ. ടി.

ഹൈദരാബാദുനഗരത്തിൽവച്ച് കഴിഞ്ഞ ജൂൺമാസം ആദ്യം ചേന്ന പത്താമത്തു് ആൾ ഇൻഡ്യാ ലൈബ്രറി കോൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തെ പ്രതിനിധീകരിച്ചുകൊണ്ടു് ശ്രീ. പി. എൻ. പണിക്കരും ഞാനും മേയ് അവസാനദിവസംതന്നെ അവിടെച്ചെന്നു ചേന്നു. ആറു ദിവസംവരെ നീണ്ടുനിന്ന കോൺഫറൻസു പരിപാടികൾക്കു പുറമേ വിപുലമായ തോതിൽ ഒരു ഗ്രന്ഥശാലാ പ്രദർശനവുമുണ്ടായിരുന്നു. ഉസ്മാനിയാസർവകലാശാല വക ലൈബ്രറിയോടനുബന്ധിച്ചാണ് ഈ പ്രദശ്നരംഗം ഒരുക്കിയിരുന്നതു്. ഗ്രന്ഥശാലകളുടെ വികാസത്തിലും വർദ്ധനയിലും അത്യാകാംക്ഷയുള്ള ഒരു ദൃക്സാക്ഷി

---

മായി ഉല്ക്കകളിലധികവും അന്തരീക്ഷത്തിൽ വച്ചുതന്നെ ഭസ്മീഭവിക്കുന്നുണ്ടു്. ഭസ്മീഭവിക്കാത്തവ ഭൂമിയിൽ വന്നുവീഴുന്നു. വളരെ വേഗത്തിൽ സഞ്ചരിക്കുന്ന ഈ ഉല്ക്കകൾ ഭൂമണ്ഡലത്തിൽ വന്നുവീഴുന്നതും നല്ല ഊക്കോടുകൂടിയാണ്. ഭൂമണ്ഡലത്തിൽ ഗത്തങ്ങളുണ്ടാകുവാൻ പര്യാപ്തമാവുന്നുണ്ടു്. അവയുടെ വീഴ്ച. പല വലിപ്പത്തിലുള്ള ഉല്ക്കകൾ ചന്ദ്രമണ്ഡലത്തിൽ പതിക്കുക നിമിത്തം ഉണ്ടായതാണ് മുൻവിവരിച്ച ഗത്തങ്ങൾ എന്നതാണ് മറെറാരു സിദ്ധാന്തത്തിന്റെ സാരം. ചന്ദ്രനു ചുററും ഒരു വായുമണ്ഡലമുള്ളതായി തോന്നുന്നില്ല. അതിനാൽ ഉല്ക്കകളിലൊന്നുപോലും വായുമണ്ഡലവുമായി ഉരസി കത്തിയെരിഞ്ഞു പോവാനിടയില്ല. എല്ലാം ഊക്കോടെ ചന്ദ്രമണ്ഡലത്തിൽ വീഴുകതന്നെ ചെയ്യും.

ഈ ഗത്തങ്ങളുടെ നിദാനത്തെപ്പററി വേറെ ചില വിശദീകരണങ്ങൾകൂടി ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ അവയിലേതാണ് ശരി, ഏതാണ് ശരിയല്ലാത്തതെന്നു പറവാൻ വയ്യാ. ഗത്തങ്ങളുണ്ടായതു പല തരത്തിലായിക്കൂടാ എന്നില്ലല്ലോ. അപ്പോൾ ഈ വിശദീകരണങ്ങളെല്ലാം തന്നെ ശരിയാണെന്നും വന്നേയ്ക്കാം.

ചന്ദ്രനിൽ വായുവോ വെള്ളമോ ഇല്ലെന്നാണ് ഇതുവരെ ലഭിച്ചിട്ടുള്ള തെളിവുകൾ വ്യക്തമാക്കുന്നതു്. ഒരുതുള്ളി വെള്ളമോ വായുവിന്റെ ലവലേശമോ ഇല്ലെന്നല്ലാ ഇപ്പറഞ്ഞതിന്റെ അത്ഥം. അവ ഉണ്ടെങ്കിൽത്തന്നെ നിരീക്ഷിച്ചറിയാൻ കഴിയാത്തവണ്ണം അത്ര കുറച്ചായിരിക്കും. ഭൂമണ്ഡലത്തിൽക്കിടക്കുന്ന ശിലകളും മററും മഴ, കാററ് തുടങ്ങിയ ശക്തികളുടെ ഫലമായി പൊടിഞ്ഞുപോകാറുണ്ടല്ലോ. ചന്ദ്രനിൽ ഇത്തരം ശക്തികളൊന്നുമില്ലെന്നുവേണം പറയാൻ. അതിനാൽ അവിടെയുള്ള പ്രകൃതിക്ക്—പർവ്വതങ്ങൾക്കും ഗത്തങ്ങൾക്കും മററും—നൂററാണ്ടുകൾക്കിടയിൽപ്പോലും മാററമുണ്ടാവാനിടയില്ല. ചന്ദ്രബിംബത്തിലെ കളങ്കത്തിനു് വ്യത്യാസംവരാതെയിരിക്കുന്നതു് അതുകൊണ്ടുകൂടിയാണ്. സൂര്യപ്രകാശം ലഭിക്കുമ്പോൾ ചൂടുപിടിക്കുകയും വീണ്ടും തണുക്കുകയും ചെയ്യുന്നതല്ലാതെ മറെറാന്നുമവിടെ സംഭവിക്കുന്നില്ല. അതുകൊണ്ടുണ്ടാകുന്ന മാററങ്ങളേ ചന്ദ്രമണ്ഡലത്തിൽ കാണുകയുള്ളൂ.

ആകെക്കൂടി ചന്ദ്രമണ്ഡലം ശുഷ്കവും നിർജ്ജീവവുമാണെന്ന് ഇപ്പോൾ മനസ്സിലായില്ലേ. എന്നിട്ടും നമ്മുടെ മുമ്പിൽ ചന്ദ്രൻ പ്രത്യക്ഷപ്പെടുന്നതെങ്ങനെയെന്നു നോക്കൂ. കുളിർമയോടുകൂടിയ പൂനിലാവു പൊഴിച്ചുകൊണ്ടും സന്തുഷ്ടവദനനായുമല്ലേ. കവികൾ വളരെയൊക്കെ പ്രകീത്തിച്ചിട്ടുള്ള ചന്ദ്രന്റെ മനോഹാരിത ദൂരെക്കാഴ്ചയ്ക്കേ ഉള്ളൂ. (ഏ. ഐ. ആറി (തിരുവനന്തപുരം) ന്റെ അനുമതിയോടുകൂടി)

എന്ന നിലയ്ക്കു് ഈ പ്രദർശനം എന്നെ വളരെ ആഹ്ളാദഭരിതനാക്കി. അതിനെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ വിവരണം ഗ്രന്ഥാലോകം വായനക്കാരുടെ അറിവിനായി ചുവടേ ചേക്കുന്നു.

ഗ്രന്ഥശാലാഹാളിലേക്കുള്ള പ്രവേശനദ്വാരത്തിൽ ഉസ്മാനിയാ സർവകലാശാലയിലെ ക്യാററലോഗ് ഉൾക്കൊള്ളുന്ന കാർഡ് ക്യാബിനററ് പെട്ടികൾ അടുക്കിവച്ചിരിക്കയാണ്. ദശാംശവർഗ്ഗ വിഭജനമനുസരിച്ചു് വർഗ്ഗവിഭാഗരീതിയിലും അകാരാദിക്രമത്തിലുമുള്ള ക്യാററലോഗു ആണ് അവിടെ തയ്യാറാക്കിവച്ചിട്ടുള്ളതു്. നമ്മുടെ ഗ്രന്ഥശാലാപ്രവത്തകർക്കു് കാർഡ് ക്യാററലോഗ്രീതി അപരിചിതമല്ല. പക്ഷേ ഒരു ഗ്രന്ഥശാലയിലും അതു ശരിയാക്കി പൂത്തിയാക്കുന്നതിനു സാധിച്ചിട്ടില്ല. അടുത്ത അഖിലേന്ത്യാ ഗ്രന്ഥശാലാവാർഷികം നമ്മുടെ രാജ്യത്തുവച്ചു് നടത്താമെന്നു ചിന്തിക്കുന്നവർ ഈ വസ്തുത പ്രത്യേകം ഓമ്മിച്ചു് വേണ്ട നടപടികൾ എടുപ്പിക്കുന്നതിനു് ഉത്സാഹിക്കേണ്ടതാണ്.

വിശാലമായ ഒരു ഹാളിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന ഡെസ്കുകളുടെ ഇരുവശങ്ങളിലുമായിട്ടു് കൈയെഴുത്തു ഗ്രന്ഥങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഓരോ കൈയെഴുത്തു ഗ്രന്ഥത്തിന്റേം, അലംകൃതലിപി പ്രദർശനത്തിന്റേം ചെറിയ വിവരണങ്ങളോടുകൂടി ടൈപ്പുചെയ്തിരുന്ന സഹായിക കുറിപ്പുകൾ ഉണ്ടായിരുന്നു. കുറയാതെ 200—ൽപരം വിശേഷപ്പെട്ട കൈയെഴുത്തു ഗ്രന്ഥങ്ങൾ പ്രദർശിപ്പിച്ചിരുന്നു. അവ ഓരോന്നും ഓരോ തരത്തിൽ വൈവിധ്യവും പ്രാധാന്യവും ഉള്ളതായിരുന്നു. ഭാഷാപരമായ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ സംസ്കൃതത്തിലും, തമിഴിലും തെലുങ്കിലും, അറബിയിലും പേർഷ്യനിലും, മറാത്തിയിലും ഫ്രെഞ്ചുഭാഷയിലും ഇതര യൂറോപ്യൻ ഭാഷകളിലുമുള്ള പ്രാചീന ഗ്രന്ഥങ്ങളുണ്ടായിരുന്നു. ലിപിയുടെ ലിഖിതരൂപമാസ്പദമാക്കി നോക്കിയാൽ സാധാരണ രീതിയിലുള്ള കൈയെഴുത്തുകൾ മുതൽ അതിസൂക്ഷ്മമായി മാത്രം വായിക്കാൻ സാധിക്കുന്ന അക്ഷരവലിപ്പംവരെ ഉള്ളവ ഉണ്ടായിരുന്നു. ഏററവും അലംകൃതമായ രീതിയിൽ ഉള്ള ലിഖിതങ്ങളെ ചിത്രസഹായത്തോടുകൂടി വിന്യസിച്ചിരിക്കുന്ന ഗ്രന്ഥങ്ങളും പ്രദർശിക്കപ്പെട്ടിരുന്നു. എഴുത്തിനു പയോഗിച്ചിരുന്ന സാധനങ്ങൾ ആണെങ്കിൽ താളിയോലകളും, ആദ്യകാലഘട്ടങ്ങളിൽ നിമ്മിതങ്ങളായിട്ടുള്ള കടലാസുകളും, തോലുകളും, ലോഹങ്ങളും, ശിലകളും എല്ലാം കാണ്മാനുണ്ടു്. ഉദ്ദേശം പത്തടിനീളംവരെ വരുന്ന ഒരു 'ചുരുണ'യിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ലിഖിതവും പ്രദർശനവസ്തുക്കളിൽ പെട്ടിരുന്നു.

ഇവയിലുള്ള ഉള്ളടക്കങ്ങളിലും ധാരാളം വൈവിധ്യം കാണാൻ കഴിയും. രാമായണം, ഭാരതം കൊറാൻ, എന്നു തുടങ്ങിയുള്ള പ്രാചീന മതഗ്രന്ഥങ്ങളും, തച്ചുശാസ്ത്രം, അശ്വശാസ്ത്രം, ജ്യോതിഷം, ആയുർവേദം, ചിന്താമണി, വാനശാസ്ത്രം, ക്ഷേത്രഗണിതം എന്നീവക വിഷയങ്ങളെപ്പററിയുള്ള ശാസ്ത്രീയഗ്രന്ഥങ്ങളും നാട്യം, ചിത്രമെഴുത്തു്, സാഹിത്യം എന്നിപ്രകാരമുള്ള സുകുമാരകലകളേപ്പററിയും പാചകവിദ്യ, സാധനനിമ്മാണം എന്നിങ്ങനെ കൈച്ചുവക്കവേണ്ട വിദ്യകളെഅധികരിച്ചും ഉള്ള ഗ്രന്ഥങ്ങളും പ്രാചീനലിഖിതങ്ങളുടെ കൂട്ടത്തിൽ കാണുവാൻ കഴിഞ്ഞു. കാലത്തെ ആസ്പദമാക്കി നോക്കുമ്പോൾ ഉദ്ദേശം എ. ഡി. 12—ാ, 13—ം ശതാബ്ദങ്ങൾ മുതൽ പത്തൊൻപതാംശതാബ്ദംവരെ ഉള്ള കൃതികൾ ഈ പ്രദർശനസഞ്ചയത്തിൽ ഉണ്ടായിരുന്നതായി ഗണിക്കാവുന്നതാണ്. അറേബ്യാ, പേർഷ്യാ, ഉത്തരേന്ത്യാ, മഹാരാഷ്ട്രം, തെലുങ്കുപ്രദേശം, തമിൾനാട്ടു്, ഡക്കാൺ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ചിട്ടുള്ള പ്രാചീന രേഖകളാണ് അധികവും കാണുവാൻ കഴിഞ്ഞതു്.

ഇത്തരത്തിലുള്ള കൈയെഴുത്തു പ്രതികളുടെ ഒരു പ്രദർശനം സജ്ജീകരിക്കുന്നതിനു നമ്മുടെ രാജ്യത്തെ ആർക്കിയോളജി വകുപ്പും, ഓറിയന്റൽ മാനുസ്ക്രിപ്ററ്ലൈബ്രറിയും, ഗവമ്മെന്റു റിക്കാർഡു സെക്ഷനും ഒത്തൊരുമിച്ചു പ്രവത്തിച്ചാൽ നിഷ്പ്രയാസം സാധിക്കാവുന്നതേയുള്ളു. ഇവിടത്തെ താളിയോല ഗ്രന്ഥങ്ങളെ

പ്പററി ഒരു താരതമ്യപഠനമില്ലാതെ സ്തുതിച്ചുകൊണ്ടിരിക്കുന്നവർക്ക് ഭാരതത്തിൻെറ ഇതരഭാഗങ്ങളിലും വിലയേറിയ ഗ്രന്ഥങ്ങൾ ഉണ്ടെന്നു് മനസ്സിലാക്കുന്നതിനു് ഈ പ്രദർശനം സന്ദർശിക്കുന്നതു് സഹായകരമായിരുന്നേനെ. അതേ സമയത്തു് തത്തുല്യങ്ങളായ പല പ്രദർശന വസ്തുക്കൾ നമ്മുടെ നാട്ടിൽ സൂക്ഷിക്കാനിടയായിട്ടുള്ളതിൽ അഭിമാനം കൊള്ളുവാനും സാധിക്കുമായിരുന്നു.

താളിയോല ഗ്രന്ഥങ്ങളോടനുബന്ധിച്ചു വിവിധ സ്ഥലങ്ങളിൽ പ്രചാരത്തിലിരുന്ന നിരവധി നാണയങ്ങളും പ്രദർശിപ്പിച്ചിരുന്നു. ഡെക്കാണിൽ ബാമിനി സുൽത്താന്മാരുടേയും, ദക്ഷിണേന്ത്യയിൽ വിജയനഗരം രാജാക്കന്മാരുടേയും മുകിലചക്രവർത്തിമാരുടേയും കാലങ്ങളിൽ പ്രചരിച്ചിരുന്ന നാണയങ്ങളായിരുന്നു അവയിൽ ഏറിയകൂറും. അതുപോലെ വിവിധ രാജ്യങ്ങളിലും വിവിധകാലഘട്ടങ്ങളിലും ഉപയോഗത്തിലിരുന്നതായ സ്റ്റാമ്പുകൾ, മുദ്രകൾ എന്നിവയും പ്രദർശനസാമഗ്രികളിൽ ശ്രദ്ധാർഹമായിരുന്നു. ഒരു ചരിത്രാന്വേഷകന് പല പുതിയ അറിവുകളും പ്രദാനംചെയ്യുന്നതിനുതകത്തക്ക രീതിയിലുള്ളതായിരുന്നു ഈ വസ്തുക്കളെല്ലാം. മിക്കവാറും ഹൈദ്രബാദ് നഗരത്തിലെ പുരാണലിഖിത സഞ്ചയങ്ങളിൽനിന്നും സർവകലാശാലാ ഗ്രന്ഥശാലയിൽനിന്നും സ്വരൂപിച്ചിട്ടുള്ളതായിരുന്നു ഇവയെല്ലാം.

ഈ വിഭാഗംകൂടാതെ ഇൻഡ്യൻനാഷണൽ ലൈബ്രറിയുടെ ലൈബ്രേറിയൻ ശ്രീ. ബി. എസ്സ്. കേശവനും അദ്ദേഹത്തിൻെറ സഹായികളും കൂടെചേന്നു് നാഷണൽ ലൈബ്രറിയിലുള്ള ചില പ്രദർശന സാധനങ്ങൾ ഒരു പ്രത്യേകമുറിയിൽ സജ്ജമാക്കിയിരുന്നു. ഗ്രന്ഥമന്ദിരശില്പത്തെ ഉദാഹരിക്കുന്നതിനുള്ള പ്ളാനുകളും, ഒരു ആധുനികഗ്രന്ഥശാലക്കകത്തു് ഉണ്ടായിരിക്കേണ്ട നവീനോപകരണങ്ങളുടെ മാതൃകകളും, ചിത്രങ്ങളും ചാർട്ടുകളും ഒരുഭാഗത്തു് പ്രദർശിപ്പിച്ചിരുന്നു. അപൂർവവും അലംകൃതരീതിയിലുള്ളതും ആയ പുസ്തകങ്ങൾ ആകർഷകമായി അണിനിരത്തിയിരുന്നതു് വേറൊരുതരത്തിലുള്ള പ്രദർശന സാധനമായി. Danteയുടെ 'ഡിവയിൻ കാമഡി' മിൽടൺൻെറ പറദീസാനഷ്ടം, എന്നിപ്രകാരമുള്ള വിശിഷ്ടകൃതികളുടെ ചിത്രങ്ങളടങ്ങിയ പ്രചീനപതിപ്പുകൾ അവിടെ കാണ്മാനുണ്ടായിരുന്നു. ഇൻഡ്യൻനാഷണൽ ലൈബ്രറിയിൽ ഉള്ള അതിപ്രാചീനമായ അച്ചടിഗ്രന്ഥം 1481-ലുള്ളതാണു്. ഏ.ഡി. 23-നും, 79-നും, ഇടയ്ക്കു് ജീവിച്ചിരുന്ന Pliny the Elder എന്നറിയപ്പെടുന്ന ദേഹം എഴുതിയിട്ടുള്ള നാച്യുറാലിസ് ഹിസ്റ്റോറിക്കാ എന്നതാണു് ആ ഗ്രന്ഥം. 37 പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ആ ഗ്രന്ഥത്തിൽ 100 ഗ്രന്ഥകാരന്മാരുടെ 2000 ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ള 20000 പ്രത്യേക വിവരങ്ങളടങ്ങിയിട്ടുള്ളതായി വിവരിച്ചുകേട്ടു.

പുസ്തകം ബയൻറിംഗിൻെറ വിവിധ മാതൃകകളായിരുന്ന വേറൊരു പ്രദശനവിഭാഗം. മുഴുവൻ തോലുകൊണ്ടും, മുട്ടമാത്രം തോലുകൊണ്ടും, പുസ്തകത്തിൻെറ മൂലകൾമാത്രം ലോഹംകൊണ്ടും പൊതിഞ്ഞതും, പുറംചട്ട മുഴുവനുംതന്നെ ലോഹനിർമ്മിതമായതും, കവറിൽ വിവിധരീതികളിലുള്ള ചിത്രപ്പണികൾ ഉള്ളതും, സ്വർണ്ണലിപികളിൽ ആലേഖ്യങ്ങളുള്ളതും ആയ പലതരത്തിലുള്ള ബയൻറിംഗുകളും കാണുവാൻ കഴിഞ്ഞു. ബുക്ക് ബയൻറിംഗിനെപ്പററിയുള്ള ആധുനിക ഗ്രന്ഥങ്ങളും, ആധുനിക ബയൻഡിംഗ് രീതികളുടെ വിശദീകരണാർത്ഥമുള്ള ചിത്രങ്ങളും ബയൻറിംഗിൻെറ ഉത്ഭവം, പുരോഗതി, കാലാകാലങ്ങളിൽ വന്നിട്ടുള്ള വ്യതിയാനങ്ങൾ, ഇപ്പോഴത്തെ നില എന്നിങ്ങനെ അതുസംബന്ധിച്ചുള്ള സാങ്കേതിക തത്വങ്ങൾ മനസ്സിലാക്കുന്നതിനു് തികച്ചും പര്യാപ്തമാകും വിധം സജ്ജീകരിക്കപ്പെട്ടിരുന്നു.

ഒരു വായനശാലാഹാളിൽ നൽകാവുന്ന വിഭിന്ന പഠന സൗകര്യങ്ങളെ പ്രതിനിധീകരിക്കുന്നതായിരുന്നു അടുത്ത പ്രദശനവിഭാഗം. റഫറൻസ്, ഗവേഷണം, സംഘടിതപഠനം, പഠനക്ലബ്ബ്, നൂതനവിഷയങ്ങളെക്കുറിച്ചും അടിയന്തിരാവശ്യങ്ങളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ എന്നിങ്ങനെയുള്ളവയെസ്സംബന്ധിച്ച പ്രസംഗ

ങ്ങളും, അവയെത്തുടൎന്നുള്ള ഉദ്ദേശസഹിതങ്ങളായ പഠനങ്ങളും പ്രാമാണികഗ്രന്ഥങ്ങളുടെ ഉപയോഗത്തെപ്പററിയുള്ള പഠനവും, വളരെ വിജ്ഞാനപ്രദമായിരുന്നു. കൂടാതെ ഗ്രന്ഥകാരന്മാൎക്കു വേണ്ടിയുള്ള പ്രത്യേകസൗകര്യങ്ങളും, ക്യാററലോഗ്ഗ് സൂചനകൾ തുടങ്ങി നാനാപ്രകാരമുള്ള പ്രവൎത്തനവശങ്ങൾ മനസ്സിലാക്കുന്നതിനും ഈ വിഭാഗം സഹായകരമായിരുന്നു.

നാഷനൽ ലൈബ്രറി യഥാൎത്ഥത്തിൽ ഭാരതത്തിലെ സകല ഭാഷാഗ്രന്ഥങ്ങളേയും സംഭരിക്കുന്ന കേന്ദ്രമാണെന്നു് പ്രത്യക്ഷത്തിൽ മനസ്സിലാക്കുന്നതിനായി പ്രധാനപ്പെട്ട എല്ലാ ഭാഷകളിലുമുള്ള ഒരു ഡസൻ പുസ്തകങ്ങൾ വീതം പ്രദർശിപ്പിച്ചിരുന്നു. അക്കൂട്ടത്തിൽ മലയാളഗ്രന്ഥങ്ങൾ മാത്രം അവിടെ കാണുവാൻ കഴിഞ്ഞില്ല. ഇതു് നാഷണൽ ലൈബ്രറിയിൽ മലയാളഗ്രന്ഥങ്ങൾ ഇല്ലാഞ്ഞിട്ടല്ല. എന്നാൽ അവ നവീനഗ്രന്ഥങ്ങളായിരുന്നില്ല. നവീനഗ്രന്ഥങ്ങൾ സംഭരിക്കാൻ സമയത്തിനു സാധിക്കാതെയും വന്നു. അതിനാലാണു് അവയുടെ പ്രദർശനം ഇല്ലാതെ വന്നതു്. ഇക്കൊല്ലം തന്നെ ഒരു പതിനായിരം രൂപായ്ക്കു് മലയാളഗ്രന്ഥങ്ങൾ വാങ്ങിയ്ക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടെന്നും, ശ്രീ. ബി. എസ്. കേശവൻ കാൺഫ്റൻസ് കഴിഞ്ഞു നേരിട്ടു് ഇവിടെവന്നു് അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടു പോയിട്ടുണ്ടെന്നും അറിയുന്നതും നമുക്കു് ഉത്സാഹജനകമാവുമല്ലോ.

ഇൻഡ്യൻ ഭാഷകളേയും ഭാരതീയ സംസ്കാരത്തേയും ശരിയായി പഠിക്കുകയും അവയുടെ പ്രചാരത്തിനായി അത്യധികം പ്രയത്നിക്കുകയും ചെയ്തിട്ടുള്ള പാശ്ചാത്യപണ്ഡിതന്മാരായ മാക്സ് മുള്ളർ, സർ വില്ല്യംജോൺസ്, റിസ്ഡേവിഡ്സ് തുടങ്ങിയ പൗരസ്ത്യവിജ്ഞാന വിദഗ്ദ്ധന്മാരുടെ ഗ്രന്ഥങ്ങളും അവരുടെ ഫോട്ടോകളും വേറൊരു പ്രത്യേക പ്രദർശനവിഭാഗമായിരുന്നു. ഇൻഡ്യൻ പണ്ഡിതലോകം പൗരസ്ത്യമനോഭാവമുള്ള പാശ്ചാത്യപൗരന്മാരോടു് പ്രദർശിപ്പിക്കുന്ന ആദരവിൻെറ ഒരു അളവായി ആ വിഭാഗം അനുഭവപ്പെട്ടു.

ഒരു നിർദ്ദിഷ്ടപ്രദേശത്തുള്ള ലൈബ്രറി പ്രവൎത്തനത്തിൻെറ സമ്പ്രദായം കാണിക്കുന്നതിനുള്ള വിഭാഗമായിരുന്നു പിന്നൊന്നു്. കേന്ദ്ര സെൻട്രൽ ലൈബ്രറികളും, സ്റ്റേററുസെൻട്രൽ ലൈബ്രറികളും, ഒരു സ്റ്റേററിൽതന്നെ ഡിസ്ട്രിക്ട്പരമായ സെൻട്രൽ ലൈബ്രറികളും സംഘടിതമാക്കുന്നതെങ്ങനെയെന്നും അവരവരുടെ അതിൎത്തിക്കകത്തുള്ള ഇതരഗ്രന്ഥശാലാസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ആവശ്യമുള്ള ഗ്രന്ഥങ്ങൾ ലഭിക്കുന്നതിനു് ഇവയെ പൎയ്യാപ്തമാക്കുന്നതെങ്ങനെയെന്നും പ്രദർശിപ്പിച്ചു. ലൈബ്രറി സഹകരണത്തിൻെറ ആവശ്യകത കാണികളിൽ ദൃഢമൂലമാക്കുന്നതിനു് ഇതു് സഹായകരമായിരുന്നു. കൽക്കട്ടയിലെ ഇംപീരിയൽ ലൈബ്രറി എന്നറിയപ്പെട്ടിരുന്ന സ്ഥാപനമാണു് നാഷണൽ ലൈബ്രറിയായി രൂപാന്തരപ്പെട്ടിട്ടുള്ളതെന്നും, ഇൻഡ്യയിലെവിടെയും അച്ചടിക്കപ്പെടുന്ന ഓരോ പുസ്തകത്തിൻേറയും ഈരണ്ടു പ്രതി നിയമംമൂഖാന്തിരം ലഭിക്കുന്ന ഏകസ്ഥാപനമാണിതെന്നും സ്റ്റേററിലുള്ള ഒരു കേന്ദ്ര ലൈബ്രറി മുഖാന്തിരം നാഷണൽലൈബ്രറിയിലെ മിക്കവാറും ഗ്രന്ഥങ്ങൾഉപയോഗത്തിനു് ഇൻഡ്യയിലെവിടെയും വരുത്താവുന്നതാണെന്നും തന്നെയല്ല, രാജ്യാന്തര വിപുല ഗ്രന്ഥശാലകളിലുള്ള ഗ്രന്ഥങ്ങൾ ഗവേഷണത്തിനും പഠനത്തിനുമായി ഈ നാഷണൽ ലൈബ്രറി മുഖാന്തിരം ലഭിക്കാവുന്നതാണെന്നും പറയേണ്ടതുണ്ടു്. ഭാരതത്തിലെ ഗ്രന്ഥശാലകൾക്കു വേണ്ടിയുള്ള വിദേശ ഏജൻറും ഭാരതത്തിലുള്ള ഗ്രന്ഥശാലകളുടെ മധ്യസ്ഥനും, സംയോജകനും എന്ന അതിമഹത്തായ പദവിയിലേക്കാണു് നാഷണൽ ലൈബ്രറി എത്തിച്ചേൎന്നിരിക്കുന്നതു്. ഈ ഗ്രന്ഥശാലാ സഹകരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെടുന്നതേയുള്ളു. കഴിയുന്നതും വേഗത്തിൽ അതു് ഫലപ്രദമായ പ്രവർത്തനത്തിലെത്തുന്നതാണു്. ഈ സന്ദർഭത്തിൽ തിരു-കൊച്ചി സംസ്ഥാനത്തിനു് അതിൻെറ വിദ്യാഭ്യാസപുരോഗതിക്കും, ഗ്രാമീണവായനശാലാ പുരോഗതിക്കും അനുസരണമായി സ്റ്റേററും ഡിസ്ട്രിക്ടുംപരമായ വിതരണത്തിനുള്ള കേന്ദ്രഗ്രന്ഥശാല

കൾ ഉണ്ടാകേണ്ടതും വളൻ് പുഷ്ടമായിത്തീരേണ്ടതും കാര്യക്ഷമമായ ഗ്രന്ഥശാലാപ്രവർത്തനത്തിനു് അത്യാവശ്യമാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

ഇതരരാജ്യങ്ങളിലെ, പ്രത്യേകിച്ചു അമേരിക്ക, ഇംഗ്ലണ്ട്, ഇററലി, ഫ്രാൻസ്, ജർമ്മനി, റഷ്യ എന്നിവിടങ്ങളിലെ വൻപിച്ച ഗ്രന്ഥശാലകളെക്കുറിച്ചുള്ള വിവരങ്ങളും ആ വക ഗ്രന്ഥശാലകളുടെ മന്ദിരങ്ങളുടേയും പ്രവർത്തനങ്ങളുടേയും ഫോട്ടോകളും ഉൾക്കൊള്ളുന്നതായിരുന്നു 'ഇതരരാജ്യങ്ങളിലെ ഗ്രന്ഥശാലകൾ' എന്ന പ്രദർശനവിഭാഗം. ഈ വിഭാഗം അവിടങ്ങളിലെ സാമാന്യഗ്രന്ഥശാലകളുടെ വിപുലതയേയും അവയ്ക്കു് അവിടെ ഉണ്ടായിട്ടുള്ള പുരോഗതിയേയും കുറിച്ചു നമ്മെ പെട്ടെന്നു ബോദ്ധ്യപ്പെടുത്തുന്നതിനു സഹായകമായിരുന്നു.

ബാലഗ്രന്ഥശാലാ പ്രവർത്തനത്തെപ്പററിയുള്ള ഒരു പ്രത്യേകവിഭാഗവും നാഷനൽ ലൈബ്രറി സജ്ജീകരിച്ച പ്രദർശനഹാളിൽ ഉണ്ടായിരുന്നു. ചിത്രങ്ങൾ മാത്രമുള്ളതും, ചിത്രങ്ങളും ചുരുങ്ങിയ എഴുത്തുകളുമുള്ളതും, ചിത്രങ്ങൾ ഒരു പുറത്തും, എതിർവശത്തു് അതിനേപ്പററിയുള്ള വിവരങ്ങളുമുള്ളതും, ചിത്രങ്ങൾ ആവശ്യത്തിനുമാത്രവും വിവരണങ്ങൾ ധാരാളമായും ഉള്ളതും, തുണിയിൽതന്നെ അച്ചടിച്ച പേജുകളുള്ള ചിത്രപുസ്തകങ്ങളും എന്നിങ്ങനെ വിവിധരീതികളിലുള്ള ബാലഗ്രന്ഥങ്ങൾ അവിടെ പ്രദർശനത്തിനുണ്ടായിരുന്നു. ഇൻഡ്യൻ ഭാഷകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ബാലഗ്രന്ഥങ്ങളും പ്രദർശിപ്പിച്ചിരുന്നു. ബംഗാളിയിലും, ഹിന്ദിയിലും, മറാത്തിയിലും, തമിഴിലും ഇത്തരം പുസ്തകങ്ങൾ വദ്ധിച്ചുവരുന്നതായി അവ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നതോതു വച്ചു മനസ്സിലാക്കാം. തെലുങ്കു ഭാഷയിൽ താരതമ്യേന ബാലഗ്രന്ഥങ്ങൾ കുറവാണു്. മലയാളത്തിൽ ബാലഗ്രന്ഥങ്ങൾ ഉണ്ടാകുന്നുവെങ്കിലും ചിത്രങ്ങളുടെ ധാരാളതയിലും, അവയുടെ ആകർഷണീയതയിലും, അച്ചടിക്കു ഉപയോഗിക്കുന്ന ടൈപ്പുകളുടെ വൈവിദ്ധ്യത്തിലും, അച്ചടിക്കുപയോഗിക്കുന്ന കടലാസ്സിൻെറ ഗുണത്തിലും, കവർ പേപ്പറിനുപയോഗിക്കുന്ന പേപ്പറിൻെറ ഈടിലും കാര്യമായ പുരോഗതിയും പരിവർത്തനവും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. വിദ്യാഭ്യാസ പുരോഗതി നമുക്കുണ്ടെങ്കിലും പുസ്തകനിർമ്മാണകലയിൽ വിശിഷ്യ ബാലഗ്രന്ഥനിർമ്മാണ കലയിൽ നാം വളരെ പിന്നോക്കം നിൽക്കയാണെന്നു സലജ്ജം സമ്മതിക്കേണ്ടിയിരിക്കുന്നു. ബാലഗ്രന്ഥാലയവിഭാഗത്തിൽ ബാലന്മാർക്കു പററിയ അകസാമാനങ്ങളുടെ മാതൃകകളുടെ ചിത്രങ്ങളും, ഗ്രന്ഥശാലയിൽ കഥകൾ പറഞ്ഞുകൊടുത്തു വായിക്കുന്നതിനു് പ്രേരിപ്പിക്കുന്ന രീതികളും മററും പ്രദർശിപ്പിച്ചിരുന്നു.

നാഷണൽ ലൈബ്രറിയുടെ പ്രദർശനശാലയിലെ അടുത്തവിഭാഗം ലൈബ്രറി എക്സ്ററൻഷൻ പ്രവർത്തനത്തെ വിശദീകരിക്കുന്നതിനു വേണ്ടിയുള്ളതായിരുന്നു. ബ്രാഞ്ചു ലൈബ്രറികൾ, പോസ്റ്റിൽ ഗ്രന്ഥങ്ങൾ അയച്ചുകൊടുക്കുക, ഹോസ്പിററലിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിനു സഹായിക്കുക, ലൈബ്രറി വാൻ മുഖാന്തിരം പുസ്തകം വിതരണം നടത്തുക, സാമൂഹ്യവിദ്യാഭ്യാസ പ്രചരണാത്ഥമുള്ള പ്രവർത്തനങ്ങൾ നടത്തുക എന്നിവകളേക്കുറിച്ചു ചാർട്ടു വഴിയായും ചിത്രങ്ങൾ വഴിയായും പ്രസ്പഷ്ടമാക്കിയിരുന്നു.

നാഷണൽ ലൈബ്രറി പ്രദർശനവിഭാഗം കൂടാതെ, അമേരിക്കൻ ഇൻഫർമേഷൻ സർവീസിൻെറയും, Unesco-യുടേയും, ആസ്ട്രേലിയൻ എമ്പസ്സിയുടേയും മററും പ്രദർശവിഭാഗങ്ങളുണ്ടായിരുന്നു. സാമാന്യമായി അതതു രാജ്യക്കായുടേയും സ്ഥാപനങ്ങളുടേയും പ്രസിദ്ധീകരണങ്ങളും പ്രചരണ ഗ്രന്ഥങ്ങളുമാണു് അവയിലുണ്ടായിരുന്നതു്. മുൻപറഞ്ഞിട്ടുള്ള വിവരണങ്ങളിൽ വന്നിട്ടുള്ള പല വസ്തുതകൾ ഈ പ്രദർശനങ്ങളിലും ഉണ്ടായിരുന്നതു് ആവർത്തിക്കേണ്ട ആവശ്യമില്ല.

ചുരുക്കിപ്പറഞ്ഞാൽ ശരിയായ ഒരു പ്ലാൻ ആസൂത്രണംചെയ്തു്, പണ്ഡിതോചിതമെങ്കിലും സാധാരണന്മാർക്കുപോലും സുഗ്രാഹ്യമാകുന്നവിധ

# ഒരു യാത്രാവിവരണം

കെ. രാഘവൻപിള്ള എം. ഏ; പിഎച്ച്. ഡി. (ലണ്ടൻ)

ഒരു ററീ പാർട്ടി നടക്കുന്നതായി സങ്കല്പിക്കുക. ഇന്ത്യാക്കാരും ഇംഗ്ലീഷുകാരും സമ്മേളിച്ചിരിക്കുന്ന ഒരു ററീപ്പാർട്ടി. മനോഹരമായ വസ്ത്രം ധരിച്ചു് അണിഞ്ഞൊരുങ്ങിയിരിക്കുന്ന വനിതാമണികൾ പുതിയ കോട്ടുകളും മററും ധരിച്ചു് കാമദേവവേഷം കെട്ടിയിട്ടുള്ള യുവാക്കളുടെ കണ്ണുകൾ കൊണ്ടോ, ദേഹംകൊണ്ടുതന്നെയോ പിൻതുടരപ്പെടുന്നുണ്ടായിരിക്കും. അതാ, ആ കോണിൽ നിന്നുകൊണ്ടു് ചിലരുമായി ആവേശത്തോടുകൂടി സംസാരിക്കുന്നതു് ഒരു ആഫ്രിക്കാക്കാരനാണു്. കറുത്തും വലിപ്പവും ഏറിയ അസ്ഥികൂടം, ഉറച്ച മാംസപേശികൾ, തടിച്ചു ശരിയായി അടയാത്ത ചുണ്ടുകൾ, അനവധി വാച്ചുകളുടെ സ്പ്രിങ്ങുകൾ അടുക്കിവച്ചിരിക്കുന്നതുപോലെയുള്ള തലമുടി- ഇതെല്ലാം അന്ധകാരമായ ആ ഭൂഖണ്ഡത്തിന്റെ അനിഷേധ്യസ്വത്തുക്കൾ ആണു്. ബുദ്ധിപ്രസരം വലുതായില്ലാത്ത ആ കണ്ണുകളിൽ ചിലപ്പോൾ തീ കാണാം. മത്തുപിടിച്ച ആ വാക്കുകൾ അങ്ങനെ വെളിയിലേയ്ക്കു തുരുതുരാ വരുന്നുമുണ്ടു്. തന്റെ രാജ്യത്തിനു വെള്ളക്കാരിൽനിന്നു സംഭവിച്ച അപകർഷതയെക്കുറിച്ചാണു് അയാൾ പ്രസംഗിക്കുന്നതു്. പക്ഷേ, ആണും പെണ്ണും ഉൾപ്പെട്ട ശ്രോതാക്കൾ ക്ഷമയോടുകൂടി അതു കേൾക്കുകയാണു്; ചിലപ്പോഴെല്ലാം 'ഹോ' 'ഓഹോ' 'ആഹാ' എന്നിത്യാദി വ്യാക്ഷേപങ്ങളെക്കൊണ്ടു് ആ പ്രസംഗത്തിൽ കോമയും മററും ഇട്ടുകൊണ്ടു്.

ബ്രിട്ടന്റെ വൈദേശികനയത്തെ അപലപിക്കുന്ന വിദേശികളെക്കുറിച്ചു മിക്ക ബ്രിട്ടീഷുകാർക്കും ദ്വേഷമില്ല. എന്തുകൊണ്ടെന്നാൽ ബ്രിട്ടീഷുകാരെ ഇമ്മാതിരി പ്രസംഗങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ രണ്ടു പ്രധാന വിഭാഗങ്ങളായി തിരിക്കാം; തങ്ങളുടെ വിദേശനയം കറയററതെന്നു് വിശ്വസിക്കുന്ന ഒരു കൂട്ടർ, അതു പുഴുക്കുത്തുപിടിച്ചു്, കാലത്തിനു പററിയതല്ലാതായിത്തീർന്നിരിക്കുന്നു എന്നു് വിചാരിക്കുന്ന മറെറാരു

---

ത്തിൽ ലഘുലേഖകളും വിവരണങ്ങളും സഹിതം സജ്ജീകരിച്ചിരുന്ന അഖിലേന്ത്യാ ലൈബ്രറി പ്രദർശനം അതിന്റെ വിപുലതയിലും, വൈവിദ്ധ്യത്തിലും, പ്രയോജനത്തിലും, ക്രമീകരണത്തിലുംഎല്ലാ ഗ്രന്ഥപ്രേമികളുടേയും പ്രശംസയ്ക്കു് പാത്രമാകത്തക്കവിധത്തിലുള്ളതായിരുന്നു. ശരിയായ ഒരു പ്രദർശനം സജ്ജീകരിക്കുന്നതു് ആ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരുടെ വിജ്ഞാനത്തിന്റേയും, ഔചിത്യത്തിന്റേയും, ഉത്സാഹത്തിന്റേയും, സഹകരണശേഷിയുടേയും പ്രത്യക്ഷലക്ഷ്യമാണു്. ഒരു രാത്രികൊണ്ടു് ഒരു ചാലക്കമ്പോളം അപ്പാടെ തുറന്നുകളയാമെന്നു അഹങ്കരിക്കുന്നവർ മാതൃകാപരമായ ഒരു പ്രദർശനശാല സജ്ജീകരിക്കുന്നതു് ഒരു യഥാർത്ഥ കലയാണെന്നും, അപ്രകാരമുള്ള കലാരൂപം നൽകുന്നതിനു കഠിനമായ അദ്ധ്വാനവും, ഓരോ വിശദാംശങ്ങളേപ്പററിയും അഗാധബോധവും, ഓരോ അംശങ്ങൾ തമ്മിലുള്ള ശരിയായ പരസ്പരബന്ധത്തെ സംബന്ധിച്ചു സുദൃഢധാരണയും അത്യാവശ്യമാണെന്നും അറിയുന്നതു നന്നായിരിക്കും. പ്രദർശനഹാൾ മുഴുവൻ ഒന്നോടിച്ചു കണ്ടു തീർക്കുന്നതിനു് ഉദ്ദേശം നാലുമണിക്കൂർ സമയം വേണ്ടിവന്നു. പഠനത്തിനാണെങ്കിൽ പല ദിവസങ്ങൾതന്നെ വേണ്ടിവരുമായിരുന്നു. ഈ പ്രദർശനശാലയെ ജയിക്കുന്ന ഒരു സ്ഥിരം മ്യൂസിയം ഹൈദ്രബാദ് നഗരത്തിൽ സാലർ ജംഗ് മ്യൂസിയം എന്ന പേരിൽ ഉണ്ടായിട്ടുണ്ടു്. അതിനെപ്പററി ഒരു ചെറിയ വിവരണം ഗ്രന്ഥാലോകം വായനക്കാർക്കു് പിന്നാലെ തരാവുന്നതാണു്.

---

കൂട്ടർ. ബ്രിട്ടീഷ് ഗവമ്മെൻറിൻെറ വിദേശ നയത്തെ ആരെങ്കിലും അധിക്ഷേപിക്കുമ്പോൾ രണ്ടുകൂട്ടരും ക്ഷമയോടുകൂടി അതു കേൾക്കും; ഒരിക്കലും കോപിക്കാറുമില്ല. ആ സഹിഷ്ണുതയുടെ കാരണമാകട്ടെ രണ്ടിടത്തും രണ്ടാണ്. ഒരിടത്തു ലോകം നന്നാക്കാൻ വെള്ളക്കാരനുള്ള കത്തവ്യത്തെക്കുറിച്ചു അടിയുറച്ച വിശ്വാസം; മറ്റൊരിടത്തു്, ബ്രിട്ടീഷ് വിദേശനയത്തെ അധിക്ഷേപിക്കുന്നവരുടെ വാദം ശരിയാണെന്ന ബോധം. വിൻറർട്ടൻപ്രഭുവും, അന്യൂറിൻബെവാനും, ആഫ്രിക്കാക്കാരൻെറ ദേശീയവാദം കേൾക്കുമ്പോൾ ഒരുപോലെ കാണിക്കാറുള്ള ക്ഷമയുടെ രഹസ്യം ഇതാണു്. പക്ഷേ രണ്ടുപേരുടേയും ക്ഷമ ഒരു വർഗ്ഗത്തിൽപ്പെട്ടതല്ലെന്നു മാത്രം.

ഒരു മൂലയിൽ ഒരു കപ്പ് ചായയും കുടിച്ചു് നാം നിൽക്കുമ്പോൾ, അൻപതിനോടടുക്കുന്ന ഒരു മദാമ്മ കുളുർമ്മയുള്ള ഒരു ചിരിയോടുകൂടി നമ്മുടെ സമീപം എത്തുന്നു. അരയന്നപ്പിടപോലെയോ, ചിലപ്പോൾ മണ്ഡൂകപ്ലുതിയോടുകൂടിയോ ഉള്ള ആ നടപ്പു് നാം അധികം വേഗം മറന്നെന്നു് ഇരിക്കുകയില്ല. ആജാനുവസ്ത്രം മാത്രം ആണു് ആ മദാമ്മയെങ്കിൽ,—മിക്കവാറും ആയിരിക്കാം—തടിച്ചു കൊഴുത്ത ആ കാലുകൾ നാം ഒന്നുരണ്ടുപ്രാവശ്യം നോക്കിയെന്നിരിക്കും; ആ കയ്കളും; ആ പുഞ്ചിരിയുടെമധുരിമയിൽ, പെരുമാററത്തിൻെറ സാമ്യതയിൽ നാം മിക്കവാറും അലിഞ്ഞുപോകും. ബാക്കി വല്ലതും അവശേഷിക്കുന്നെങ്കിൽ, അതുകൊണ്ടുവേണം നമുക്കു് അവരുടെ സംഭാഷണം ശ്രദ്ധിക്കുവാൻ. 'ഇംഗ്ലണ്ടിലെ താമസം നമുക്കു് സുഖമായോ' എന്നും മററുമുള്ള അവരുടെ ചോദ്യത്തിനുത്തരം പറഞ്ഞുകൊണ്ടു നിൽക്കുമ്പോൾ, ആക്ഷേപത്തിൻെറ ചുവ അൽപവും ഇല്ലാത്ത സ്വരത്തിൽ അവർ ചോദിച്ചെന്നിരിക്കും. 'അപ്പോൾ മി. പിള്ളേ! പെൺകുഞ്ഞുങ്ങളെ പ്രസവിച്ചാൽ ഉടൻതന്നെ അവരെ കൊല്ലുന്ന പതിവു് ഇന്ത്യയിൽ ഇപ്പോഴുമുണ്ടോ?' അല്ലെങ്കിൽ 'പാമ്പു് ഇന്ത്യയിലെ പ്രധാന ആഹാരങ്ങളിൽ ഒന്നാണോ?' അല്ലെങ്കിൽ 'ഒരു സ്ത്രീയ്ക്കു് നാലഞ്ചു ഭർത്താക്കന്മാർ എന്ന പതിവു് ഇപ്പോഴും ഉണ്ടോ!' എന്നിങ്ങനെ. നമുക്കു് അബദ്ധജടിലങ്ങൾ എന്നു തോന്നുന്ന ഈ മാതിരി ചോദ്യങ്ങൾ മിക്കവാറും വെറും ജിജ്ഞാസയുടെ ഫലമായി മാത്രം ചോദിയ്ക്കപ്പെടുന്നവയാണുതാനും.

എന്തുകൊണ്ടെന്നാൽ, ഒരു സാമാന്യനായ ഇംഗ്ലീഷുകാരനു് ഇന്ത്യയെക്കുറിച്ചോ, മറേറതെങ്കിലും രാജ്യത്തെക്കുറിച്ചോ ഉള്ള വിജ്ഞാനം, സാധാരണക്കാരനായ ഒരു ഇന്ത്യാക്കാരനു് ടിംബക്റുവിനേയോ പെറുവിനെയോ കുറിച്ചുള്ളതിൽ കൂടുതൽ അല്ല. തന്നെയുമല്ല, കുറെയേറെതെററായ അറിവു് ആ ഇംഗ്ലീഷുകാരൻെറ മസ്തിഷ്കത്തിൽ വലകെട്ടിയിരിക്കുകയും ചെയ്യും. പാശ്ചാത്യശക്തികൾ, നാടുപിടിയ്ക്കാനുള്ള പട്ടാളങ്ങളുമായി കിഴക്കൻ രാജ്യങ്ങളിൽ ചെന്നെത്തുന്നതിനു് മുൻപായി, അവരുടെ മുന്നോടികൾ എന്ന നിലയ്ക്കു് അവിടവിടെ എത്തിയിരുന്നല്ലോ. ക്രിസ്തുസിദ്ധാന്ത പ്രചാരകന്മാരായ പാതിരിസംഘം. സ്വർഗ്ഗലോകത്തെപ്പററി പ്രസംഗിക്കുവാൻ പോയിരുന്ന ആ വിശുദ്ധന്മാർ ഈ ലോകത്തെ കാര്യങ്ങളിലും അശ്രദ്ധാലുക്കൾ ആയിരുന്നില്ല. അവർ ചെന്നെത്തിയ പല നാടുകളും അറിവുകേടിൻെറയും അനാചാരങ്ങളുടെയും വിളനിലങ്ങളായി അവക്കു തോന്നുകയും ചെയ്തു. ദൈവരാജ്യത്തെ ചെങ്കതിരുകൾ അവിശ്വാസികളുടെ ഇടയിൽ വീശാൻ വിശുദ്ധവും തീവ്രവും ആയ വ്രതവും എടുത്തു ഇറങ്ങിത്തിരിച്ച ഇവർ, തങ്ങൾ എത്തിച്ചേന്ന കാടന്മാരുടെ നാടുകളെക്കുറിച്ചു പലതരം കഥകൾ സ്വന്തം നാട്ടിലേയ്ക്കു് കയററുമതി ചെയ്തുകൊണ്ടിരുന്നു. അക്കാലങ്ങൾ പതിനെട്ടും പത്തൊൻപതും ശതകങ്ങൾ ആയിരുന്നതിനാൽ അവർ എഴുതിവിട്ടതിൽ ഒരു നല്ല പങ്കു് 'സമുദായപഠനങ്ങളും' 'നരശാസ്ത്രക്കുറിപ്പുകളും' മററും ആകുകയും ചെയ്തു. എത്രമേൽ താണുകിടക്കുന്ന കാടന്മാരെയാണു തങ്ങൾ ദൈവരാജ്യത്തിലേയ്ക്കുള്ള കോണിപ്പടിയിൽ പയ്യെപ്പയ്യെ കയററിവിട്ടുകൊണ്ടിരിക്കുന്നതു് എന്ന വസ്തുത വെറും ഇഹലോകത്തിലെ കാര്യവും നോക്കി വീട്ടിൽ ഇരിക്കുന്നവർ അറിയണമല്ലോ. ആഫ്രിക്കയിലെ നരഭോജിവർഗ്ഗത്തെ നന്നാക്കാൻ പോയി ഒരാറുമാസം അവരുടെ ആഹാരമാകാതെ

ജീവിച്ചതിനുശേഷം, താൻ സമുദ്ധരിക്കാൻ ശ്രമിക്കുന്നവർ ഇപ്പോഴും മനുഷ്യമാംസം തന്നെയാണു് തിന്നുന്നതെന്നും, എന്നാൽ ഇന്നു് അവർ അതു വായിലാക്കാൻ കത്തിയും മുള്ളും ആണുപയോഗിക്കുന്നതു് എന്നും സ്വന്തം നാട്ടിലേയ്ക്കു എഴുതി അയച്ച ഭാഗ്യവാനായ ഫ്രഞ്ചുപാതിരി ഈ വർഗ്ഗത്തിൽപെട്ട ഒരു പാവം ആയിരുന്നു. കിട്ടിയ സമയംകൊണ്ടു് എന്തെങ്കിലും എഴുതിയ പാതിരിമാരിൽനിന്നാണു് പാശ്ചാത്യരാജ്യത്തെ സാമാന്യജനങ്ങൾക്കു് ഇതര നാട്ടുകളിലെ ജനങ്ങളെക്കുറിച്ചു ആദ്യമാദ്യം അറിവു ലഭിച്ചുകൊണ്ടിരുന്നതു്. അപൂർണ്ണങ്ങളും, അർദ്ധസത്യങ്ങളും, അപൂർവം ചിലപ്പോൾ പച്ചക്കള്ളവും ആയിരുന്ന ഇത്തരം 'പഠന'ങ്ങൾ ശാസ്ത്രീയപഠനങ്ങളുടെ മുദ്രകളും മോഷ്ടിച്ചണിഞ്ഞു് ഒന്നൊന്നര ശതാബ്ദങ്ങൾ പാശ്ചാത്യജനതയുടെ വിജ്ഞാനതൃഷ്ണയെ അപഹസിച്ചുകൊണ്ടു് നിലവിലിരുന്നു. മിസ് മേയോ ഒരു ഉപദേശിയായിരുന്നില്ലെങ്കിലും ഉപദേശികളുടെ കൂട്ടത്തിൽ ഒട്ടുവളരെ മേയോകൾ ഉണ്ടായിരുന്നു. വെരിയർ എൽവിനെപ്പോലെയുള്ള ചിലരാണു് വിദേശീയ ജനതകളെക്കുറിച്ചുള്ള വിജ്ഞാനം വിതരണം ചെയ്യുന്നതിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ നടന്നുകൊണ്ടിരുന്ന ഈ കള്ളനാണയക്കമ്പോളം അടച്ചുപൂട്ടിച്ചതു്.

ഇന്നത്തെ അമ്മാതിരിപഠനങ്ങൾ കൂടുതൽ തൃപ്തികരമായി, നീതിപൂർവമായി ചെയ്യാൻ പണ്ഡിതന്മാർക്കു കഴിയുന്നു എന്നതിനു കാരണം പഴയ മനോഭാവംതന്നെ മാറിയിട്ടുണ്ടു് എന്നതാണു്. പാശ്ചാത്യ ജനത പരിഷ്കാരത്തിൻെറ പരമകോടിയിൽ നില്ക്കുകയാണു് എന്ന വിശ്വാസത്തോടുകൂടിയാണു് പണ്ടത്തെ പാശ്ചാത്യ പണ്ഡിതന്മാർ ഇതരജനതകളെക്കുറിച്ചു പഠിക്കുവാൻ തുടങ്ങിയിരുന്നതു്. ഇന്നാകട്ടെ ഈ മനോഭാവത്തിനു് ഇളക്കം തട്ടിയിട്ടുണ്ടു്.

അതിൻെറ കാരണങ്ങളിൽ പ്രധാനമായ മറ്റൊന്നു് പൗരസ്ത്യദേശങ്ങളിൽ ഉണ്ടായിട്ടുള്ള ദേശീയമായ ഉണർവും, തൽഫലമായി അവിടങ്ങളിൽ പലയിടത്തും കൈവന്നിട്ടുള്ള സ്വാതന്ത്ര്യലബ്ധിയും ആണു്. അതിനുംപുറമേ ഇന്നു നരവംശശാസ്ത്രം മുതലായ ശാസ്ത്രീയപഠനം ഒരു വർഗ്ഗത്തിൻെറയോ രാജ്യത്തിൻേറയോ കുത്തക എന്നുള്ള നിലയും കൈവെടിഞ്ഞിട്ടുണ്ടു്. അവ ചിലരുടെ മാത്രം കൈവശം ഇരുന്ന സമയത്തു ചെയ്തപോലെ ഇന്നു നിരങ്കുശങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കാൻ ശാസ്ത്രജ്ഞന്മാർ കൂട്ടാക്കാറില്ല. അൻപതോ നൂറോ വർഷങ്ങൾക്കു മുൻപാകട്ടെ കുറെശാസ്ത്രജ്ഞന്മാർക്കെങ്കിലും ഈ മാതിരി കാര്യങ്ങളിൽ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുവാൻ പ്രേരണ നൽകിയതു് തങ്ങളുടെ ശാസ്ത്രജ്ഞാനത്തെക്കാൾ കൂടുതൽ തങ്ങളുടെ വർഗ്ഗമേന്മയെ കുറിച്ചുള്ള അടിയുറച്ച വിശ്വാസം ആയിരുന്നു. അബദ്ധത്തിൻെറ നേർക്കു് കൈചൂണ്ടിക്കാണിക്കാൻ ആൾ ഉണ്ടായപ്പോൾ അബദ്ധപ്രസ്താവനകളും കുറഞ്ഞു.

എന്നാൽ ഇന്നത്തെ ശരിയായ വിജ്ഞാനത്തിൻെറ വെളിച്ചത്തിലും പഴയ അബദ്ധങ്ങളുടെയും അർദ്ധസത്യങ്ങളുടെയും ഇരുൾ പാശ്ചാത്യജനങ്ങളുടെ മനസ്സിൽ അൽപാൽപ്പം അവശേഷിച്ചിട്ടുള്ളതായി ചിലപ്പോൾ നമുക്കു തോന്നും. ചില സ്നേഹിതന്മാരും ഞാനുംകൂടി ഒരിക്കൽ ഇംഗ്ലണ്ടിൻെറ വടക്കേവിഭാഗത്തിലുള്ള ഒരു പള്ളി സന്ദർശിക്കയായിരുന്നു. ഒരു ആംഗലകവി അന്ത്യവിശ്രമംകൊള്ളുന്നതും അവിടെതന്നെ ആയിരുന്നു. ആ സ്ഥലത്തു് ഇന്ത്യാക്കാർ അധികം എത്താറില്ലെങ്കിലും, 'കറുത്ത മനുഷ്യരെ' കുറിച്ചുള്ള കഥകൾ അവിടെ ധാരാളം ചെന്നിരിക്കാം എന്നു അവിടെ എത്തി അധികം കഴിയുന്നതിനുമുമ്പു് ഞങ്ങൾക്കു ഊഹിക്കാൻ കഴിഞ്ഞു. ആ ദിക്കിലെ പ്രായമായ ആളുകൾ ഞങ്ങളോടു് ഇംഗ്ലണ്ടിൽ എവിടെയും എന്നപോലെ മനം കവരുംവണ്ണം മര്യാദ കാണിച്ചു. പക്ഷേ പ്രായമായവരുടെ മനസ്സിനെ കുട്ടികൾ, ചിലപ്പോൾ അവരുടെ ആ അപരാധം ശങ്കിയ്ക്കാത്ത ആർജ്ജവത്തോടുകൂടി, നഗ്നമാക്കിക്കാണിക്കാറുണ്ടല്ലോ. തെരുവിൽനിന്നു് കളിച്ചുകൊണ്ടിരുന്ന നാലഞ്ചു കുട്ടികൾ "ബ്ലാക്ക്മാൻ" (കറുത്ത മനുഷ്യൻ) എന്നു വിളിച്ചുകൊണ്ടു് ഞങ്ങളുടെ പിന്നാലേ കൂടി. ഇമ്മാതിരി സന്ദർ

ങ്ങൾ ഒരു തമാശയായി എടുക്കുന്ന സമ്പ്രദായക്കാരായിരുന്നു ഞങ്ങൾ എല്ലാവരും. കൂടാതെ നമ്മുടെ നാട്ടിൻപുറത്തു് ഒരു വെള്ളക്കാരൻ വന്നാൽ നമ്മുടെ കുട്ടികൾ കാണിക്കാറുള്ള വികൃതിയിൽ കവിഞ്ഞു് ഒന്നും ഇല്ലായിരുന്നുതാനും. എങ്കിലും ഇത്തവണ ഒരു ചെറിയ പ്രത്യസ്സല്പയോഗം കൂടി ആകട്ടെ എന്നു ഞാൻ കരുതി. അതിൽ ഒരുകുട്ടിയുടെ ചെവിയ്ക്കരികെചെന്നു്—അവനെ ഞാൻ തിന്നുകളയുമെന്നു വിചാരിച്ചു അവൻ ആദ്യം ഓടിക്കളഞ്ഞു—"വെള്ളക്കുരങ്ങാ" എന്നു വാത്സല്യത്തോടുകൂടി ഞാൻ വിളിച്ചു. അവരുടെ കൂട്ടത്തിലെ ഒരാളിന്റെ ചെവിയോടു് ഈ കറുത്ത വിദേശി എന്തു ചെയ്യുകയാണെന്നു അറിയാൻവേണ്ടി മററു കുട്ടികൾ എല്ലാം എന്റേയും എന്റെ ബാലനായ ഇരയുടേയും ചുററും വന്നുംകൂടി. അവരോടെല്ലാം "എന്താണു് വെള്ളക്കുരങ്ങുകളേ സുഖംതന്നെയല്ലേ?" എന്നു് ചോദിച്ചിട്ടു് ഞാൻ കൂട്ടരോടൊത്തു സ്ഥലം വിടുകയും ചെയ്തു. കുട്ടികൾ നിശ്ശബ്ദരായാണു് ഞങ്ങളുടെ അടുത്തുനിന്നും പോയതെങ്കിലും, ഞങ്ങൾ കുറെ നടന്നതിനുശേഷം 'കറുപ്പന്മാർ' എന്ന വിളി അകലത്തുനിന്നു കേൾക്കാറായി. കുട്ടികൾ ഈമാതിരി കാര്യങ്ങൾ പഠിക്കുന്നതു് പലപ്പോഴും വലിയവരുടെ സംസാരത്തിൽനിന്നും മററും ആണല്ലോ.

മുകളിൽ പറഞ്ഞ കഥ കാര്യമായ വർണ്ണവിദ്വേഷം ഇംഗ്ലണ്ടിൽ ഉണ്ടോ ഇല്ലയോ എന്നുള്ളതിനു് തെളിവല്ല. അതിനു് പ്രായമായവരുടെ ഗൗരവപൂർവ്വമുള്ള പ്രവൃത്തിയാണല്ലോ എടുത്തു നോക്കേണ്ടതു്. ഏതാണ്ടു് നാലുകൊല്ലത്തെ താമസത്തിനിടയ്ക്കു്, ഹോട്ടൽ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ എങ്ങും പ്രകടമായ വർണ്ണവിദ്വേഷം ഞാൻ കാണുകയുണ്ടായിട്ടില്ല. ആഫ്രിക്കാക്കാരനായ ഒരു നീഗ്രോവിനു് താമസിക്കാൻ ഒരു ഹോട്ടലിൽ മുറി കൊടുക്കാതിരുന്ന ഒരു കഥ പത്രങ്ങളിൽ ഒരിക്കൽ വായിച്ചു. അതിനെക്കുറിച്ചു് പാർലമെന്റിൽ ചോദ്യവും ഉണ്ടായി. ഹോട്ടലുകൾ തുടങ്ങി പൊതുവായ ഉപയോഗത്തിനുള്ള സ്ഥലങ്ങളിൽ വർണ്ണത്തിന്റെയോ മതത്തിന്റെയോ മററോ അടിസ്ഥാനത്തിൽ പ്രവേശനം നിഷേധിക്കുന്നതു് ശിക്ഷാർഹമായ കുററം ആണെന്നും ആണു് എന്റെ ഓർമ്മ. പക്ഷെ ഇതുകൊണ്ടു് വർണ്ണവിദ്വേഷം വെള്ളത്തിന്റെ അടിയിൽ മറഞ്ഞു കിടക്കുന്നില്ല എന്നർത്ഥമില്ല. മുറികൾ വാടകയ്ക്കു് കൊടുക്കുന്ന ഒരു ലാൻഡ്ലേഡിയോ മററോ അവരുടെ തെരുവുവാതലിൽ ആരോ മുട്ടുന്നതുകേട്ടു് വന്നു് കതകു തുറക്കുമ്പോൾ കാണുന്നതു് ഒരു നീഗ്രോയുടെ മുഖമാണെങ്കിൽ, മുറി ഒന്നും ഒഴിഞ്ഞിട്ടില്ലെന്നു് പെട്ടെന്നു പറഞ്ഞേക്കും. ഇതിനു കാരണം വർണ്ണമോ വർഗ്ഗമോ മാത്രം അല്ലതാനും—നീഗ്രോകൾ പലപ്പോഴും ശാരീരികമായ പുരുഷത്വത്തിന്റെ ലോഹപ്രതിമകൾ ആണു്. മനസ്സിന്റേതിനെക്കാൾ കൂടുതൽ മാംസപേശികളുടെ വളർച്ചയുടെ പ്രതിരൂപങ്ങൾ ആണു് അവർ. ദിവസത്തിന്റെ നല്ലൊരംശം അങ്ങനെയുള്ള ഒരാളുമായി ഇടപഴകാൻ ശങ്കിക്കുന്ന സ്ത്രീകളും ഉണ്ടു്; വിദ്വേഷമല്ല; കേവലം ശങ്ക. ഒരു സിനിമാക്കൊട്ടകയിൽ ഇരുന്നു് ടാർസനെ വെള്ളിത്തിരകളിൽ കാണാൻ രസമുണ്ടു്; കറുത്ത ഒരു ടാർസനുമായി ഒരു വീട്ടിൽ കഴിയുന്നതും അതുപോലെതന്നെ അപകടരഹിതമായിരിയ്ക്കാമെങ്കിലും, ഭയം ഒരു കുരങ്ങിനെപ്പോലെ കൂടെക്കൂടെ പിടിച്ചു കുലുക്കാറുള്ള ഒരു സ്ത്രീഹൃദയത്തിന്റെ വിറകൊള്ളുന്ന സങ്കല്പത്തിൽ അതു് മറെറാരു രൂപം കൈക്കൊള്ളാം.

സ്വന്തം അനുഭവത്തിൽ നിന്നും ഒരുദാഹരണം ഇവിടെ ഓർമ്മിക്കുന്നു. ഈ കഥയിലെ കഥാപുരുഷൻ ഒരു നീഗ്രോയല്ല, എന്റെ ഒരു പഞ്ചാബി സ്നേഹിതൻ ആണു്. പഞ്ചാബിയ്ക്കൊത്ത ശരീരശക്തിയും, ഒരു പെൺകുട്ടിയുടെ ശാന്തതയും കൂടെച്ചേർന്നൊരു മനുഷ്യൻ. ഒരുമുടിക്കെട്ടു് മുകളിലോട്ടു്, താടിക്കെട്ടു് താഴോട്ടു്—അതിനിടയ്ക്കു് വീതികുറഞ്ഞൊരു നെററിയും, സാമാന്യവലിപ്പത്തിലുള്ള രണ്ടു കണ്ണും, ചെറിയൊരു മൂക്കുമായാൽ എന്റെ സ്നേഹിതന്റെ മുഖമായി. രണ്ടേററത്തും ഉള്ള ആ കെട്ടുകൊണ്ടു് അദ്ദേഹത്തിന്റെ കഴുത്തിനു മുകളിൽ ഉള്ള ഭാഗത്തിന്റെ ആകൃതി ഏതാണ്ടു്, മധ്യതിരുവിതാംകൂറിൽ മത്സ്യം പിടിക്കാൻ ഉപയോഗിക്കുന്ന ഒരു കൂടിനോടു് സാമ്യം

വഹിക്കുന്നൊന്ന് പറയാം. അല്ലെങ്കിൽ പുററിൽ നിന്ന് ഇറങ്ങിവന്ന വാല്മീകിയെ ഒരുഹോട്ടലിലോ മറേറാ നാലഞ്ചുമാസം താമസിപ്പിച്ചു തീററികൊടുത്തു് നന്നാക്കി, മുടിയും താടിയും ചീകികെട്ടി വെളിയിൽകൊണ്ടുവന്നതു പോലൊരു ചിത്രമായിരുന്നു എൻെറ സ്നേഹിതൻ.

ഇദ്ദേഹം ഒരു ലാൻഡ് ലേഡിയുടെ വീട്ടിൽച്ചെന്ന് താമസിക്കാൻ മുറി ഉണ്ടോ എന്ന് അന്വേഷിച്ചു. ആ വീട്ടിൽ മുറി ഉണ്ടായിരുന്നു; പക്ഷേ ലാൻഡുലേഡി വളരെ മര്യാദയോടുകൂടി ഇല്ല എന്നു പറഞ്ഞയച്ചു. ആ സമയം മലയാളിയായ ഒരു സ്നേഹിതൻ അവിടെ താമസം ഉണ്ടായിരുന്നു; കുറേ ദിവസങ്ങൾക്കുശേഷം ഞാൻ അവിടെ താമസിക്കാൻ ചെന്നുചേർന്നതിനുമേൽ ഒരിക്കൽ ലാൻഡ് ലേഡി എന്നോട് ഈ കഥ പറയുകയുണ്ടായി. എൻെറ സ്നേഹിതന് മുറികൊടുക്കാതിരുന്നതിൻെറ കാരണവും അവർ പറഞ്ഞു. അതു് വർഗ്ഗവിദ്വേഷമല്ല; അവിടെ മിക്കവാറും എല്ലാപ്പോഴും ഇന്ത്യക്കാർ താമസിക്കാറുണ്ട്. അഞ്ചടി ഏഴിഞ്ചു് നീളവും നൂററിഅമ്പതു റാത്തൽ ഭാരവും മുഖത്തിൻെറ രണ്ടററത്തും ഓരോ മുടിക്കെട്ടും നാല്പതോളം വയസ്സും വരുന്ന ഒരാൾ തൻെറ വീട്ടിൽ താമസിക്കുന്നതിൽ അവക്ക് ഒരു ശങ്ക ഉണ്ടായിരുന്നു; അത്രമാത്രം. എൻെറ സ്നേഹിതൻ ശാന്തനാണെന്ന് അവരുടെ ശങ്കാകുലമായ മനസ്സിന് തോന്നാതിരുന്നില്ല എന്നുകൂടി ഇവിടെ പറയണം. എങ്കിലും അതു് അവക്ക് ധൈര്യം നൽകിയില്ല.

കൂടാതെ നാട്ടുകാർ ചെയ്യുന്ന കുററങ്ങൾ എല്ലാം വിദേശികളും ചിലപ്പോൾ ചെയ്യും: വാടകയ്ക്കു് താമസിച്ചിട്ട് വാടക കൊടുക്കാതെ പോകുക, മോഷ്ടിയ്ക്കുക, മററുള്ളവരുടെ ഭാര്യമാരുമായി അതിരു കവിഞ്ഞു് ഇടപെടുക-എന്നിങ്ങനെയുള്ള കുററങ്ങൾ. ഈ കുററങ്ങൾ നാട്ടുകാർ ചെയ്താൽ അതു കുററങ്ങൾ. ഒരു ആഫ്രിക്കാക്കാരനോ മറേറാ ചെയ്താലോ, ആ വർഗ്ഗത്തിൻെറ രക്തത്തിന്ന് സഹജമായുള്ളദോഷം! ആദാമിൻെറയും ഹവ്വായുടെയും അഭിശപ്തമായ പാരമ്പര്യത്തിൽനിന്ന് സാക്ഷാത്തായോ, സങ്കല്പത്തിലോ ഓടിയൊളിയ്ക്കുക എന്നതാണല്ലോ 'പരിഷ്കൃത' ജനതകളിൽ പലരുടെയും ഒരു അഭിനയം. ഹവ്വാ പറിച്ചു തിന്ന കായ് മററു ജനതകളുടെ കീശയിൽ കിടക്കുന്നതായി കാണിയ്ക്കുന്നതാണ് ഈ അഭിനയത്തിൻെറ മറെറാരുവശം. ഇങ്ങനെ വിദേശികൾ ചെയ്തു പോയേക്കാവുന്ന കുററങ്ങളെ വികൃതമായൊരു വെളിച്ചത്തിൽ കാണുന്നു എന്നുള്ളതും ചിലപ്പോൾ വർഗ്ഗത്തെ ആധാരമാക്കിയുള്ള പക്ഷപാതമനോഭാവത്തിനു കാരണമാകുന്നു.

ഒരു ടീപാർട്ടിയിൽ നിന്നാണല്ലോ നാം ഈ ശാഖാചംക്രമണം ചെയ്തതു്. പലതരത്തിലും ഉള്ളവർ അമ്മാതിരി പാർട്ടികളിൽ കൂടും; പ്രശസ്തരും, അപ്രശസ്തരും, മൗനികളും ഉച്ചഭാഷിണികളും, മണ്ടന്മാരും തണ്ടന്മാരും എല്ലാം. ജീവിതത്തിൻെറ നാനാ തുറകളിൽ പേരെടുത്ത ചിലരെ കണ്ടുമുട്ടാൻ എനിയ്ക്കു് സാധിച്ചിട്ടുള്ളതു് ഈമാതിരി ടീപാർട്ടികളിൽവച്ചാണ്. പ്രായത്തിൻെറ ആധിക്യത്താൽ തല അല്പാല്പം വിറച്ചുകൊണ്ട് ശാന്തനായി നടക്കുന്ന പെത്തിക്ക്ലാറൻസ് പ്രഭു ഇന്ത്യാക്കാരുടെ ഈമാതിരി സമ്മേളനങ്ങളിൽ മിക്കവാറും കൃത്യമായി എത്താറുണ്ടായിരുന്നു. മാർഗററ് എന്ന വിഖ്യാതയായ നരവംശശാസ്ത്രജ്ഞയെ ഈമാതിരി ഒരു പാർട്ടിയിൽവച്ചാണ് എനിക്കു പരിചയമാകാനിടയായതു്. ഒരുകാലത്തു് തിരുവനന്തപുരത്തു് മി: റേറാഡ് എന്ന് ഒരു പൊളിററിക്കൽ ഏജൻറ് ഉണ്ടായിരുന്നല്ലോ. മറെറാരു ററീപാർട്ടിയിൽവച്ച് മി: റേറാഡിനെയും കണ്ടുമുട്ടുകയുണ്ടായി. മി: റേറാഡിന് എന്നെ കണ്ടപ്പോൾ തന്നെ ഒരു മലയാളിയാണെന്ന് തോന്നി. 'തിരുവിതാംകൂറിൽനിന്ന് ആണോ? എന്ന ചോദ്യത്തോടുകൂടി അദ്ദേഹം എന്നെ സമീപിച്ചു; ഞങ്ങൾ ദീർഘനേരം സംഭാഷണം ചെയ്യുകയും ചെയ്തു.

(4-ാം പേജിൻെറ തുടർച്ച)

ങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തുക, ഭരണഘടന, പഞ്ചവത്സരപദ്ധതി രാഷ്ട്രം അപ്പോഴപ്പോൾ സ്വീകരിക്കുന്ന മററു ജനകീയ പദ്ധതികൾ എന്നിവയെക്കുറിച്ച് സാമാന്യജനങ്ങൾക്കു ബോധനം നൽകി അവരെ പൗരധർമ്മം പുലർത്തുവാൻ അഭ്യസിപ്പിക്കുക, തങ്ങളുടെ സ്ഥാപനത്തിൽ തന്നെയോ അടുത്തുള്ള ഗ്രാമങ്ങളിലോ ക്ലാസ്സുകൾ നടത്തി വിജ്ഞാനശാഖകളിൽ കൈവന്നുകൊണ്ടിരിക്കുന്ന പുരോഗതികളെ സാമാന്യജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുക, സാമൂഹ്യയത്നങ്ങൾക്ക് ഗ്രീഷ്മകാലക്യാമ്പുകളും മററും നടത്തി മാതൃകകൾ കാണിച്ചുകൊടുക്കുക എന്നിങ്ങനെയുള്ള വിവിധപരിപാടികളിൽ വിദ്യാർത്ഥികൾ പ്രവർത്തിച്ച് ലീഗിൻെറ ലക്ഷ്യങ്ങൾ നടപ്പിൽ വരുത്തണമെന്നതാണ് ഈ പ്രസ്ഥാനത്തിൻെറ മർമ്മം.

ഒരു യോഗക്ഷേമരാഷ്ട്രം കെട്ടിപ്പൊക്കിക്കൊണ്ടുവരുന്ന കാര്യത്തിൽ ഇന്നാട്ടിലെ വിദ്യാർത്ഥിവൃന്ദം അവരുടെ പങ്കു വഹിക്കേണ്ടതു് എത്രയും അത്യാവശ്യമായ ഒരു സംഗതിയാകുന്നു. എന്നു തന്നെയുമല്ല, നാളത്തെ പൗരന്മാരും ഭാവിയിലെ യോഗക്ഷേമരാഷ്ട്രത്തിൻെറ അനുഭോക്താക്കളും അവർതന്നെ ആണെന്നുള്ള നിലയ്ക്ക്, സാമൂഹ്യസേവനപദ്ധതികളിൽ അവർ എത്രയ്ക്കു വേഗം സാമാന്യ പരിശീലനമെങ്കിലും നേടുന്നുവോ, അത്രയ്ക്കു വേഗം, നമ്മുടെ വിഭാവനയിലുള്ള സാമൂഹ്യഭദ്രതയുടേയും ദേശീയസ്വയംപര്യാപ്തതയുടേയും ചക്രവാളം നമ്മെ സമീപിക്കയും ചെയ്യും. ആകയാൽ എന്തുകൊണ്ടും സ്വാഗതാർഹമായ ഒരു പ്രസ്ഥാനം തന്നെയാണിതു്. വിദ്യാഭ്യാസാധികൃതരുടേയും ഗവമ്മെൻറിൻെറയും തുറന്ന സൗമനസ്യവും, ഔദ്യോഗികസഹകരണവും ഉണ്ടായാൽ രണ്ടുമൂന്നു കൊല്ലത്തിനുള്ളിൽ സാമാന്യഗുണഫലങ്ങളെ ഉളവാക്കാൻ പര്യാപ്തവുമാണു്.

എന്നാൽ, ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ അതിൻെറ പ്രയോക്താക്കൾ നിർദ്ദേശിച്ചുകാണുന്ന ധനാഗമമാർഗ്ഗങ്ങളിൽ ഒന്നുരണ്ടിനോടു ഞങ്ങൾക്കു വിപ്രിയം രേഖപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഗവർമ്മെൻറിൽനിന്നു കിട്ടാവുന്ന ഗ്രാൻറുകളും, പൊതുജനങ്ങളുടെ സംഭാവനയും, പ്രദർശനങ്ങളും കലാപരിപാടികളും മുഖേന ആർജ്ജിക്കാവുന്ന തുകകളും തൃപ്തികരങ്ങളായ മാർഗ്ഗങ്ങൾതന്നെ. ഓരോ ലീഗ് അംഗവും ആണ്ടിനാൽ ഓരോ രൂപവീതം ഒടുക്കണമെന്നും, ലീഗ് അംഗമായാലുമില്ലെങ്കിലും, ഇങ്ങനെ ലീഗു സ്ഥാപിച്ചിട്ടുള്ള ഓരോ സ്കൂളിലേയും, കോളേജിലെയും മററു വിദ്യാർത്ഥികളെല്ലാം നാലണാവീതം കൊടുക്കണമെന്നും ഉള്ള നിർദ്ദേശങ്ങൾ ഇപ്രകാരം ലീഗുകൾ രൂപപ്പെടുത്തിക്കൊണ്ടുവന്ന് അവയെ രാജ്യനന്മയ്ക്കുപയുക്തമാകുംവിധം വ്യാപരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടെയല്ല ചെയ്തിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. വിദ്യാർത്ഥികൾ ആർത്ഥികമായി സ്വയംപര്യാപ്തതയുള്ളവരല്ല. അവർക്കു പണം നൽകേണ്ടതു് അവരുടെ രക്ഷാകർത്താക്കളാണു്. ആണ്ടുതോറും മാസന്തോറുമെന്നല്ല ദിനംപ്രതി എന്നവണ്ണം അധികരിച്ചു വരുന്ന വിദ്യാഭ്യാസച്ചെലവുകൾക്കു പുറമേ വിദ്യാർത്ഥികൾ അവരുടെ സ്കൂളിനു ചുററും നിരക്ഷരത്വം നീക്കാനും, വിജ്ഞാനം പ്രചരിപ്പിക്കാനും, ശുചിത്വം ഉണ്ടാക്കാനും മററുമായി—ഇവയൊക്കെ നല്ല കാര്യങ്ങളാണെങ്കിൽത്തന്നെയും—തങ്ങളുടെ രക്ഷാകർത്താക്കളിൽനിന്നും ഒരു പരോക്ഷമായ നികുതികൂടി പിരിച്ചു ഹാജരാക്കണമെന്നു പറയുന്നതു് നാട്ടിൻെറ ഇന്നത്തെ അവസ്ഥയ്ക്ക് അല്പം സാഹസമായിരിക്കും. വിദ്യാർത്ഥികൾ പഠിത്തസമയത്തിൽ കുറെ നഷ്ടപ്പെടുത്തുന്നതും, കായക്ലേശമേല്ക്കുന്നതും, പോട്ടെ, സാമൂഹ്യനന്മയ്ക്കാണല്ലോ എന്നു വച്ചും അവർക്കു് അല്പം ചില പരിചയങ്ങളെല്ലാം ഉണ്ടാകുമല്ലോ എന്നുവച്ചും സഹിക്കാം. എന്നാലതിനു് അവർ, പഠിത്തത്തിനെന്നപോലെ ഒരു ഫീസ്സുകൂടി അടയ്ക്കണം എന്നു നിർദ്ദേശിക്കുന്നതു് രക്ഷാകർത്താവാകുന്ന ഒട്ടകത്തിൻെറ മേൽ എടുത്തേററുന്ന ഒടുവിലത്തെ വൈക്കോൽത്തുണ്ടായിരിക്കും.

ഈ പദ്ധതിയുടെ ഉപജ്ഞാതാക്കൾ, ഇങ്ങനെ സാമൂഹ്യസേവനം അനുഷ്ഠിക്കുന്നതിൽ മിടു

# ഗ്രന്ഥനിരീക്ഷണം

## 1. ജീവിതസമരം- 1-ാം വാല്യം

സി. കേശവൻ—പബ്ളിക്കേഷൻസ്, കൗമുദി;
തിരുവനന്തപുരം. വില 3 ക.

ശ്രീ. സി. കേശവന് ഇന്നു 62 വയസ്സു പ്രായമുണ്ടത്രേ! ഈ നൂററാണ്ടിനേക്കാൾ പ്രായം പോലും! കുറച്ചൊരു സംശയം തോന്നാതെ നിവൃത്തിയില്ല. പത്തിരുപതു വർഷം മുൻപു കണ്ടതിനേക്കാൾ പ്രായക്കുറവാണ് ഇന്നെന്നു തോന്നത്തക്ക പരിതഃസ്ഥിതികളിലാണു സി. കേശവൻ അകപ്പെട്ടതെന്നു സമാധാനപ്പെടാമായിരിക്കാം. അതേ, പരിതഃസ്ഥിതികൾ പ്രക്ഷോഭകരങ്ങളും, വിപ്ലവകരങ്ങളും; സി. കേശവൻ ജനിച്ചതും വളർന്നതും അവയിലാണ്. ജനിച്ചു, അങ്ങു വളർന്നു, എന്നു വിചാരിക്കാൻ യാതൊരവകാശവുമില്ല. കുറേ പട കണ്ടു; പിന്നെ കുറേ പട പൊരുതി. അങ്ങനെയാണു സി. കേശവൻ തിരുവിതാംകൂർ-കൊച്ചീ മുഖ്യമന്ത്രിയായി പിരിഞ്ഞതു്. ഇപ്പോൾ അദ്ദേഹത്തിനു വയസ്സ് 62 ആയിരിക്കുന്നു. ഈഴവരിലെ ആദ്യത്തെ മന്ത്രി-മുഖ്യമന്ത്രി—അദ്ദേഹത്തിൻെറ ആത്മകഥ കഥനയോഗ്യം തന്നെ. പാരായണാർഹവും തന്നെ.

62 കൊല്ലത്തിനകം ലോകമഹായുദ്ധങ്ങൾ രണ്ടു നടന്നു. രാജസ്ഥാനങ്ങൾ പലതും തകർന്നു. വിപ്ലവങ്ങളും, മറുവിപ്ലവങ്ങളും ലോകത്തെ ഇളക്കിമറിച്ചു... 

ഇതിനിടയിൽ തിരുവിതാംകൂർ-കൊച്ചിയിൽ അല്ല, കേരളത്തിൽതന്നെ സാമൂഹ്യവിപ്ലവങ്ങൾ ഒന്നിലേറെ അലയടിച്ചു മറിയുന്നുണ്ടായിരുന്നു. അവയിലേററം പ്രധാനമാണ് ശ്രീനാരായണൻെറ നേതൃത്വത്തിലുള്ള വിപ്ലവം. പ്രാധാന്യേന അതൊരു സാംസ്കാരിക വിപ്ലവ

---

ക്കു കാണിക്കുന്ന വിദ്യാർത്ഥികൾക്കു് സർട്ടിഫിക്കററുകൾ, സമ്മാനങ്ങൾ, ഷീൽഡുകൾ, മാക്കുകൾ മുതലായവ നൽകാൻ ഒരുക്കമുള്ളതായി പറഞ്ഞു കാണുന്നു. ക്ലാസ്സുകയററവും, ഗവണ്മെൻറു സർവീസിലെടുക്കാനുള്ള മുൻഗണനയും കൂടി ഇത്തരം അദ്ധ്യേതാക്കൾക്കു പ്രാപ്യമാണത്രേ. വിദ്യാർത്ഥികളിൽ നല്ല ഒരു വിഭാഗത്തിനുതന്നെ പുഞ്ചിരി ഉണ്ടാക്കുന്ന വാഗ്ദാനങ്ങളാണിവ. സർട്ടിഫിക്കററുകളിലും 'കാണുന്ന' ഷീൽഡുകളിലുമൊന്നും അത്ര വളരെ ആസക്തമല്ല ഇന്നത്തെ വിദ്യാത്ഥിലോകമെന്നു് അറിയാൻവയ്യാത്തവരാണോ ഈ പദ്ധതി എഴുതി ഉണ്ടാക്കിയവർ? ക്ലാസ്സുകയററവും, സർക്കാർസർവീസിൽ പ്രവേശനവുമൊക്കെ ഈ പ്രസ്ഥാനം വിഭാവനം ചെയ്യുന്ന പ്രസിഡൻറന്മാരുടേയോ മറാധികൃതരുടേയോ ഇഷ്ടം പോലെ നടത്തിക്കാവുന്ന സംഗതികളല്ലെന്നു ഏതു കൊച്ചുകുട്ടിക്കും അറിയാവുന്നതാണ്. "യുവസഹജമായ സേവനസന്നദ്ധതയ്ക്കും, ത്യാഗബുദ്ധിക്കും" ഇതൊന്നും ഒരു നോട്ടവുമല്ല.

ഇങ്ങനെ അങ്ങിങ്ങായി ചില ചില്ലറ ന്യൂനതകൾ ചൂണ്ടിക്കാട്ടാനുണ്ടെങ്കിലും, പൊതുവേ നോക്കുന്നപക്ഷം ഈ പദ്ധതി നല്ലതും, തീപിടിപ്പൻ പ്രക്ഷോഭണങ്ങളിൽനിന്നും മുദ്രാവാക്യങ്ങളിൽ നിന്നും, യുവകുതൂഹലത്തേയും ഊർജ്ജിതത്തേയും അകററിനിർത്തി അവയെ പൊതുഗുണത്തിനു പര്യാപ്തമായേക്കാവുന്ന പന്ഥാക്കളിലേയ്ക്കു പ്രസരിപ്പിക്കാൻ ഉതകുന്നതുമാണെന്നും പറയേണ്ടിയിരിക്കുന്നു. വിശദാംശങ്ങളിലേയ്ക്കു കടക്കുമ്പോൾ, അറിവും അനുഭവവുമുള്ളവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞു് ഇതിനെ കൂടുതൽ സുദൃഢവും കാര്യക്ഷമവുമായ രൂപത്തിൽ പരിഷ്കരിക്കുന്നതും വിഹിതമായിരിക്കും.

മായിരുന്നിരിക്കണം. ഈഴവരെ അതു് ഉണൎത്തി. സമുദായത്തെ പരിഷ്കരിക്കുന്നതിനു പുറമേ മനുഷ്യാവകാശങ്ങൾക്കുവേണ്ടി കൈനീട്ടാൻ അതു് അവരെ സന്നദ്ധരാക്കുകയും ചെയ്തു. ശ്രീ നാരായണൻെറ നേതൃത്വത്തിൽ മററുള്ളവരുടെ ഒപ്പമെത്തിയവൎക്കു് ആ അവകാശം നിഷേധിക്കാവുന്നതല്ലെന്നു അന്നു പലരും കണ്ടില്ല. ഇതിൻെറ പ്രത്യാഘാതങ്ങൾ പരമ്പരാപരിണതങ്ങളായി ഏതാണ്ടൊരു സൎവ്വസമത്വത്തിൽ ചെന്നെത്തി.

ഇങ്ങനെ രാഷ്ട്രീയവും, സാമൂഹ്യവും, സാംസ്കാരികവുമായി ദൂരവ്യാപ്തമായ പരിവൎത്തനങ്ങൾ പലതും കേരളത്തിൽ ഏകോപിച്ചു ഫലിച്ചതിൻെറ പ്രത്യക്ഷലക്ഷ്യമാണു് സി. കേശവൻെറ മുഖ്യമന്ത്രി പദപ്രാപ്തി. ഈ പരിവൎത്തനങ്ങളുടെയെല്ലാം പുരോഗതിയും പ്രതിഫലനവും നാടകീയമായോ, ചലനചിത്രരമണീയമായോ പ്രദൎശിപ്പിക്കപ്പെടാത്ത പേജുകൾ ഈ ഗ്രന്ഥത്തിൽ മിക്കവാറും കാണുകയില്ല. ഒരു വ്യക്തിയുടെ ആത്മകഥയാണു് വിഷയമെന്നുള്ളതു കാഥികൻ ഒരിക്കലും വിസ്മരിക്കുന്നില്ല എന്നുള്ളതു ശരിതന്നെ. എന്നാൽ ഇതിലെ ആഖ്യാനം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതു് കേവലം ആ രൂപത്തിലല്ല. ഒരു ജനതയുടെ, ഒരു സമുദായത്തിൻെറ, ഒരു വ്യക്തിയുടെ പുരോഗതികൾ ഭിന്നസ്ഥാനങ്ങളിൽനിന്നു ആരംഭിച്ചാൽ തന്നെയും, അതെല്ലാംകൂടി കഥാപുരുഷനായ വ്യക്തിയുടെ ജീവിതലക്ഷ്യത്തിൽ സന്നിപതിക്കാൻ പോകുകയാണെന്നു നേരത്തേ തോന്നത്തക്കനിലയിലാണു കഥാകഥനം നടക്കുന്നതെന്നു ചുരുക്കം. സി. കേശവൻെറ പരിതസ്ഥിതികളിൽ ഈ ആഖ്യാനസ്വരൂപം അത്യന്തം കലാപരമായിത്തന്നെ സ്വീകരിക്കപ്പെട്ടിരിക്കയാണെന്നു ആദ്യം സൂചിപ്പിച്ച രാഷ്ട്രീയസാമൂഹ്യപശ്ചാത്തലങ്ങൾ തെളിയിക്കുന്നുമുണ്ടു്.

മലയാളത്തിൽ സ്വപ്രാധാന്യബോധം കവിയാത്ത ആത്മകഥകൾ ആരെങ്കിലും എഴുതിയിട്ടുണ്ടോ എന്നു സംശയമാണു്. അവയിലെല്ലാം മുന്നിട്ടു നിൽക്കുന്നതു് ആ ഒരു സ്വഭാവവിശേഷമല്ലേ എന്നു സംശയിക്കത്തക്ക ഒന്നുരണ്ടുദാഹരണങ്ങളെങ്കിലും ഭാഷയിലുണ്ടു്. സി. കേശവൻ അങ്ങനെയല്ല എഴുതുന്നതെന്നു തീൎച്ചയാണു്. കണ്ടതിനെ കണ്ടപടി പറയുക, അതിൽ തൻെറ സ്ഥാനമെന്തെന്നു സ്വാഭാവികമായി വെളിപ്പെടുത്തുക—ഇതാണു് അദ്ദേഹത്തിൻെറ ആഖ്യാനരീതി. സംഭവഗതികൾക്കിടയിൽ തന്നെ തെളിച്ചു കാട്ടാൻ സി. കേശവനു നല്ലവണ്ണം കഴിയും. പക്ഷേ അതുകൊണ്ടാൎക്കും ഈൎഷ്യ തോന്നുകയില്ല. അദ്ദേഹത്തിൻെറ ആൎജ്ജവത്തിൽ ഏറിയ പങ്കും ഈ ആത്മകഥയിൽ കാണ്മാനുണ്ടു് എന്നു തീൎത്തു പറയാം.

കുട്ടിക്കാലത്തു് ഒരു സ്റ്റോറ കിട്ടിയപ്പോൾ സി. കേശവനുണ്ടായ ബാലസഹജമായ "ആഹോ പൂരുഷിക" ഒന്നുരണ്ടു വാക്യങ്ങൾ കൊണ്ടാണു അദ്ദേഹം വെളിപ്പെടുത്തുന്നതെങ്കിലും അതിനിടയിൽ സ്ഫുരിക്കുന്ന പരിഹാസം ആരും കാണാതിരിക്കയില്ല. നായരീഴവ ലഹളയെപ്പററി വൎണ്ണിക്കുമ്പോഴും, ഈഴത്തികളുടെ റൗക്കപ്രക്ഷോഭണം വിവരിക്കുമ്പോഴും ഇതേ പരിഹാസം ദൃശ്യമാണു്. മനുഷ്യൻെറ വിഡ്ഢിത്തത്തെപ്പററി കൂടുകൂടെ ചിരിക്കാൻ സി. കേശവൻ ഒരുക്കമില്ല. സ്വഭാവേന അത്ര സമചിത്തനല്ലെങ്കിലും ആത്മചരിതത്തിൽ ഒരു മൂന്നാമൻെറ നിലയിൽ വേണ്ട സമചിത്തത പ്രദൎശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. പ്രസ്തുത പരിഹാസം ഒരു സരസതയുടെ ലക്ഷണമെന്നപോലെതന്നെ ആ സമചിത്തതയുടേയും ലക്ഷണമാണു്. സംഭവങ്ങളുടെ പ്രാധാന്യം വിസ്മരിക്കത്തക്കവിധം പരിഹാസം കവിഞ്ഞുപോകുന്നതിനു ഒരൊററ ഉദാഹരണമെങ്കിലും ഈ ഗ്രന്ഥത്തിലുണ്ടോ എന്നു സംശയിക്കുകയും വേണം.

സമൂഹങ്ങളും വ്യക്തികളും പലതരം പാരതന്ത്ര്യങ്ങളിൽനിന്നു മോചിക്കുന്നതിനുവേണ്ടി നടത്തിയ സമരങ്ങളുടെയും, അനുഭവിച്ച വേദനകളുടെയും ചരിത്രം വഴിക്കുവഴിയായി വിവരിക്കാതെ ഈ ഗ്രന്ഥത്തിനു മുന്നോട്ടു് ഒരടിപോലും വയ്ക്കാവുന്നതല്ല. അതിനാൽ പൊതുവേ അറിയപ്പെടാത്ത രാജ്യചരിത്രാംശങ്ങളും, ആചാരവിവരണങ്ങളുംകൊണ്ടു് ഇതൊരു വ്യക്തിചരിതമെന്നു

പോലെ ഒരു ദേശചരിത്രവുമായിട്ടുണ്ട്. പലതരം ആളുകളുമായി ഇടപെടേണ്ടിവന്ന കഥാപുരുഷന് അവരുടെയെല്ലാം തൂലികാചിത്രങ്ങൾകൂടി ഇതിൽ രേഖപ്പെടുത്തേണ്ടിവന്നതു് ഒരാശ്ചര്യമല്ല. അത്രത്തോളം സജീവത്വം ഈ "ജീവിതസമര"ത്തിനു വർദ്ധിക്കുന്നുമുണ്ട്. ചില ഒന്നാംതരം തൂലികാചിത്രങ്ങൾ എം. ഏ. പരമുപിള്ള സി. വി. കുഞ്ഞുരാമൻ മുതലായവരുടേതാണ്. ചില ചടങ്ങുകളുടേയും ആചാര നടപടികളുടേയും "തൂലികാചിത്രങ്ങൾ" അതിലേറെ നന്നായിട്ടുണ്ടെന്നു പറയണം. ആകപ്പാടെ തൊട്ടതൊക്കെ ഭംഗിയാക്കുന്ന മട്ടിലാണ് സി. കേശവന്റെ തൂലികാപ്രയോഗമെന്നു കാണാവുന്നതാണ്. അതെല്ലാം അനായാസമായിട്ടാണു താനും.

എന്നാൽ സി. കേശവൻ വളർന്നുവരുന്നതെങ്ങനെയെന്നുള്ളതാണു ഈ ആദ്യഭാഗത്തിലെ പ്രതിപാദ്യവിഷയമെന്നുള്ളതു് മറന്നുകൂടല്ലോ. കുട്ടിക്കാലംമുതലേ ജ്യേഷ്ഠൻ മുതൽപേരുടെ അധികാരത്തെ ചെറുക്കുന്ന ഒരു സ്വഭാവം സി. കേശവനിലുണ്ട്. ജാതിവഴക്കിടുന്ന സഹപാഠികളെ നേരിടുന്ന ഹോസ്റ്റൽ സംഭവം മുതലായവ പിൽക്കാലത്തെ രാഷ്ട്രീയപ്രക്ഷോഭണനേതാവിനെയല്ലേ സൂചിപ്പിക്കുന്നതു്? എന്നാൽ ഇവിടെയൊക്കെ ഒരു വിശേഷത കൂടുതൽ ദൃശ്യമാകുന്നുണ്ട്. ജാതിക്കുശുമ്പിനെ എതിർക്കുമ്പോഴും സി. കേശവനിൽ അന്നും മുന്നിട്ടുനിൽക്കുന്നതു് ജാതിവിചാരത്തിൽ കവിഞ്ഞ ഒരു ന്യായ്യബോധമായിരുന്നു എന്നാണു തോന്നുക. ഇതിനു ഒരു കാരണം അദ്ദേഹംതന്നെ വെളിപ്പെടുത്തുന്നുണ്ട്. മയ്യനാട്ടു് ജാതിപ്പിശാചു പണ്ടേയില്ല. അതിനാൽ ജാതിയെച്ചൊല്ലി ജാതി ഹിന്ദുക്കളെ എതിർക്കുകയേക്കാൾ അദ്ദേഹത്തിനെളുപ്പം സാധിക്കുന്നതു് ന്യായത്തിൻപേരിൽ അവകാശം സ്ഥാപിക്കുകയാണ്. നേരേവാ, നേരേപോ എന്നുള്ള ഒരു ആർജ്ജവ പ്രകൃതക്കാരന് പ്രതിഷേധകാര്യങ്ങളിൽ ജാതിചിന്തകൾക്കുപകരം കേവലം ന്യായ്യചിന്ത മുന്നിട്ടു നിന്നിരുന്നെങ്കിൽ അത്ഭുതവുമല്ല. എതായാലും പിൽക്കാലത്തെ രാഷ്ട്രീയനേതാവിനെ ഉരുപ്പിടിക്കുന്ന ബാല്യയൗവ്വനങ്ങളാണു ഒന്നാംവാല്യത്തിൽ കാണുന്നതെന്നുള്ളതിൽ സംശയമില്ല. അങ്ങനെയല്ലെങ്കിൽ മാത്രമേ അൽഭുതത്തിനു വകയുമുള്ളല്ലോ.

ഗ്രന്ഥത്തിലെ പ്രതിപാദനരീതി ഗാഢപ്രസന്നോജ്ജ്വലമാണ്. സ്ഫുടമല്ലാത്ത ഒരാശയം ഇതിലൊരിടത്തും കാണ്മാനില്ല. ഭാഷയാണെങ്കിൽ വാമൊഴിയും വരമൊഴിയും തമ്മിൽ എത്രത്തോളം അലിഞ്ഞുചേരുമെന്നുള്ളതിനു് ഒരു ഉദാഹരണമാണ്; എന്നല്ല, അതു് ഈ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകതയാണെന്നുതന്നെ പറയണം. കണക്കിനു വീഴുന്ന നാടോടിവാക്കുകൾ ഭാഷയുടെ തിളക്കത്തെ എത്രത്തോളം വർദ്ധിപ്പിക്കുമെന്നറിയാൻ ഈ ഗ്രന്ഥംതന്നെ വായിക്കണം. ചരിത്രദൃഷ്ടിയും, സ്മരണാബാഹുല്യവുംകൊണ്ടു് ഇതൊരുപക്ഷേ "ജീവിതസ്മരണകൾ" എന്ന പേരായിരിക്കും കൂടുതൽ അർഹിക്കുന്നതെന്നു പറയാം. അതെല്ലാം എങ്ങനെയെല്ലാമായാലും ഒന്നു തീർച്ചയാണ്—മലയാളത്തിൽ ഇത്തരം വിജയകരമായ ഒരു ആത്മചരിത്രഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല.

പി. ദാമോദരൻപിള്ള.

## 2. ശൈലീപ്രദീപം

ഗ്രന്ഥകർത്താ—വടക്കുംകൂർ രാജരാജവർമ്മരാജാ.
കൊച്ചിഭാഷാ പരിഷ്കരണക്കമ്മിററി
വില—ആറുറപ്പിക.

ശ്രീരാമവർമ്മ ഗ്രന്ഥാവലയിൽ 49-ാം നമ്പരായി പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു ഗ്രന്ഥമാണിതു്. മലയാള ഭാഷയിലെ ശൈലികളുടെ ഉല്പത്തി, സ്വഭാവം, വിഭാഗം, പ്രാധാന്യം മുതലായവയെ വിശദീകരിക്കുന്ന സുദീർഘമായ ഒരു പീഠികയും, അകാരാദിക്രമത്തിൽ ശൈലികളെ അടുക്കി, കവിപ്രയോഗങ്ങൾ എടുത്തുകാണിച്ചുകൊണ്ടുള്ള അർത്ഥവിവരണവും, പുനരാലോചനയുടെ ഫലമായി ശേഖരിച്ച ഏതാനും ശൈലികൾ അടങ്ങിയ ഒരു അനുബന്ധവുമാണ് ഇതിലേ ഉള്ളടക്കം.

സംഭാഷണത്തിലും ഗദ്യരചനയിലും, കുറിക്കുകൊള്ളുംവണ്ണം ആശയങ്ങളെ പ്രകാശിപ്പിക്കു

വാൻ ശൈലികൾക്കുള്ള ശക്തി കുറച്ചൊന്നുമല്ല. അതുകൊണ്ടാണ്, ഭാഷാശാസ്ത്രജ്ഞന്മാർ ഏതു ഭാഷയ്ക്കും അതിന്റെ ശൈലികൾ അനർഘനിക്ഷേപങ്ങളാണെന്ന് ഉദ്ഘോഷിച്ചിട്ടുള്ളത്. ഭാഷയെ ശരിയായി കൈകാര്യം ചെയ്‌വാനാഗ്രഹിക്കുന്ന ഏതൊരാൾക്കും അപരിത്യാജ്യമാണ ശൈലീപരിചയം. അത്രമാത്രം മുഖ്യമായ ശൈലികളുടെ കാര്യത്തിൽ സമ്പന്നമായ ഭാഷയാണുമലയാളം എന്നു നമുക്കഭിമാനിക്കാം. കൃഷി, വാണിജ്യം, കൈത്തൊഴിൽ, അധ്യയനം, അധ്യാപനം, യുദ്ധം മുതലായ ജീവിതവൃത്തികളിൽനിന്നും, ആചാരമര്യാദകളിൽനിന്നും, കാവ്യശാസ്ത്രാദികളിൽനിന്നും മററും മുളച്ചുപൊന്തിവന്നവയാണ് ഈ പ്രയോഗവിശേഷങ്ങൾ എന്നു കാണുന്നു. ആകയാൽ അവയ്ക്കു ജീവിതത്തോടുള്ള ബന്ധം സുദൃഢമാണുതാനും.

സംസ്കൃതത്തിലും മലയാളത്തിലും സമാരാധ്യമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ള ശ്രീ. വടക്കുംകൂറിന്റെ മാതൃഭാഷാ പ്രണയത്തിനു മഹനീയമായ മറെറാരു തെളിവാണു പ്രസ്തുത ഗ്രന്ഥം. ഇന്നു വ്യവഹാരത്തിലിരിക്കുന്നവ മാത്രമല്ല, ലുപ്തപ്രചാരങ്ങളും നഷ്ടപ്രായങ്ങളുമായി ചിതറിക്കിടന്നിരുന്ന അസംഖ്യം ശൈലികൾകൂടി തേടിപ്പിടിച്ച് ഒരു സൌവർണ്ണസൂത്രത്തിൽ കോത്തിണക്കി അവയുടെ കാന്തിവെളിപ്പെടുത്താനും മൂല്യം നിർണ്ണയിക്കാനും അസാമാന്യമായ ക്ലേശസഹിഷ്ണുത ആവശ്യമാണ്. ആ കൃത്യം എത്രയും വിജയപൂർവ്വം ഇതിൽ നിർവ്വഹിച്ചിരിക്കുന്നു. വളർന്നുവരുന്ന ഒരു ഭാഷ എന്ന നിലയിൽ, പരകീയ ശൈലികളെ മലയാളത്തിനിണങ്ങുന്ന വിധം സ്വീകരിച്ച് ഈ പ്രസ്ഥാനത്തെ പരിപോഷിപ്പിക്കാൻ ഉപദേശിക്കയും ചെയ്യുന്നു.

യശശ്ശരീരനായ പ്രൊഫസർ കോയിത്തമ്പുരാന്റെ സാഹിത്യസാഹ്യത്തിൽ ഒരു പ്രകരണം ശൈലികളെ പുരസ്കരിച്ചുള്ളതാണ്. ഗദ്യരചനയുടെ പല മർമ്മങ്ങളെ ചൂണ്ടിക്കാണിക്കുന്ന കൂട്ടത്തിൽ ശൈലികളെ സാമാന്യമായി പരാമർശിക്കുവാനേ ആ ഗ്രന്ഥത്തിൽ ഉദ്യമിച്ചിട്ടുള്ളു. ഇതുകൂടാതെ ശൈലീപ്രതിപാദകമായി മറെറാരു ഗ്രന്ഥംകൂടി ഇതിന്നുമുമ്പു വിരചിക്കപ്പെട്ടിട്ടുണ്ട്; അതു ശ്രീ. ടി. രാമലിംഗംപിള്ള എം. ഏ-യുടെ 'ശൈലീനിഘണ്ടു'വാണ്. കിട്ടിയേടത്തോളം ശൈലികളെ കൂട്ടിച്ചേർത്ത് ചുരുക്കത്തിൽ അർത്ഥവിവരണം നൽകിയിരിക്കയാണതിൽ. അത്രമാത്രമേ ഗ്രന്ഥകാരൻ ഉദ്ദേശിച്ചിരുന്നുള്ളു എന്ന് അതിന്റെ പേരുകൊണ്ടുതന്നെ മനസ്സിലാക്കാം.

കുറെക്കാലത്തിനുമുമ്പു, കുട്ടിക്കൃഷ്ണമാരാരവർകൾ പ്രസിദ്ധപ്പെടുത്തിയ 'മലയാളശൈലി' എന്ന ഗ്രന്ഥവും ഇവിടെ സ്മരണീയമാണ്. വ്യാകരണത്തെ മുൻനിർത്തിക്കൊണ്ടു, ഗദ്യരചനയുടെ പല മർമ്മങ്ങളേയും സോദാഹരണം പ്രകാശിപ്പിക്കുന്ന ആ പുസ്തകത്തിൽ അസംഗതമായി എന്തെങ്കിലുമൊന്നുണ്ടെങ്കിൽ അത്, മലയാളശൈലി എന്ന ഗ്രന്ഥനാമമാണ്. രീതി എന്ന അർത്ഥത്തിൽ ശൈലി എന്ന പദം ഉപയോഗിക്കാറുണ്ടെങ്കിലും ഇംഗ്ലീഷിൽ ഇഡിയം (Idiom) എന്നു പറഞ്ഞുവരുന്ന പ്രയോഗവിശേഷത്തെയാണു മലയാളത്തിൽ ശൈലി എന്ന പദം പ്രധാനമായി കുറിക്കുന്നതു്. "എല്ലാ ഭാഷകളിലും വാച്യമായ അക്ഷരാർത്ഥത്തിനു് ഉപരിയായി ലക്ഷ്യമോ വ്യംഗ്യമോ ആയ അർത്ഥം വഹിക്കുന്ന ചില വാചകങ്ങളുണ്ട്. ഇവകൾ വാച്യാർത്ഥത്തെ ഗണിക്കാത്തതുപോലെ ചിലേടത്തു വ്യാകരണവിധികളെക്കൂടി ലംഘിച്ചു കാണും. ഇങ്ങനെയുള്ള വാചകങ്ങളെ അതാതു ഭാഷകളുടെ ശൈലി എന്നു പറയുന്നു." എന്നു സാഹിത്യസാഹ്യത്തിൽ ശൈലികളെ നിർവ്വചിച്ചിരിക്കുന്നതു നോക്കുക. അത്തരം ശൈലികളെപ്പററി മാരാർക്ക് ഒന്നും പറയാനില്ലെങ്കിൽ 'വാക്യരചനാരഹസ്യം' എന്നോ മറേറാ ആ പുസ്തകത്തിനു പേരിടുകയായിരുന്നു വേണ്ടതെന്നു തോന്നുന്നു. ഈ പാകപ്പിഴ ശ്രീ. വടക്കുംകൂറിനു പററിയിട്ടില്ല. അദ്ദേഹം, നാമൊക്കെ ധരിച്ചുവെച്ചിട്ടുള്ള ശൈലികളെപ്പററിയാണു പ്രതിപാദിച്ചിട്ടുള്ളതു്. എന്നാൽ, "പഴഞ്ചൊല്ല്", ന്യായം, ലോകോക്തി, കവിവാക്യം എന്നിവയെയൊക്കെ സൌകര്യാർത്ഥം ശൈലി എന്നുതന്നെ വ്യവഹരിക്കുന്നു. അവയുടെയെല്ലാം മൂലപ്രകൃതി ഒന്നാക

കൊണ്ടു് അങ്ങനെ ചെയ്യുന്നതിൽ ഔചിത്യഹാനി വരുവാനില്ല" എന്നുള്ള അഭിപ്രായത്തോടെ ശൈലീസാമ്രാജ്യത്തിന്റെ അതിരുകൾ നിർണ്ണയിക്കുകയാണു ചെയ്യുന്നതു്. വർഗ്ഗസാമാന്യലക്ഷണം ഏറെക്കുറെ ശരിയാണെങ്കിലും ഓരോന്നും വകുപ്പുതിരിച്ചു കാണിക്കാമായിരുന്നു. വാചകരൂപത്തിലുള്ള തനിശൈലികളുടേയും വാക്യരൂപത്തിലുള്ള പഴഞ്ചൊല്ലുകളുടേയും ഭേദം എടുത്തുകാണിക്കാമായിരുന്നു.

അഞ്ഞൂറിലധികം വശങ്ങളിലായി അനവധി പ്രയോഗവിശേഷങ്ങൾ അടുക്കിച്ചേർത്തു് ആശയം പ്രകാശിപ്പിച്ചിരിക്കുന്നതു കൃച്ഛ്റസാദ്ധ്യമായ ഒരു കൃത്യമാണെന്നു സമ്മതിക്കാതെന്നെ വേണം. നിരന്തരമായ ഗവേഷണത്തിന്റേയും യുക്തിയുക്തമായ ആലോചനയുടേയും പരിണതഫലമാണിതു്. ശൈലികളുടെ അർത്ഥവിവരണത്തിൽ ചിലേടത്തു് അഭിപ്രായഭേദമുണ്ടായി എന്നു വരാം. അതൊന്നും ഈ ഗ്രന്ഥത്തിന്റെ ഗുണമഹിമയ്ക്കു കുറവു വരുത്താൻ പര്യാപ്തമല്ല. സമുജ്ജ്വലമായ പ്രയത്നശീലവും വൈദുഷ്യവിലാസവും, വൈദഗ്ദ്ധ്യവും, സർവോപരി പ്രണാമാർഹമായ ഭാഷാഭിമാനവും ഇതിൽ ആപാദചൂഡം പ്രത്യക്ഷപ്പെടുന്നുണ്ടു്. ശൈലികളുടെ ആഗമാദികളെ വിവരിക്കുന്ന പീഠിക സാഹിത്യപഠിതാക്കൾക്കു വിജ്ഞാനം വിതറുന്ന ഒരു ദീപസ്തംഭമാണെന്നു പറഞ്ഞാൽ അതിശയോക്തിയാകയില്ല.

ഭാഷാസേവനം ജീവിതവ്രതമായി സ്വീകരിച്ചിരിക്കുന്ന ചുരുക്കം ചില കേരളീയരിൽ അഗ്രഗണ്യനായ ശ്രീ. വടക്കുംകൂർ ഏതു മലയാളിയുടെ കൃതജ്ഞതയെയാണു് അർഹിക്കാതിരിക്കുക?

വെണ്ണിക്കുളം ഗോപാലക്കുറുപ്പു്.

## 3. ലളിത.

ഗ്രന്ഥകർത്താ:— കെ. ജി. വർഗീസ്—ചെന്നിത്തല
വില രൂപ. 1. അണ. 8.

മഹാകവി വള്ളത്തോളിന്റെ ആശംസ, പുത്തൻകാവു് ശ്രീ. മാത്തൻതരകന്റെ അവതാരിക, ഇവയ്ക്കു പുറമേ മററു് എട്ടു മാന്യവ്യക്തികളുടെ അഭിപ്രായങ്ങൾ, ഈ അകമ്പടിയോടുകൂടിയാണു് ലളിത രംഗപ്രവേശം ചെയ്യുന്നതു്. പുറപ്പാടു്, അന്തസ്സായിട്ടുണ്ടു്. അരങ്ങത്തെ ആട്ടം ഏതു പ്രകാരമെന്നു നോക്കാം.

'ലളിത' ആദർശസുന്ദരമായ ഒരു പുതിയ നോവൽ ആണെന്നു് ഗ്രന്ഥകാരൻ അവകാശപ്പെടുന്നു. ഉത്തമാദർശങ്ങൾ ഈ കഥയിൽ അന്തർഭവിച്ചിട്ടുണ്ടു്. പക്ഷേ, ആദർശങ്ങൾ കൊണ്ടുമാത്രം ഒരു കഥ, സുന്ദരമോ, ഹൃദ്യമോ, ആവുകയില്ലല്ലോ. സകല സദ്ഗുണങ്ങളും തികഞ്ഞ വ്യക്തികളെ, 'യൂട്ടോപ്പിയ'യിലേ കാണുകയുള്ളു. ലളിതയിൽ ഉത്തമകഥാപാത്രങ്ങൾക്കെതിരായി നീചപാത്രങ്ങൾ ഇല്ലെന്നല്ല ഇതിനർത്ഥം. ആദർശസമ്പന്നരായ വ്യക്തികളുടെ മേന്മയെ തെളിയിക്കുന്നതിനു മാത്രം സൃഷ്ടിച്ച കുറെ ദുഷ്ടപാത്രങ്ങളും ഉണ്ടു്. യഥാർത്ഥ ജീവിത ചിത്രീകരണമാണു് കഥയ്ക്കു് മാററുകൂട്ടുവാൻ ഉപകരിയ്ക്കുന്ന ഉത്തമമാർഗ്ഗം. ലളിതയിലെ അവസാനഭാഗത്തെ സംഭവം 'യൂട്ടോപ്പിയ'യിലല്ലാതെ, മറെറങ്ങും നടക്കുമെന്നു തോന്നുന്നില്ല. ലളിത, മാധവപ്പണിക്കർ, കൃഷ്ണമേനോൻ മുതലായ സൽപാത്രങ്ങളെല്ലാംതന്നെ, സകല സദ്ഗുണങ്ങളും നിറഞ്ഞ സ്വർഗ്ഗീയ സൃഷ്ടികളാണു്. ശ്രീധരൻതമ്പി, കുഞ്ഞൻതമ്പി എന്നിവരുടെ വേഷപ്പകർച്ചകളും മറിമായങ്ങളും വിശ്രുതന്മാരുടെ അത്ഭുതകർമ്മങ്ങളെ അനുസ്മരിപ്പിക്കുന്നു.

ഈ ആദർശലോകത്തിലെ—അല്ല, അദ്ഭുതലോകത്തിലെ—കഥാഗതി ചുരുക്കത്തിൽ ഇതാണു്. സ്വഭാവസമ്പന്നനായ പ്ളാമൂട്ടിൽ മാധവപ്പണിക്കരുടെ പുത്രി ലളിത ഉത്കൃഷ്ടഗുണങ്ങളുടെ വിളനിലമാണു്. പണിക്കർക്കു് പണത്തിനു് അല്പം വിഷമം നേരിട്ടപ്പോൾ, ധനികനും ദുർമ്മോഹിയുമായ വേലായുധൻതമ്പിയെ സമീപിക്കുന്നു. തമ്പി കയ്യൊഴിഞ്ഞെങ്കിലും, അയാളുടെ ചിട്ടിക്കാര്യസ്ഥൻ കിട്ടുക്കുറുപ്പു് കൈക്കൂലി മോഹിച്ചു് പണിക്കരെ സഹായിക്കാമെന്നു് ഏൾക്കുന്നു. പണിക്കരുടെ താമസസ്ഥലം തമ്പിയ്ക്കു പണയം എഴുതിച്ചു്, ആവശ്യപ്പെട്ട പണം അ

യാൾ കൊട്ടപ്പിക്കുന്നു. അച്ഛന്റെ വരവു ചുരുങ്ങി ചില്ലവിനു വിഷമം നേരിട്ടന്നതുകണ്ടു്, സ്കൂൾഫൈനൽ പാസായതിനുശേഷം ലളിത പഠിത്തം നിവൎത്തുന്നു. ഈ പരിതഃസ്ഥിതിയിൽ ലളിതയെ മദ്രാസിൽ അയയ്ക്കുന്നതിനു് വേലായുധൻതമ്പി പണിക്കരെ നിർബന്ധിക്കുന്നു. തമ്പിയുടെ മകൾ കുഞ്ഞമ്മ ഭർത്താവായ ഡാക്ടർ വാസുദേവനുണ്ണിയോടുകൂടി മദ്രാസിലാണു് താമസം. അവർക്കു സഹായത്തിനാണു് ലളിതയെ അയയ്ക്കുവാൻ തമ്പി ആവശ്യപ്പെട്ടുന്നതു്. മദ്രാസിലെ താമസത്തിൽ കുഞ്ഞമ്മയുടെ ക്രൂരത നിമിത്തം ലളിത പല ദുർഘടങ്ങളും തരണം ചെയ്യേണ്ടതായിവരുന്നു. ഇതിനിടയ്ക്കു് വാസുദേവനുണ്ണിയുടെ മകൻ ബാബുവും ലളിതയും തമ്മിൽ പ്രേമബദ്ധരാകുന്നു. ഈ സംഗതി കുഞ്ഞമ്മ അറിയുന്നതോടുകൂടി ലളിതയ്ക്കു് കഠിനമർദ്ദനവും ബന്ധനവും അനുഭവപ്പെടുന്നു. ലളിത ഈ ബന്ധനത്തിൽനിന്നു രക്ഷപ്പെട്ടു്, ആത്മഹത്യചെയ്യാൻ തുനിയുന്നു എങ്കിലും അതിൽനിന്നു വിരമിക്കുന്നു. അവൾ സെൻട്രൽ റെയിൽവേസ്റ്റേഷനിൽവച്ചു് കോഴിക്കോട്ടിനു വണ്ടികയറാൻ എത്തിയിട്ടുള്ള കൃഷ്ണമേനവനേയും പത്നിയേയും കാണുന്നു. അവർ ഒന്നിച്ചു് കോഴിക്കോട്ടു് എത്തുന്നു. ലളിത തൽക്കാലം സ്വഗൃഹത്തിൽ പോകുന്നതു ശരിയല്ലെന്നു് കൃഷ്ണമേനവൻ അഭിപ്രായപ്പെട്ടതനുസരിച്ചു് അവൾ അദ്ദേഹത്തിന്റെ ഗൃഹമായ ചന്ദ്രമോഹനം ബംഗ്ലാവിൽ കുടുംബത്തിലെ ഒരംഗമെന്നപോലെ കഴിയുന്നു.

കഥയുടെ ശേഷം ഭാഗത്തിൽ അസംഭാവ്യത മുഴച്ചു നിൽക്കുന്നുണ്ടു്. ഇവിടെയാണു് അത്ഭുതലോകം തുടങ്ങുന്നതു്. ലളിതയുടെ സ്വഭാവഗുണം സകല ജീവരാശികളെയും ഹരിയ്ക്കുന്നു. അവളുടെ ഇംഗിതം കേൾക്കേണ്ട താമസമേയുള്ളു കൃഷ്ണമേനവൻ അതിനു് ഈഷൽ വ്യത്യാസം കൂടാതെ പ്രവൎത്തിക്കുവാൻ. ലളിത ചന്ദ്രമോഹനത്തു കാലുകുത്തിക്കഴിയുന്നതിനു മുമ്പായി അവിടെ ക്ഷേത്രം, ആശുപത്രി, വിദ്യാലയം, ഹരിജനോദ്ധാരണകേന്ദ്രം എന്നിവ രൂപമെടുത്തു് മിന്നൽവേഗത്തിൽ അഭിവൃദ്ധിപ്പെടുന്നു, ഉന്നക്കണ്ടേ ഉത്തമാദർശങ്ങളുടെ മാന്ത്രികശക്തി! മദ്രാസിൽവച്ചു് ഡാക്ടർ വാസുദേവനുണ്ണിയുടെ കീഴിൽ നഴ്സിങ്ങു പരിശീലിച്ചിരുന്ന ലളിത, കൃഷ്ണമേനവന്റെ ആശുപത്രിയിലെ ലേഡീ ഡാക്ടരായി ഉയരുന്നു. വെറും ലുബ്ധനായിരുന്ന കൃഷ്ണമേനോൻ ലളിതയുടെ സാമീപ്യത്തിൽ അത്യുദാരമതിയാകുന്നു. ഇതിനിടയിൽ കൃഷ്ണമേനവന്റെ പുത്രൻ കുഞ്ഞുണ്ണിമേനവൻ സതീർത്ഥ്യനായ ബാബുവുമൊന്നിച്ചു് ചന്ദ്രമോഹനത്തു വരുവാനിടയാകുന്നു. ബാബുവിനു പെട്ടെന്നുണ്ടാകുന്ന കഠിനരോഗം ലേഡീഡാക്ടർ ലളിതയുടെ വിദഗ്ദ്ധ ശുശ്രൂഷയിൽ സുഖപ്പെടുന്നു.

ഈ പരിതഃസ്ഥിതിയിൽ ബാബുവിന്റെയും ലളിതയുടെയും പ്രണയം വിവാഹനിശ്ചയത്തിലെത്തുന്നു. ലളിത നട്ടപ്പുദീനം പിടിപെട്ടു് മരിച്ചുപോയിരിക്കുന്നു എന്നുള്ള വാൎത്തകേട്ടു് ദുഃഖാൎത്തനായ മാധവപ്പണിക്കർക്കു് കിട്ടുക്കുറുപ്പിന്റെയും വേലായുധൻതമ്പിയുടെയും കൃത്രിമംമൂലം താമസസ്ഥലം നഷ്ടപ്പെടുന്നു. കൃഷ്ണമേനവന്റെ ക്ഷേത്രത്തിലെ 'യതിവൎയ്യ'നായ രമാനന്ദസ്വാമികൾ ലളിത ജീവിച്ചിരിക്കുന്ന വിവരം പണിക്കരെ ധരിപ്പിക്കുന്നു. രമാനന്ദസ്വാമികൾ, അദ്ദേഹത്തിന്റെ സ്നേഹിതൻ കോഴിക്കോട്ടു് പോസ്റ്റമാസ്റ്റർ, എന്നിവരുടെ ശ്രമഫലമായി മാധവപ്പണിക്കർ തന്റെ അന്യാധീനപ്പെട്ട വസ്തു വീണ്ടെടുക്കുന്നു. ഇതോടുകൂടി തമ്പിയുടെയും, കിട്ടുക്കുറുപ്പിന്റെയും കൃത്രിമം വെളിപ്പെടുന്നു. കള്ളയാധാരം നിൎമ്മിച്ചതിനു് കിട്ടുക്കുറുപ്പും പാച്ചൻപിള്ളയും ശിക്ഷിക്കപ്പെടുന്നു. കടക്കാരനായിതീൎന്ന വേലായുധൻതമ്പിയുടെ വസ്തുക്കൾ വലിയ ഒരു തുകയ്ക്കു പണിക്കർ ലേലത്തിൽ വിളികേൾക്കുന്നു. ഇതിനും, പണിക്കരുടെ വസ്തു വീണ്ടെടുത്തതിനും പണം എവിടെനിന്നുണ്ടായിയെന്നാണെങ്കിൽ, കൃഷ്ണമേനോൻ, രമാനന്ദസ്വാമികൾ, പോസ്റ്റ്മാസ്റ്റർ എന്നീ മഹാത്യാഗികളോടു ചോദിക്കണം. അവസാനത്തിൽ വേലായുധൻതമ്പി മാധവപ്പണിക്കരുടെ ദാക്ഷിണ്യത്തെ ആശ്രയിക്കുന്നു. മാധവപ്പണിക്കരുടെ മഹാമനസ്കത അയാളെയും ഭാര്യയെയും മാനസാന്തരപ്പെടുത്തുന്നു. രമാനന്ദസ്വാമികളും

പോസ്റ്റുമാസ്റ്ററും സ്വദേശത്തു് ഒരു ഗ്രാമോദ്ധാരണകേന്ദ്രം സ്ഥാപിച്ചു് സേവനം അനുഷ്ഠിക്കുന്നു. ലളിതയുടെ വിവാഹത്തോടുകൂടി സംഭവബഹുലമായ ഈ കഥ അവസാനിക്കുന്നു.

'ലളിത' ഒരു സാമുദായിക നോവലാണു്. മലയാളികളാണു് കഥാപാത്രങ്ങളെല്ലാം. മലയാളികളുടെ ജീവിതരീതി ഏറെക്കുറെ ചിത്രീകരിക്കാൻ ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ടു്. പക്ഷേ, ചില ഭാഗങ്ങളിൽ ഒരു ഇംഗ്ലീഷ് നോവലിന്റെ അനുകരണ പ്രതീതി ബലമായി വരുന്നുണ്ടു്. പ്രധാന കഥാപാത്രങ്ങൾ നായർസമുദായത്തിൽപെട്ടവരാണു്. പക്ഷെ, കാഥികൻ ചില സന്ദർഭങ്ങളിൽ ഈ സംഗതി ഓർമ്മിച്ചിട്ടില്ലെന്നു തോന്നുന്നു. ഉദാഹരണങ്ങൾ ചിലതു നോക്കുക. മലയാളികളുടെ ഇടയിൽ കാമുകൻ, കാമുകിയുടെ ഓർമ്മയ്ക്കായി അവളുടെ തലമുടിച്ചുരുൾ വെട്ടിയെടുത്തു് സൂക്ഷിക്കുന്ന പതിവില്ല. ബാബു ഈ പ്രവൃത്തി ചെയ്യുന്നുണ്ടു്. ലളിത അതനുവദിക്കുന്നുമുണ്ടു്. കൂടാതെ സ്വകമിതാവിന്റെ രോഗശമനത്തിനായി ലളിത മുട്ടിന്മേലിരുന്നു പ്രാർത്ഥിക്കുന്ന രംഗം ഒന്നുരണ്ടുണ്ടു്. മാധവപ്പണിക്കരും കുടുംബാംഗങ്ങളും ചത്തുജീവിച്ച ലളിതയുടെ എഴുത്തെടുത്തു് മുത്തി ആശ്വസിക്കുന്നതായും നാം കാണുന്നു. ഈ ഭാഗങ്ങൾ വായിക്കുമ്പോൾ ക്രിസ്തീയമായ ഒരന്തരീക്ഷത്തിന്റെ പ്രതീതിയാണുണ്ടാകുന്നതു്.

ശ്രീ. വറുഗീസിന്റെ രചനാരീതി ലളിതവും, അക്ലിഷ്ടവുമാണു്. പ്രകൃതിവർണ്ണനകളിൽ ഇതു് സവിശേഷം കാണുന്നുണ്ടു്. കഥാപാത്രങ്ങളുടെ സംഭാഷണരീതീയിൽ ഫലിതവും തന്മയത്വവും കുറവില്ല. പക്ഷേ, ആദർശപ്രഖ്യാപനങ്ങളും പ്രസംഗങ്ങളും എവിടെയും തട്ടിവിടുന്നുണ്ടു്. ഭാഷയും സാമാന്യേന ഒഴുക്കുള്ളതാണു്. ഒരു നോവലിനു അവശ്യം വേണ്ടതായ പരിണാമഗുപ്തിയും 'ലളിത'യിൽ കാണാനുണ്ടു്. യഥാർത്ഥജീവിത ചിത്രീകരണവും ദുർല്ലഭമല്ല. ആകപ്പാടെ നോക്കിയാൽ ശ്രീ. വറുഗീസിന്റെ 'ആദർശസുന്ദരമായ' ഈ പുതിയ നോവലി'ൽ പുതിയതായി ഒന്നുമില്ലെങ്കിലും ഒന്നു വായിച്ചു രസിക്കാൻ ചില വകകൾ ഉണ്ടു്.

എൻ. കൃഷ്ണക്കൈമൾ.

# 4. തളിരുകൾ

ഗ്രന്ഥകർത്താ: കാട്ടാക്കട ദിവാകരൻനായർ
വില. അണ. 10

'കൗമാരം കഴിഞ്ഞിട്ടില്ലാത്ത ഒരു ബാല'നാണു് ഈ കവിതാസമാഹാരത്തിന്റെ കർത്താവു് എന്നു് അദ്ദേഹം തന്നെ പറയുന്നതുകൊണ്ടു് വിശ്വസിക്കാം. പക്ഷേ, കവിതകൾ വായിച്ചുകഴിയുമ്പോൾ വിശ്വാസം തെററിയെന്നുവരും. 'മനുഷ്യത്വം മറവിയിൽ' എന്ന കവിത നോക്കുക.

"വയർവിളിയനിശം പൊങ്ങുംനേരം
വലുതല്ലവരുടെ ചാരിത്ര്യം.
കാട്ടിന്നിടയിൽ, തോട്ടിൻമറവിൽ
വിററു കന്യകൾ..........ചുടുമാംസം"

ഇതെഴുതുന്ന സമയം കവി ബാലനായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ബാല്യം വളരെ അധികം പുരോഗമിച്ചിട്ടുണ്ടായിരുന്നിരിക്കണം; തർക്കമില്ല. ഈ പുരോഗമനമാണു് അദ്ദേഹത്തിന്റെ കവിതയുടെ ജീവനാഡി. പുരോഗമനാത്മകങ്ങളെന്നറിയപ്പെടുന്ന ആശയങ്ങൾ സമരകാഹളധ്വനിയോടുകൂടി വെളിച്ചത്തു വിളിച്ചോതുന്നതിനു് ഈ കവിയ്ക്കു് അസാമാന്യമായ കഴിവുണ്ടു്. 'ശക്തിയേറിയ വികാരങ്ങളുടെ സ്വേച്ഛാനുരൂപമായ കവിഞ്ഞൊഴുകൽ ആണു് കവിത' എന്ന നിർവചനം കാട്ടാക്കട ദിവാകരൻനായരുടെ കവിതകളെ സംബന്ധിച്ചിടത്തോളം ശരിയാണെന്നുതന്നെ പറയാം. ആശയങ്ങളുടെ പുരോഗമനാത്മകത്വത്തെക്കാൾ അല്പം മുന്തിനിൽക്കുന്നതു് കവിതയുടെ പ്രസാദാത്മകത്വം ആണു്. ചങ്ങമ്പുഴയുടെ കവിതയെ അനുസ്മരിപ്പിക്കുന്ന മട്ടും മാതിരിയും ദിവാകരൻനായരുടെ കവനങ്ങളിൽ കാണ്മാനുണ്ടു്. ചില വരികൾ നോക്കുക:–

നേരിൻ നേരിയ തരിപോലും
പറയില്ലെന്നോ-പരിതാപം.

കാലം ഞാൻ ചിലതോതീടാം
കരളുരുകും ചില സത്യങ്ങൾ

പഴകിയ പാട്ടാണിവയെല്ലാം
പുഴയിലൊഴുക്കൂ പുതുതെഴുതൂ.

പൂർവ്വചിന്തകൾ പൂവണിയിച്ചു
പൂങ്കവിളിലും കണ്ണിലും.
ചട്ടലതയേറും കരിമീൻമിഴികൾ—
ക്കടിയറവച്ചു ഹൃദയങ്ങൾ.
മരതകമഞ്ജുള ഹരിത വിരിപ്പിൻ
ത്വരിതമണഞ്ഞു തരിവളകൾ.
ഇക്കിളിയിളകും പൊട്ടിച്ചിരികൾ—
ക്കുത്തരമോതീ കാട്ടരുവി.
അല്ലും പകലും പണിയും പതിതർ—
ക്കെല്ലും തോലും പ്രതിഫലമായ്.

"വരിക വരിക സോദരാ" എന്ന സമരഗീതം ഭാവിയിലേക്കുള്ള ഒരു നോട്ടമാണ്. മർദ്ദിതരും ചൂഷിതരുമായ തൊഴിലാളി വർഗ്ഗത്തെയും, ഗ്രാമീണരേയും സമരസന്നദ്ധരാക്കിത്തീർക്കുന്നതാണ് കവിയുടെ ലക്ഷ്യം. സാമ്പത്തികമായ ഉച്ചനീചത്വം ഇല്ലാതാക്കണം. 'തൂമ്പയേന്തും കിങ്കരനും' തമ്പുരാട്ടിയും തമ്മിൽ ശാശ്വതമായ ബന്ധം ഉണ്ടാകുന്നതിന് യാതൊരു പ്രതിബന്ധവുമില്ലാത്ത ഒരു സർവ്വസമുദായ സാഹോദര്യത്തിലേക്ക് മാനവലോകം പുരോഗമിക്കണം. ഈ രീതിയിൽ പോകുന്ന ആശയങ്ങൾക്ക് ഇന്നു പുതുമയൊന്നും ഇല്ല. ഈ ആശയങ്ങളുടെ ആവിഷ്കരണത്തിൽ കവിത ഉണ്ടോ എന്നു മാത്രമേ സഹൃദയനു നോട്ടമുള്ളു. ആക്കാര്യത്തിൽ ദിവാകരൻ നായർ ഒട്ടൊക്കെ അനുമോദനാർഹനും തന്നെ.

ഈ കവിതാസമാഹാരത്തിൽ അങ്ങുമിങ്ങും ചില പാകപ്പിഴകൾ കണ്ടേക്കാം. ഇവ കൂടുതൽ കാണുന്നതു് തർജ്ജിമയിലാണു്. 'ശ്മശാനത്തിൽ എന്ന തലക്കെട്ടിൽ' ഉള്ള കൃതി ഗ്രേയുടെ ശോകഗീതത്തിന്റെ സ്വതന്ത്രവിവർത്തനമാണു്. അന്യഭാഷയിൽനിന്നു് ആശയങ്ങൾ പകർത്തുമ്പോൾ ക്ലിഷ്ടതയുണ്ടാവാനിടയുണ്ടു്. അതും കവിതയാകുമ്പോൾ, വൃത്തപരിധികൾക്കുള്ളിൽ ആശയം ഒതുക്കേണ്ടിവരുന്നതുകൊണ്ടു്. ഇതിലെ വിവർത്തനങ്ങളിൽ അത്തരം ക്ലിഷ്ടതകൾ തീരെ അസുലഭമല്ല.

ഏതായാലും വാസനക്കാരനായ ഈ യുവകവിയ്ക്കു് ഒരു ഭാവിയുണ്ടെന്നുള്ളതു നിശ്ചയം. പുരോഗമനവാഞ്ഛ സ്വാഗതാർഹം തന്നെ; പക്ഷെ, 'പഴകിയതെല്ലാം പുഴയിലൊഴുക്കണ'മെന്നുള്ള താത്പര്യം ആർത്ഥികമായ വിടവുകൾ സൃഷ്ടിയ്ക്കും. കൗമാരം കഴിഞ്ഞിട്ടില്ലാത്ത കവിയുടെ ഈ മിഥ്യാബോധം കാലാന്തരത്തിൽ നീങ്ങിക്കൊള്ളുമെന്നു് ആശിക്കാം.

എൻ. കൃഷ്ണക്കൈമൾ.

---

## അംഗത്വം റദ്ദുചെയ്ത ഗ്രന്ഥശാലകൾ

164—സുഹൃൽസമാജം വായനശാല, മയ്യനാട്
620—ദേശസേവിനി ലൈബ്രറി കൂട്ടിക്കട, മയ്യനാട്.
930—ബാലസുബ്രഹ്മണ്യം ഗ്രാമോദ്ധാരണ ലൈബ്രറി, വല്ലംചെരിമററം, പെരുമ്പാവൂർ.
51—മനോരമാ റീഡിംഗ്റൂം, ചെന്നിത്തല.
982—വിശ്വഭാരതി ഗ്രന്ഥശാല, ഹരിപ്പാട്.
453—ശ്രീരാമകൃഷ്ണവ്രതഗ്രന്ഥശാല, മുട്ടം, ഹരിപ്പാട്.

---

# ഗ്രന്ഥശാലാവാർത്തകൾ

## തിക്കണ്ണങ്കോട്ട് അരുളാനന്ദവിലാസ് ഗ്രന്ഥശാല (നമ്പർ 8 8.)

ഈ ഗ്രന്ഥശാലയുടെ നാലാമത്തെ വാർഷികോത്സവം, 1953-ജൂൺ 28-ാംനു- ഞായറാഴ്ച വൈകുന്നേരം തിക്കണ്ണങ്കോട്ട പ്രൈമറിസ്കൂളിൽ വച്ച് റവ. ഫാദർ ആർ. അന്തോണി മുത്തുവിൻെറ അധ്യക്ഷതയിൽകൂടി. ഗ്രന്ഥശാലാ പ്രസിഡൻറ് ശ്രീ. ഡി. ഏശുമുത്തു ബി. എസ് സി. യുടെ സ്വാഗതപ്രസംഗം, ശ്രീ. സി. ഏശുദാസ്. ബി. എ. ആണേഴ്സ് (യൂണിവേഴ്സിററികോളേജ്) ശ്രീ. വിശ്വനാഥൻ, വിദ്വാൻ ആർ. വി. ഇരണിയൽ എന്നീ മാന്യന്മാരുടെ പ്രസംഗങ്ങൾ ശ്രീ. പി. എം. അരുളിൻെറ കൃതജ്ഞതാപ്രകടനം എന്നിവ നടന്നു. മററു ചടങ്ങുകളോടുകൂടി യോഗം മംഗളമായി പിരിഞ്ഞു.

## ആനിക്കാട്ട് ദേശസേവിനി വായനശാല

ഗോപിവിലാസം ശ്രീ. ഗോവിന്ദൻനായരും. തെക്കേപ്പുറമ്പിൽ രാഘവൻനായരുംകൂടി വായനശാലാ കെട്ടിടം വയ്ക്കുന്നതിനാവശ്യമായ രണ്ടുസെൻറു സ്ഥലം സംഭാവന നൾകി സഹായിച്ചിരിക്കുന്നു.

## സുഭാഷ് ലൈബ്രറി & റീഡിംഗ് റൂം കൈതാരം

കൈതാരം സുഭാഷ് ലൈബ്രറി & റീഡിംഗ് റൂമിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് തമ്പി പറമ്പിൽ ശ്രീമാൻ ടി. വി. വേലപ്പൻ രണ്ടു സെൻറ് സ്ഥലം സംഭാവന ചെയ്തിരിക്കുന്നു.

## സത്യവാൻസ്മാരക ഗ്രന്ഥശാല & വായനശാല തുറവൂർ തെക്ക്

ഈ ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം 1-7-53 ബുധനാഴ്ച വൈകിട്ട് 5-30 ന് വായനശാലാ ഹാളിൽവച്ച് കണ്ണമ്പള്ളി ശ്രീ. കെ. കൃഷ്ണപിള്ളയുടെ അധ്യക്ഷതയിൽകൂടി. 1072 രൂപാ വരവും 1063 രൂപാ ചെലവും വരുന്ന 1953-54-ലെ ബഡ്ജററ് സെക്രട്ടറി യോഗത്തിൽഅവതരിപ്പിച്ചു. ബഡ്ജററ്അംഗീകരിച്ചു.

## കറുകച്ചാൽ പീപ്പിൾസ് ലൈബ്രറി & റീഡിംഗ് റൂം

കറുകച്ചാൽ പീപ്പിൾസ് ലൈബ്രറി & റീഡിംഗ്റൂം, ഒരു വിശേഷാൽ പൊതുയോഗം കൂടുകയും അടുത്തവർഷത്തേയ്ക്ക് ഈ. ഭാസ്കരക്കുറുപ്പ് ബി. എ. അവർകളെ പ്രസിഡൻറായും ശ്രീ. കെ. ആർ. രാഘവനെ സെക്രട്ടറിയായും തെരഞ്ഞെടുക്കയും കൂടാതെ 12 പേരുൾക്കൊള്ളുന്ന ഒരു കമ്മററിയെയും തെരഞ്ഞെടുത്തു.

## സർവ്വോദയാ പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം മണവാളക്കുറിച്ചി

ലൈബ്രറി അംഗങ്ങളുടെയും പൊതുജനങ്ങളുടെയും ഒരു യോഗം 5-7-1953 ഞായറാഴ്ച വൈകുന്നേരം 5 മണിക്കു കൂടുകയുണ്ടായി. ശ്രീ. ജി. ചന്ദ്രശേഖരൻ അദ്ധ്യക്ഷം വഹിച്ചു. അടുത്ത ഒരുകൊല്ലത്തേക്കു താഴെക്കാണുന്നവരെ ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുത്തു. ശ്രീ. ജി. ചന്ദ്രശേഖർ പ്രസിഡൻറ്, ശ്രീ. എസ്. കുമാരവേൽ സെക്രട്ടറി & ട്രഷറർ ശ്രീ. ബി. മുകുന്ദകുമാർ അസി. സെക്രട്ടറി, ശ്രീ. ആർ. വത്സകുമാർ, ശ്രീ. ഡാക്ടർ എസ്. ഭാസ്കരപിള്ള, ശ്രീ. കെ. രാമസ്വാമിചെട്ടിയാർ, ശ്രീ. ഈ. നാരായണപിള്ള, ശ്രീ. പി. സുകുമാരൻ, ശ്രീ. ബി. രാജേന്ദ്രനാഥ്, ശ്രീ. എസ്. മുഹമ്മദ്സാലി, ശ്രീ. എ. സൈമൺ.

## ജനകീയവായനശാല വെണ്ണല, ഇടപ്പിള്ളി

ഈ വായനശാലയുടെ 6-ാമത്തെ വാർഷികസമ്മേളനം 1953 ജൂലായ് 5-ാംനു- ഉപാദ്ധ്യ

ക്ഷൻ ശ്രീ. എ. കെ. രാമൻ അവർകളുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. തുടർന്ന അടുത്ത വർഷത്തേക്കുള്ള ഭരണസമിതിയിലേയ്ക്കു ക്രമപ്രകാരം: 1. വി. ഏ. വേലായുധൻ അദ്ധ്യക്ഷൻ, 2. ഏ. കെ. രാമൻ ഉപാദ്ധ്യക്ഷൻ, 3. എം. ഐ. പരമേശ്വരൻ കാര്യദർശി, 4. വി. കെ. കുമാരൻ ഖജാൻജി, 5. കെ. എം. രാമചന്ദ്രൻ ലൈബ്രേറിയൻ, എന്നിവരേയും അംഗങ്ങളായി കെ. പി. രാഘവൻ, ഡി. പി. രാഘവൻപിള്ള, കെ. ബി. മുഹമ്മദ്, കെ. ഐ. അയ്യപ്പൻ എന്നിവരെയും തിരഞ്ഞെടുക്കുകയും ശേഷം രണ്ടു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് പുതിയ ഭരണസമിതിയെ അധികാരപ്പെടുത്തുകയും ചെയ്തു. കാര്യദർശിയുടെ കൃതജ്ഞതാപ്രകടനത്തോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

## ബാലരാമപുരം എസ്സ്. സി. എം. ഗ്രന്ഥശാല

ഭരണസമിതിയുടെ ഒരു യോഗം ഈ മാസം 5-ാംതീയതി ഞായറാഴ്ച വൈകുന്നേരം 5-30 ന് ശ്രീ. റ്റി. അരുണാചലംപിള്ള ബി. എ. യുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കഴിഞ്ഞ ഭരണസമിതി റിപ്പോർട്ടും, വരവുചെലവു കണക്കും ചർച്ചചെയ്ത് അംഗീകരിച്ചു.

## ബാപ്പുജി സ്മാരക വായനശാല പെരുംകുളം

പ്രസ്തുത വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ജൂലൈമാസത്തിൽ കൂടി. പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കണമെന്നുള്ള യോഗനിശ്ചയത്തിൽ ശ്രീമാന്മാർ പി. വാസുദേവൻനമ്പ്യാതിരി പ്രസിഡൻറായും പി. എ. കൃഷ്ണക്കുറുപ്പു സെക്രട്ടറിയായും, കെ. നാരായണപിള്ള ഖജാൻജിയായും, തെരഞ്ഞെടുത്തതിനും പുറമേ എൻ. ബാലകൃഷ്ണപിള്ള, ജി. തങ്കപ്പൻ, ആർ. കൃഷ്ണൻ, പി. കൃഷ്ണപിള്ള എന്നിവരെ ഉൾപ്പെടുത്തി ഒരു ഏഴംഗഭരണസമിതിയും തെരഞ്ഞെടുക്കപ്പെട്ടു.

## കൈരളീ ഗ്രന്ഥാലയം കടുക്കച്ചിറ

കൈരളീ ഗ്രന്ഥാലയാംഗങ്ങളുടെ ഒരു പൊതുയോഗം 29-6-53-ൽ കൂടി അടുത്ത വർഷത്തേയ്ക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തിരിക്കുന്നു. മെസ്സേഴ്സ് ഏ. ഒ. ജോസഫ്, എം. സി. മാത്യു, ജോസഫ് ഫിലാത്തോൻ, കെ. റ്റി. മാത്യു എന്നിവരെ യഥാക്രമം പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, സെക്രട്ടറി, ലൈബ്രേറിയൻ എന്നീ സ്ഥാനങ്ങളിലേയ്ക്കും. കെ. റ്റി. അവിര, ജി. ഗോവിന്ദൻനമ്പൂതിരി കെ. എസ്. വക്കി, റ്റി. വി. അബ്രഹാം എന്നിവരെ കമ്മററി അംഗങ്ങളായും തെരഞ്ഞെടുത്തു.

## പബ്ളിക് ലൈബ്രറി കണ്ടല

കണ്ടല പബ്ളിക്ലൈബ്രറി കെട്ടിടം വകയ്ക്കായി കണ്ടല നായർ കരയോഗം വക സ്ഥലത്തിൽനിന്നും കാട്ടാക്കട, ബാലരാമപുരം റോഡ്സൈഡിൽ അഞ്ചുസെൻറു സ്ഥലം രജിസ്റ്റർചെയ്തുതന്നിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

## ജയ്ഹിന്ദ് ഗ്രന്ഥശാല, പുത്തൻതോപ്പ്.

പ്രസ്തുത വായനശാലയുടെ ഒരു പൊതുയോഗം 12-7-'53 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മി. ഫെലിക്സ് ഡിക്രൂസ്, പ്രസിഡൻറ് മി. വഡോറംഫും സി. നെറോ, സെക്രട്ടറി, മി. റോമൻ ഡിക്രൂസ്, ലൈബ്രേറിയൻ ഇങ്ങനെ പതിനഞ്ചു പേരടങ്ങിയ ഒരു കമ്മിററിയെ തിരഞ്ഞെടുത്തു.

## ഭാരതീവിലാസം ലൈബ്രറി, കാരാപ്പുഴ.

12-7-53-ൽ കൂടിയ പൊതുയോഗത്തിൽ വച്ച് വായനശാലയുടെ 1953-56 ലേക്കുള്ള ഭരണസമിതിയിലേക്ക് താഴെ പേർ പറയുന്ന അംഗങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു.

1. ജി. പത്മനാഭൻനായർ—പ്രസിഡൻറ് 2. എം. ജി. സുകുമാരൻനായർ—വൈസ് പ്രസിഡൻറ്. 3. വി. ആർ. പരമേശ്വരൻനായർ 4. വി. ജി. ഗംഗാധരൻ 5. പി. എൻ. സൈമൺ 6. കെ. ജി. ചന്ദ്രശേഖരൻനായർ—ലൈബ്രേറിയൻ 7. കെ. കെ. ഭാസ്കരൻനായർ—സെക്രട്ടറി

### ജയഭാരത് ലൈബ്രറി. 630. മാത്ര.

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ പൊതുയോഗം 1953 ജൂലൈ മാസം 12-ാംനു- ഞായറാഴ്ച വൈകുന്നേരം 4-30 നു് ഗ്രന്ഥശാലാ ഹാളിൽവച്ചു് കൂടുകയുണ്ടായി. റ്റി. കെ. രാമകൃഷ്ണപിള്ള B. Sc. അദ്ധ്യക്ഷം വഹിച്ചു. ടി യോഗത്തിൽവച്ചു് റ്റി. കെ. രാമകൃഷ്ണപിള്ള B. Sc. പ്രസിഡൻറായും വി. എൻ. രാമകൃഷ്ണപിള്ള സെക്രട്ടറിയായും, വി. ശിവൻപിള്ള. പി. ഗോപാലപിള്ള. റ്റി. വി. ഗോപാലപിള്ള. പി. സുബ്ബയ്യാപിള്ള. എസ്. കൃഷ്ണപിള്ള. എസ്. നാരായണൻ. പി. കെ. ചെല്ലപ്പൻ. എന്നിവർ കമ്മററി അംഗങ്ങളായും ഉള്ള ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

### നൂറനാട്ട് എൻ. എസ്. എസ്. ലൈബ്രറി ആൻറു് റീഡിംഗ്റൂം

ടി റീഡിംഗ്റൂമിൻെറ നാലാമതുവാർഷികം 1953-ാംമാണ്ടു് ജൂലൈ 12-ാംനു- ഞായറാഴ്ച കൊണ്ടാടിയിരിക്കുന്നു.

പൊതുയോഗത്തിൽ മുൻപ്രധാനമന്ത്രി ശ്രീ. സി. കേശവൻ അദ്ധ്യക്ഷതവഹിക്കുകയും, അഡ്വക്കേററു് പുഷ്പത്തടം രാഘവൻ, ശ്രീ. വി. ജി. പണിക്കർ, വയലാർ രാമവർമ്മ, ശ്രീ. തോപ്പിൽ ഭാസ്കരപിള്ള മുതലായവർ പ്രസംഗിക്കുകയും ചെയ്തു.

### മീനച്ചൽതാലൂക്ക് ഗ്രന്ഥശാലായൂണിയൻ

ടി യൂണിയൻെറ ഒരു കമ്മിററിയോഗം തീക്കോയി പീപ്പിൾസ് ലൈബ്രറിയിൽവച്ചു പ്രസിഡൻറു് ശ്രീ. ജോൺസൺ ജെ. വള്ളിക്കാപ്പൻെറ അദ്ധ്യക്ഷതയിൽ കൂടി. താലൂക്കിലെ വിവിധഗ്രന്ഥശാലകൾ സന്ദർശിച്ചു് വേണ്ട നിർദ്ദേശം നൽകി അടുത്ത കമ്മിററിൽ റിപ്പോർട്ടു ഹാജരാക്കത്തക്കവിധം നാലു സബ്കമ്മററികളെ തെരഞ്ഞെടുത്തു. യൂണിയൻ കമ്മിററി തീക്കോയി ലൈബ്രറി പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയുണ്ടായി.

### ഗ്രാമീണവായനശാലാ—തിരുവാംകുളം.

ഇവിടത്തെ സർക്കാർ ഗ്രാമീണവായനശാലയുടെ ഒരു കമ്മററിയോഗം സ്ഥിരം പ്രസിഡൻറു് ശ്രീ. കെ. ഐ. കിട്ടു ബി. ഏ. യുടെ അദ്ധ്യക്ഷതയിൽ കൂടി. രാജിവച്ചൊഴിയുന്ന ലൈബ്രേറിയൻ ശ്രീ എൻ. ടി. മത്തായിക്കുപകരം ശ്രീ. തിരുവാംകുളം പത്രോസ് ഞാളിയത്തിനെ പുതിയ ലൈബ്രറിയനായി ഐക്യകണ്ഠേന തിരഞ്ഞെടുക്കുകയുമുണ്ടായി.

### 421-ാം നമ്പർ പെരുമ്പളം ശ്രീകൃഷ്ണവിലാസം, വായനശാല, ഗ്രന്ഥശാല

പ്രസ്തുത വായനശാലയുടെ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനു കൂടിയ യോഗത്തിൽ തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കരും ചേർത്തല എറണാകുളം ഗ്രന്ഥശാലാ ആർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. മൃത്യുഞ്ജയനും ഹാജരുണ്ടായിരുന്നു. ശ്രീ. പി. എൻ. പണിക്കരുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. അതിനെ തുടർന്നു് താഴെ പറയുന്ന മാന്യന്മാരെ മൂന്നുവർഷത്തേക്കു മാനേജിംഗ് കമ്മററിഅംഗങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നു.

കമ്മററിക്കാർ

മെസേഴ്സ്. 1. കെ. എൻ. നാരായണപിള്ള പ്രസിഡൻറു്. 2. സി. എസ്. നീലകണ്ഠൻനായർ സെക്രട്ടറി. 3. പി. എൻ. ശങ്കുണ്ണിപ്പിള്ള. ഖജാൻജി. 4. എൻ. നാരായണൻനായർ ക. മെ. 5. കെ. വി. നാരായണപ്പണിക്കർ. ക. മെ. 6. പി. ഏ. ശിവരാമൻനായർ. ക. മെ. 7. എം. എസ്. ശങ്കരൻ.

### നെടുമുടി സി. വൈ. എം. എ. വായനശാല.

ഒരു സർക്കുലേററിംഗ് ലൈബ്രറി നടത്തുന്നതിനു് ഈ വായനശാലയുടെ 19-7-53-ൽ കൂടിയ കമ്മററി യോഗത്തിൽ പാസ്സാക്കി. ശ്രീ. കെ. റ്റി. തോമസ്സ് കണ്ണാട്ടുമഠത്തിനെ സർക്കുലേററിംഗ് ലൈബ്രേറിയനായി നിയമിച്ചു.

## പൂവത്തൂർ വൈ. എം. എച്ച്. എ വായനശാല.

ഈ വായനശാലയുടെ ഒരു വിശേഷാൽ യോഗം ശ്രീ. കെ. എസ്. നമ്പൂതിരിയുടെ അധ്യക്ഷതയിൽ 53 ജൂലൈ 19-ാം തീയതി കൂടി. യോഗത്തിൽ ശ്രീ. എം. കെ. ശിവരാമൻ (സാഹിത്യവിശാരദ്) എം. എൻ. നാരായണൻ നായർ എന്നിവർ "ഗ്രന്ഥശാലകളും പൊതുജന വിജ്ഞാനവും" എന്നുള്ള വിഷയത്തെക്കുറിച്ച് ഓരോ പ്രസംഗം ചെയ്തു.

## എസ്. എം. ലൈബ്രറി & റീഡിംഗ്റൂം. എറണാകുളം.

ഇളങ്കുളം സെൻട്രൽ പബ്ളിക്ക ഗ്രന്ഥശാല പൊതുയോഗം 21-6-'53-ൽ സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടി. അടുത്ത ഒരു കൊല്ലത്തേയ്ക്കുള്ള ഭരണസമതിയുടെ തിരഞ്ഞെടുപ്പു നടത്തുകയുണ്ടായി. സ്ഥിരം പ്രസിഡൻറായി കെ. ശങ്കരപ്പിള്ളയേയും, വൈസ് പ്രസിഡൻറായി പി. കെ. ഗോവിന്ദപ്പിള്ളയേയും, ഖജാൻജിയായി മുളയ്ക്കൽ ഗോപാലപിള്ളയേയും, സെക്രട്ടറിയായി എ. കെ. ബാലകൃഷ്ണൻനായരേയും, ലൈബ്രേറിയനായി കെ. കെ. പരമേശ്വരൻനായരേയും, കമ്മററി അംഗങ്ങളായി യഥാക്രമം, പി. ശ്രീധരൻനായർ, എം. എൻ. ഗോപാലകൃഷ്ണൻനായർ എൻ. എ. ശങ്കരൻനായർ എം. ററി. പിലിപ്പോസ് കെ. ആർ. സി. ഈ. എൻ. ദാമോദരൻനായർ പി. പി. അയ്യപ്പൻനായർ, എന്നിവരേയും സർവ്വസമ്മതപ്രകാരം തിരഞ്ഞെടുത്തു.

## വി. വി. റീഡിംഗ്റൂം—എടത്വാ

ഈ വായനശാലയുടെ വാർഷിക പൊതുയോഗംകൂടി പുതിയ ഭരണസമതിയേ തിരഞ്ഞെടുത്തു. ആർ. നാരായണൻനായർ B. A. B. Com പ്രസിഡണ്ടു്, കെ.ഈ. ഈപ്പൻ വൈസ് പ്രസിഡണ്ടു്, പി. എൻ. ചാക്കോ സിക്രട്ടറി കെ. സി. തോമ്മസ് ലൈബ്രേറിയൻ.

## കേരളപുരം ഗ്രാമോദ്ധാരണ പബ്ളിക് ലൈബ്രറി ആൻറ് റീഡിംഗ്റൂം

ഈ സ്ഥാപനത്തിൻെറ 13-ാമതു വാർഷികസമ്മേളനം 26-6-53-ൽ കേരളപുരം എം. പി. സ്കൂളിൽവച്ചു കൊണ്ടാടുകയുണ്ടായി. ശ്രീ. കെ. ബാലകൃഷ്ണപിള്ള ബി. ഏ. ബി. എൽ. ആദ്ധ്യക്ഷത വഹിക്കുകയും മെസ്സേഴ്സ് കേരളപുരം കെ. ആർ. വി. ധരൻ, കെ. വാമദേവൻ, എസ്. അരവിന്ദാക്ഷൻ മുതലായവർ പ്രസംഗിക്കുകയും ചെയ്തു.

## ദേശസേവിനി ഗ്രാമോദ്ധാരണ ഗ്രന്ഥശാല കോട്ടുകാൽ

പ്രസ്തുത ഗ്രന്ഥശാലയുടെ കെട്ടിടനിർമ്മാണത്തിലേയ്ക്കായി കോട്ടുകാൽ പകുതിയിൽ ടി ദേശത്തു് സർവേ 218-ൽ 2 ബി. യിൽനിന്നും റോഡുസൈഡിൽ 3 സെൻറു സ്ഥലം, തെക്കേചാലത്തോട്ടത്തു പുത്തൻവീട്ടിൽ ശ്രീമതി ജാനകിപ്പിള്ള നാരായണിപിള്ള സംഭാവനയായിത്തരാമെന്നു സദയം സമ്മതിച്ചിരിക്കുന്നു.

## പബ്ളിക്ലൈബ്രറി, 212-തൃക്കാരിയൂർ

1. പ്രസ്തുത വായനശാലയുടെ 1953-54-ലെ ഭരണസമിതി അംഗങ്ങളായി ശ്രീ എൻ. ഏ. നീലകണ്ഠപ്പിള്ള ബി. ഏ. എൽ. ററി. (പ്രസിഡൻറ്) ശ്രീ. എൻ. എസ്. സൂര്യനാരായണയ്യർ (വൈസ്പ്രസിഡൻറ്) ശ്രീ. ററി. പി. രാഘപ്പണിക്കർ ബി. ഏ. (സെക്രട്ടറി) ശ്രീ. പി. കെ. ദിവാകരൻനായർ (ലൈബ്രേറിയൻ) ശ്രീ. സി. ജി. ഗോവിന്ദൻനമ്പൂതിരി, ശ്രീ. എൻ. ഏ. നാരായണൻനായർ, ശ്രീ. ഈ. എൻ. ഗോവിന്ദൻനമ്പൂതിരി എന്നീ ഏഴുപേരെ തെരഞ്ഞെടുത്തിരിക്കുന്നു.

2. അടുത്തകാലത്തു് പൊതു സ്ഥാപനങ്ങളുടെ നാമം സംബന്ധിച്ചുണ്ടായിട്ടുള്ള അധികൃത ഉത്തരവുകളെ ആദരിച്ചു "തൃക്കാരിയൂർ ജി. വി. പബ്ളിക് ലൈബ്രറി" എന്നായിരുന്ന ഈ വായനശാലയുടെ പേരു് "തൃക്കാരിയൂർ പബ്ളിക് ലൈബ്രറി" എന്നായിരിക്കണമെന്നു്

കഴിഞ്ഞ പൊതുയോഗത്തിൽ നിശ്ചയം ചെയ്തിരിക്കുന്നു.

### എം. കെ. എം. ലൈബ്രറി—വയയ്ക്കല്ലൂർ

പുതുതായി പണിചെയ്ത പ്രസ്തുത ഗ്രന്ഥശാലാ മന്ദിരത്തിൻെറ ഉദ്ഘാടനം പഞ്ചായത്തു പ്രസിഡൻറ് ശ്രീ. പി. ശങ്കരപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ജനറൽസെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ നിർവഹിച്ചിരിക്കുന്നു. യോഗത്തിൽ ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. പി. ജോൺറോസ് കമ്മ്യൂണിററിപ്രോജക്ട് സോഷ്യൽ എഡ്യൂക്കേഷൻ ഓഫീസർ എന്നിവർ പ്രസംഗിക്കുകയുമുണ്ടായി.

### നെയ്യാററിൻകരയിലെ ഗ്രന്ഥശാലകം

ജൂലൈ 29-30-31 എന്നീ തീയതികളിൽ ഗ്രന്ഥശാലാസംഘം ജനറൽസെക്രട്ടറി ശ്രീ. പി. എൻ. പണിക്കരും, നെയ്യാററിൻകര-വിളവംകോട്ട് ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. പി. ജോൺറോസും, നെയ്യാററിൻകര താലൂക്കിലെ പല ലൈബ്രറികളും പരിശോധിക്കുകയുണ്ടായി.

30-ാം തീയതി വയക്കല്ലൂർ എം. കെ. എം. ലൈബ്രറിയുടെ പുതിയ കെട്ടിടം ജനറൽസെക്രട്ടറി ഉൽഘാടനംചെയ്തു.

29-ാം തീയതിയിലെ പരിശോധനയിൽ നെയ്യാററിൻകര താലൂക്കുയൂണിയൻ പ്രസിഡൻറ് ശ്രീ. കൈപ്പള്ളിൽ കൃഷ്ണപിള്ള ബി. ഏ. ബി. എൽ-ഉം സഹകരിച്ചിരുന്നു.

### പാച്ചല്ലൂർ ഗ്രാമീണഗ്രന്ഥശാല

ഈ ഗ്രന്ഥശാലയുടെ ദ്വിതീയവാർഷിക പൊതുയോഗം 12-7-53 ശ്രീ. കെ. ചന്ദ്രശേഖരൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. കെ. ചന്ദ്രശേഖരൻനായർ പ്രസിഡൻറായും, എൻ. ഭരതൻ വൈസ്പ്രസിഡൻറായും, എൻ. രാമകൃഷ്ണപിള്ള സെക്രട്ടറിയായും പി. ശ്രീധരൻ ജായിൻറ്സെക്രട്ടറിയായും, ഏ. വേലപ്പൻനായർ ലൈബ്രേറിയനായും ഒരു പ്രവർത്തക സംഘത്തെ തിരഞ്ഞെടുത്തു.

### മുത്തൂർ പബ്ളിക് ലൈബ്രറി—തിരുവല്ല

ഈ വായനശാലയുടെ 17-ാമതു വാർഷിക യോഗം ശ്രീ. പി. കെ. രാമൻപിള്ളയുടെ അദ്ധ്യക്ഷതയിൽ 26-7-53-ൽ സമ്മേളിച്ചു. അടുത്ത വർഷത്തെ ഭരണസമിതിയിലേയ്ക്കു മെസ്സേഴ്സ് പി. എൻ. രാഘവൻപിള്ള (പ്രസിഡൻറ്) കെ. ആർ. ചന്ദ്രശേഖരൻപിള്ള (സെക്രട്ടറി) എം. എൻ. ഗോപിനാഥൻനായർ (ജോയിൻറ സെക്രട്ടറി) കെ. എൻ. ഈശ്വരപിള്ള (ട്രഷറർ) എന്നിവരെ വീണ്ടും തിരഞ്ഞെടുക്കുകയുണ്ടായി.

### സർക്കാർ ഗ്രാമീണവായനശാല Rg: No. 1209—പറപ്പൂക്കര

സാധാരണ പൊതുയോഗം 1953 ജൂലൈ 24-ാംനു പകൽ 4 മണിക്ക് സ്ഥിരം പ്രസിഡൻറ് ശ്രീ. വി. ജി. കൃഷ്ണമേനോൻ ബി. ഏ. ബി. ടി യുടെ അദ്ധ്യക്ഷതയിൽ കൂടി. പുതിയ ലൈബ്രേറിയനായി ശ്രീ. എൻ. വി. ശേഖരവാരിയരെ തിരഞ്ഞെടുത്തു.

### ദേശാഭിവർദ്ധിനിവായനശാല—കുഴിക്കാലാ

പ്രസ്തുത വായനശാലയുടെ രണ്ടാമതു വാർഷികസമ്മേളനം 1953 ജൂലൈ 5-ാംനു റവ. ഏ. കെ. ജോസഫിൻെറ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ എൻ. ജി. ചാക്കോ ബി. ഏ. ബി. എൽ-ഉം, പി. ഇ. ചെറിയാൻ എം. ഏ. എൽ. എൽ. ബി. യും ഓരോ പ്രസംഗംചെയ്തു.

## ഗ്രന്ഥശാലാസംഘം പ്രവർത്തകസമിതിയോഗം

പ്രവർത്തകസമിതിയോഗം 23-7-53-ൽ സംഘം ആഫീസിൽവച്ചു കൂടി. യോഗത്തിൽ ശ്രീ. കെ. എം. അഗസ്റ്റിൻ ആദ്ധ്യക്ഷ്യംവഹിച്ചു.

പ്രധാന തീരുമാനങ്ങൾ

1. 1953 മെയ് ജൂൺ എന്നീ മാസങ്ങളിലെ മാസാന്ത്യക്കണക്കുകൾ പരിശോധിച്ചു അംഗീകരിച്ചു.

2. 11 വായനശാലകളെ അംഗീകരിച്ചു.

3. സംയോജനംമൂലവുംമററും അതതു സ്ഥലത്തു കൂട്ടതലായി ഉണ്ടായിരുന്നതും പ്രവത്തനമില്ലാത്തതുമായ 11 വായനശാലകളുടെ അംഗത്വം റദ്ദചെയ്തു.

4. ജനറൽസെക്രട്ടറിയുടെ 1953 ജൂൺ മാസത്തെ പ്രവത്തനറിപ്പോർട്ടിന്റെ സംഗ്രഹം വായിച്ചു അംഗീകരിച്ചു.

മററു പല തീരുമാനങ്ങൾക്കുശേഷം യോഗം 9 മണിക്കു് അവസാനിച്ചു.

## ഗ്രന്ഥശാലാ പ്രവത്തകരുടെ ശ്രദ്ധയ്ക്കു്

1. 1953-54-ലേയ്ക്കു ഗ്രാൻറിനു അപേക്ഷിച്ചിട്ടില്ലാത്തവർ എത്രയും വേഗം അപേക്ഷ അയയ്ക്കേണ്ടതാണു്. അപേക്ഷഫാറത്തിന്റെ മാതൃക ജൂൺ ലക്കം ഗ്രന്ഥാലോകത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

2. 1952-53-ലെ ഗ്രാൻറു തുകയ്ക്കുവാങ്ങിയ പുതിയ പുസ്തകങ്ങളുടെ ഡ്യൂപ്ലിക്കേററു് ബില്ലു് അയച്ചിട്ടില്ലാത്തവർ അതും ഉടനെ അയച്ചുതരേണ്ടതാണു്. ബില്ലിൽ സ്റ്റോക്കു രജിസ്റ്ററിൻപ്രകാരം പുതിയ പുസ്തകം ഏതു നമ്പർ മുതൽ ഏതു നമ്പർവരെ ചേത്തുവെന്നുള്ളതും കാണിക്കണം.

യഥാകാലം പുതിയ പുസ്തകങ്ങൾ വാങ്ങാതിരിക്കുന്നതുമൂലം ലൈബ്രറി പ്രവത്തനത്തിനു സാരമായ കുറവുനേരിടുമെന്നുള്ളതിനാൽ പ്രവത്തകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അടുത്ത ഗ്രാൻറു പരിശോധനയിൽ പുതിയ പുസ്തകങ്ങൾ യഥാസമയം വാങ്ങിയിട്ടുള്ളതിനെ ഒരു യോഗ്യതാമാനദണ്ഡമായി പരിഗണിക്കുന്നതാണു്.

3. സംഘത്തിലേയ്ക്കുള്ള എല്ലാ കുടിശ്ശികത്തുകകളും ഉടൻതന്നെ അയച്ചുതരേണ്ടതുമാണു്.

ജനറൽസെക്രട്ടറി.

---

## അംഗഗ്രന്ഥശാലകൾ (തുടർച്ച)

1457—ഗ്രാമീണ വായനശാല, കണ്ടാണിശ്ശേരി, Via-കുന്നംകുളം.
1458—മുനിസിപ്പൽ ലൈബ്രറി & റീഡിംഗ്റൂം, തക്കല.
1459—സക്കാർ ഗ്രാമീണവായനശാല, വെളിയനാടു്, ആരക്കുന്നം.
1460—വൈ. എം. എ. ഗ്രന്ഥശാല, കവലിയൂർ, മൂങ്ങോടു് Po.
1461—ആനന്ദാശ്രമം പബ്ളിക്ക്ലൈബ്രറി, ചങ്ങനാശ്ശേരി.
1462—ജ്ഞാനോദയം ഗ്രന്ഥശാല, കോട്ടപ്പടി, തൃക്കാരിയൂർ.
1463—ജയ്ഹിന്ദ് ഗ്രന്ഥശാല & വായനശാല, കൈതവന, ആലപ്പുഴ.
1464—ദേശീയസമാജം വായനശാല, വാടാച്ചേരി, തൃക്കാരിയൂർ.
1465—ജയ്ഹിന്ദ് ഗ്രന്ഥശാല & വായനശാല, കുന്നം, എഴുമററൂർ.
1466—സക്കാർ ഗ്രാമീണവായനശായ, കിരാലൂർ, വേലൂർ.
1467—വില്ലേജ് ലൈബ്രറി, പാർളിക്കാടു്, (തലപ്പിള്ളി)

---

എൻ. ബി. എസ്സ്.-ൻെറ

# പുതിയതും പഴയതും

| | | | | |
|---|---|---|---|---|
| സാഹിത്യവിചാരം | എം. പി. പോൾ | 2 | 0 | 0 |
| രാജ്യദ്രോഹി (നോവൽ) | യശ്പാൽ | 3 | 0 | 0 |
| തോട്ടി ,, | നാഗവള്ളി | 1 | 8 | 0 |
| മോണ്ടിക്രിസ്റ്റോ ,, | അലക്സാണ്ടർ ഡ്യൂമാസ് | 7 | 0 | 0 |
| അകവും പുറവും | ടി. എൻ. ഗോപിനാഥൻനായർ | 1 | 4 | 0 |
| മഹാകവി വള്ളത്തോൾ | കുററിപ്പുറം | 1 | 8 | 0 |
| തെണ്ടിവർഗ്ഗം (പുതിയപതിപ്പ്) | തകഴി | 1 | 0 | 0 |
| കുഞ്ചൻെറശേഷം | മാടശ്ശേരി മാധവവാരിയർ | 5 | 0 | 0 |
| ചുവന്നകഥകൾ | മാക്സിംഗോർക്കി | 0 | 12 | 0 |
| ഭാഷയും സാഹിത്യവും (A Critical Survey) | ആററൂർ | 1 | 4 | 0 |
| ജ്വാലയും പൂവും | കിഷൻചന്ദർ | 1 | 8 | 0 |
| ഇവൻ എൻെറപ്രിയപുത്രൻ | സി. ജെ. തോമസ് | 1 | 8 | 0 |
| ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു | കേശവദേവ് | 1 | 0 | 0 |
| ബലി (നാടകം) | കെ. സുരേന്ദ്രൻ | 1 | 4 | 0 |
| ജനനനിയന്ത്രണം | Dr. സി. ആർ. നാരായണൻ | 3 | 0 | 0 |
| ലുബ്ലിൻ (തർജ്ജമ) | എം. പി. പോൾ | 1 | 8 | 0 |
| പത്തുകഥാകാരന്മാർ | ടാററാപുരം സുകുമാരൻ | 1 | 0 | 0 |
| ഒഴുക്കുകൾ (നോവൽ) | കൈനിക്കര പത്മനാഭപിള്ള | 2 | 8 | 0 |
| മോഹനപത്നി | ബങ്കിം ചന്ദ്രചാററർജി | 1 | 12 | 0 |
| ആശ്രമത്തിലെനർത്തകി | ബി. സി. വർമ്മ | 1 | 8 | 0 |
| ചുമട്ടുതാങ്ങി (പുതിയപതിപ്പ്) | നാഗവള്ളി | 1 | 8 | 0 |
| രണ്ടുലോകം ,, | നാഗവള്ളി | 1 | 4 | 0 |
| കൊച്ചനുജത്തി ,, | കാരൂർ | 1 | 0 | 0 |
| കുമാരഗീതങ്ങൾ | എം. എസ്. കുമാരൻനായർ | 1 | 4 | 0 |
| ഭരണഘടനകൾ | എം. പ്രഭ | 2 | 8 | 0 |
| മോളെൻെറ മോൻനിൻെറ | ആനിജോസഫ് | 2 | 0 | 0 |
| ഭാരതപര്യടനം | കുട്ടികൃഷ്ണമാരാര് | 2 | 0 | 0 |
| വിലാസകുമാരി | പള്ളത്തു് രാമൻ | 1 | 4 | 0 |
| കുററവിസ്താരകഥകൾ | വി. മാധവൻനായർ | 1 | 8 | 0 |
| തകർന്നതലമുറ (പുതിയപതിപ്പ്) | ലളിതാംബിക അന്തർജ്ജനം | 1 | 4 | 0 |
| ശിശുജനനം | ഹെലൻ തോമസ് | 2 | 8 | 0 |
| ഈ. വി. സ്മരണകൾ (2 ഭാഗം) | സി. ഐ. രാമൻനായർ | 3 | 0 | 0 |
| ചുമട്ടുകാരൻെറ പെണ്ണ് | പുളിമൂട്ടിൽ | 1 | 4 | 0 |
| ലളിത (നോവൽ) | കെ. ജി. വറുഗീസ് | 1 | 8 | 0 |
| വെൺമണി ,, | കെ. ഭാരതിഅമ്മ | 1 | 0 | 0 |
| അമ്മിണി ,, | ഇസഡ്. എം. പാരട്ട് | 2 | 0 | 0 |
| സ്റ്റാലിൻ (ജീവചരിത്രം) | നാലാങ്കൽ | 1 | 4 | 0 |
| ടെസ്സ് (നോവൽ) | തോമസ്ഹാർഡി | 2 | 0 | 0 |
| ഘോഷയാത്ര (പുതിയപതിപ്പ്) | തകഴി | 1 | 0 | 0 |
| നോവൽ സാഹിത്യം ,, | എം. പി. പോൾ | 2 | 8 | 0 |

NATIONAL BOOK STALL, POST BOX 40, KOTTAYAM.

L. No. 592 20-7-'48, Reg. No. T. 189 M. 5854

THE GRANDHALOKAM
**Monthly Journal of**
**Trav-Cochin Library Association**
*Managing Editor:*
P. SREEDHARAN PILLAI B. A.

## പരസ്യനിരക്കു്

| | ക്ക. |
|---|---|
| പുറം കവർ മുഴുവൻപേജ് ഒരുതവണക്കു് | 70 |
| രണ്ടാം കവർ പേജ് | 60 |
| മൂന്നാം കവർ പേജ് | 50 |
| വേറെ ഏതെങ്കിലും പേജ് | 40 |
| പകുതിപേജ് | 25 |
| കാൽപേജ് | 15 |
| കാൽപേജിൽ കുറവായാൽ | 10 |

മൂന്നുമാസമോ കൂടുതലോ കാലത്തേയ്ക്കുള്ള പരസ്യങ്ങൾക്കു കുറഞ്ഞ പ്രത്യേകനിരക്കു്. അതിൻെറ വിവരം എഴുതിച്ചോദിക്കുക.

## ലേഖനങ്ങൾ

കടലാസ്സിൻെറ ഒരു വശത്തുമാത്രം മഷി കൊണ്ടു് എഴുതിയതായിരിക്കണം. അഭി പ്രായത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതി വീതം അയച്ചിരിക്കണം. മാസികയ്ക്കുള്ള അപേക്ഷകൾ, മണിയാർഡറുകൾ, കത്തു കൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ എല്ലാം ചുവടേ ചേർക്കുന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണു്.

മാനേജിംഗ് എഡിററർ
ഗ്രന്ഥാലോകം
തിരുവനന്തപുരം 4.

Vol. 5, No. 7, Pp. 48, July 1953.

Printed and published by P. N. Panicker for the Travancore-Cochin Grandhasala Samgham at the Prakash Printing & Publishing House, Trivandrum.